# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2023 മെയ്, വോള്യം: 11 ലക്കം: 9

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

08 ഇന്ത്യാചരിത്രം
വർഗീയ വ്യാഖ്യാനങ്ങളെ ചെറുക്കുക
ഡോ. സുനിൽ പി. ഇളയിടം

13 വർഗ്ഗീയതയും സാമ്രാജ്യത്വ മൂലധന വ്യവസ്ഥയും
കെ.ടി.കുഞ്ഞിക്കണ്ണൻ

19 ഡോളറാധിപത്യം നേരിടുന്ന ഭീഷണികൾ
പ്രഭാത് പട്നായിക്

23 ഫാക്ടറികളിൽ സമ്പത്തുണ്ട്, ജീവിതമില്ല
വിജയ് പ്രഷാദ്

കാലാവസ്ഥാവ്യതിയാനം
WMO, IPCC റിപ്പോർട്ടുകൾ ഒരു മുന്നറിയിപ്പ്
ജോസ് ടി എബ്രഹാം 28

മാധ്യമ സ്വാതന്ത്ര്യം 33 കെ.എസ്. സുനിൽകുമാർ

വന്ദേ ഭാരത് ട്രെയിൻ 34 ആർ ജി പിള്ള

ആധുനിക വ്യവസായ രംഗത്തെ തൊഴിൽ മാറ്റങ്ങൾ 37 എൻ. പത്മലോചനൻ

ഷോപ്പ് തൊഴിലാളികൾ പ്രക്ഷോഭത്തിലേക്ക് 39 അഡ്വ.പി. സജി

ബദൽ നയങ്ങളുയർത്തി കേരളം മുന്നോട്ട് 43

സംഘടനാ വാർത്തകൾ 46

വാർഷിക വരിസംഖ്യ : 200 രൂപ

മുഖപ്രസംഗം

# വർഗ്ഗീയതക്കെതിരെ അണിനിരക്കുക

ഇടത്‌വലത്‌മദ്ധ്യ സ്വഭാവമുള്ള ഏത് രാഷ്ട്രീയ ശക്തി അധികാരത്തിൽ വന്നാലും, ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയുടെ ഭാഗമായ തെരഞ്ഞെടുപ്പിലൂടെ പുറത്ത് പോയാലും താരതമ്യേന പുരോഗമനജനാധിപത്യ സ്വഭാവത്തിലുള്ള രാഷ്ട്രഘടന, അതിന്റെ ജനാധിപത്യ മതനിരപേക്ഷ അടിത്തറ, ദുർബലപ്പെടാതെ നിലനിൽക്കുമെന്ന അവകാശവാദം ശക്തമായിരുന്നു. ഏത് തരത്തിലുള്ള രാഷ്ട്രീയ ശക്തികളായാലും, അത് ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയുടെ ഭാഗമായ അധികാരം പങ്കിടുകമാത്രമെ ചെയ്യൂ എന്നായിരുന്നു വാദം. സമാന സ്വഭാവമുള്ള അധികാരകേന്ദ്രങ്ങളായ സിവിൽ ബ്യൂറോക്രസി, 'സ്വതന്ത്ര' നീതിന്യായ വ്യവസ്ഥ, സ്വതന്ത്രമായി പ്രവർത്തിക്കുന്ന മാധ്യമമേഖല, രാഷ്ട്രീയ പ്രബുദ്ധ പൗരസമൂഹം എന്നിവ, രാഷ്ട്രീയ കേന്ദ്രങ്ങളെ നിയന്ത്രിച്ച് നിർത്തിയിരുന്നു. സ്വാതന്ത്ര്യാനന്തര, ഇന്ത്യൻ രാഷ്ട്രീയ അവസ്ഥ പൊതുവിൽ ഈവിധമായിരുന്നു.

എന്നാൽ 1990 മുതൽ 2015 വരെയുള്ള കാലത്തും, പ്രത്യേകിച്ച് 2014 ലെ തെരഞ്ഞെടുപ്പിന് ശേഷം തീവ്രമായും, വലതുപക്ഷ ശക്തികൾ, പുരോഗമന ജനാധിപത്യ കേന്ദ്രത്തിലേക്ക് നീങ്ങുകയല്ല ചെയ്യത്. ഭരണകേന്ദ്രം, വലത്തോട്ട് നീങ്ങുകയാണ് സംഭവിച്ചത്. ഇന്ത്യൻ രാഷ്ട്രീയം, ചരിത്രപരമായ കീഴ്‌വഴക്കങ്ങൾക്ക് വിപരീതമായ ഒരു പ്രക്രിയക്ക് വിധേയമായിരിക്കുകയാണ്. തീവ്രവലതുപക്ഷത്തിന്റെ അപ്രതിരോധ്യമായ കടന്ന് കയറ്റമാണ്, ദൃശ്യമാവുന്നത്. പ്രത്യേകിച്ച് സംസ്കാരം, സമൂഹം, ആശയം, സമ്പദ്ഘടന എന്നീ മേഖലകളിലെല്ലാം, തീവ്രവലതുപക്ഷം പിടി മുറുക്കി കഴിഞ്ഞു. ഈ ദീർഘയാത്ര, ഭരണഘടനാസ്ഥാപനങ്ങളെ മുഴുവൻ സാവകാശത്തിൽ കീഴടക്കലിൽ ചെന്ന് നിൽക്കും. ഇടത്‌വലത് ശക്തികൾ, നേരിട്ട് ഉപരോധിച്ച് ഭരണകൂടം കീഴ്പ്പെടുത്തിയ മുൻകാല ചരിത്ര സംഭവങ്ങൾക്ക് സമാനമല്ല ഈ പ്രക്രിയ. ഭരണഘടന ഉയർത്തിപ്പിടിക്കുന്ന എല്ലാ പുരോഗമന തത്വങ്ങളെയും നിഷ്കാസനം ചെയ്ത്, എല്ലാ ഭരണകേന്ദ്രങ്ങളും അധീനപ്പെടുത്തുക എന്ന പ്രക്രിയയാണ് നടക്കുന്നത്. പുരോഗമനജനാധിപത്യ പാരമ്പര്യമുണ്ടായിരുന്ന ഈ സ്ഥാപനങ്ങളെ തന്നെ ഉപയോഗിച്ച് തീവ്രവലത് പക്ഷ അജണ്ട പ്രാവർത്തികമാക്കാൻ കഴിയുമോ എന്നാണിനി അറിയാനുള്ളത്.

നാസി ആശയസംഹിതയോട് വളരെ അടുത്ത് സാമ്യമുള്ള സാമുദായിക സാംസ്കാരിക ആശയങ്ങളാണ് നരേന്ദ്രമോദിയും സംഘവും ഉയർത്തിപ്പിടിക്കുന്നത്. രാജ്യത്തെ കോർപറേറ്റുകളുടെ ഏതാണ്ട് പൂർണമായ പിന്തുണയും നരേന്ദ്രമോദി നേടി. ഈ അവസ്ഥ ഒരു കാര്യം നമ്മെ ഓർമിപ്പിക്കുന്നു. "സർക്കാരും കോർപറേറ്റുകളും ഐക്യത്തിലാവുന്ന അവസ്ഥയാണ്, ഫാസിസം" എന്ന് മുസോളിനിയുടെ വിശകലനം!

നാസിഫാസിസ്റ്റ് ഭരണകൂടങ്ങളെപ്പോലെയോ, ഇസ്ലാമിസ്റ്റ് പട്ടാള ഭരണകൂടങ്ങളെപോലെയോ, പ്രവർത്തിക്കുന്ന സ്വഭാവത്തിലല്ല മോഡി സർക്കാർ, ഇവർ ജനാധിപത്യവ്യവസ്ഥയെ പാടെ തള്ളിക്കളഞ്ഞിട്ടില്ല. "തീവ്രവലതുപക്ഷ" സ്വഭാവത്തിൽ നിന്ന് വ്യത്യസ്തമാണ് ഈ അവസ്ഥ. തീവ്ര വലതുപക്ഷ സ്വഭാവത്തെ പ്രതിനിധീകരിക്കുന്ന ആർ.എസ്സ്.എസ്സിന്റെ രാഷ്ട്രീയ മുഖമാണ് ബി.ജെ.പി. തെരഞ്ഞെടുപ്പുകളെ നേരിടാൻ, ആയിരക്കണക്കിന് വളണ്ടിയർമാരെ പരിശീലിപ്പിച്ചെടുക്കുക എന്ന ദൗത്യം ബി.ജെ.പി നിർവഹിക്കുന്നുണ്ട്. ബിജെപി ഇന്ത്യൻ ഭരണഘടനയ്ക്ക് പല ഭേദഗതികളും

നിർദ്ദേശിക്കുന്നുണ്ടെങ്കിലും, ഭരണഘടന പരസ്യമായി 'അംഗീകരിച്ച്' ഭരണത്തിൽ പങ്കാളിയാവുന്നു. ഭരണഘടന പ്രകാരമുള്ള തെരഞ്ഞെടുപ്പുകളിൽ പങ്കാളികളാവുന്ന ബിജെപി, സാമൂഹ്യരംഗത്ത് മുസ്ലീം-ക്രിസ്ത്യൻ ജനവിഭാഗങ്ങൾക്ക് നേരെ ആക്രമണങ്ങൾ നടത്തുന്നത്, ഒരു സ്വഭാവമാക്കി മാറ്റിയിരിക്കുന്നു. ഗോഹത്യ, നിർബന്ധ മതപരിവർത്തനം തുടങ്ങിയ ആരോപണങ്ങൾ ഉന്നയിച്ചാണ് ഈ ആക്രമണങ്ങൾ നടത്തുന്നത്. ഭരണഘടനാതത്വങ്ങൾ പൂർണമായി നിഷേധിക്കാത്ത ബിജെപിയുടെ ഇന്നത്തെ നിലപാട്, എത്രകാലം തുടരുമെന്ന് പറയാനാവില്ല.

വ്യത്യസ്ത തലങ്ങളിലുള്ള തീവ്ര വലതുപക്ഷ ആശയങ്ങൾ പ്രചരിപ്പിക്കുന്ന ബിജെപിക്കും, ആർ.എസ്സ്.എസ്സിനും, ആയിരക്കണക്കിന് വ്യത്യസ്ത സംഘങ്ങൾ, വിവിധ മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ജാതി, തൊഴിൽ, ഭാഷ, പ്രദേശം, സംസ്കാരം എന്നീ മേഖലകളിലെല്ലാം, ഈ സംഘങ്ങൾ 'മാരീച' വേഷത്തിൽ വ്യാപകമാണ്. ലോകത്ത് ഇന്ത്യയെപ്പോലെ വൈവിദ്ധ്യങ്ങൾ നിറഞ്ഞ് നിൽക്കുന്ന മതജാതി, ദേശീയഭാഷാ പ്രാദേശിക സംസ്കാരം തുടങ്ങിയ വൈജാത്യങ്ങൾ രാജ്യം ലോകത്ത് വേറെയില്ല. ഈ വൈവിദ്ധ്യങ്ങളെ ഏകോപിപ്പിച്ച് ആർ.എസ്സ്.എസ്സ് ആഗ്രഹിക്കുന്ന വിധം ഏകാത്മകതയിലേക്ക് കൊണ്ട് വരൽ, ദീർഘകാലം കൊണ്ട് മാത്രം നേടാവുന്ന ഒരു ലക്ഷ്യമാണ്. കേവലം തെരഞ്ഞെടുപ്പിൽ ജയിച്ച് ബിജെപിയുടെ സർക്കാരുണ്ടാക്കൽ അല്ല ആർ.എസ്സ്.എസ്സ് ലക്ഷ്യം. മറിച്ച് ഇന്ത്യൻ സമൂഹത്തിലെ വിവിധ മേഖലകളിൽ സംസ്കാരം, ചരിത്രം, വിദ്യാഭ്യാസം മുതലായവ സ്വാധീനമുറപ്പിച്ച്, ഏകാത്മകമായ ഒരു സാമൂഹ്യഘടന വാർത്തെടുക്കലാണ് അവരുടെ ലക്ഷ്യം.

1925 ലാണ് ആർ.എസ്സ്.എസ്സ് രൂപം കൊണ്ടത്. ദീർഘമായ ഒരു ചരിത്രപ്രക്രിയയിലൂടെയാണ് ഇന്ത്യൻ രാഷ്ട്രീയത്തിൽ ആർ.എസ്സ്.എസ്സ് എന്ന തീവ്ര വലതുപക്ഷ സംഘടന രൂപം കൊണ്ടത്. ഇന്ത്യൻ ജനതയിൽ 80 ശതമാനത്തോളം വരുന്ന ഹൈന്ദവജനതയെ, സാംസ്കാരികവും ചരിത്രപരവും മതപരവുമായ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ ഒന്നിപ്പിക്കുക, അവരെ മുസ്ലീം, ക്രിസ്ത്യൻ സമുദായങ്ങൾക്കെതിരെ ശത്രുതാമനോഭാവത്തിലെത്തിക്കുക എന്ന ലക്ഷ്യം നേടാനായാൽ, സുശക്തമായ ഒരു വോട്ട് ബാങ്ക് ഉറപ്പിക്കാനാവുമെന്ന് സംഘപരിവാർ ശക്തികൾ കണക്ക് കൂട്ടുന്നു. ജർമ്മനിയിൽ ജൂതന്മാരെ ശത്രുപക്ഷത്ത് നിർത്തി നാസികൾ ചെയ്തതിന് സമാനമായ തന്ത്രമാണിത്. ഇന്ത്യൻ ഭരണഘടനയനുസരിച്ച് തന്നെ,ഭരണം കരസ്ഥമാക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാനാവുമെന്ന് ആർ.എസ്സ്.എസ്സ് കണക്ക് കൂട്ടുന്നു. മതന്യൂന പക്ഷങ്ങൾക്ക് നേരെ, തുടർച്ചയായി ആക്രമണങ്ങൾ അഴിച്ചുവിട്ട് ഭൂരിപക്ഷ വർഗീയതയെ പ്രീണിപ്പിച്ച്, ജനാധിപത്യ വ്യവസ്ഥയിൽ തന്നെ തങ്ങളുടെ ലക്ഷ്യം നേടാനാവുമെന്ന് സംഘപരിവാർ കരുതുന്നു. രാജ്യത്തിന്റെ പല ഭാഗങ്ങളിലായി നടന്നുവരുന്ന വർഗീയാതിക്രമങ്ങൾ നോക്കിയാൽ ഇത് മനസ്സിലാവും.

യൂറോ അമേരിക്കൻ രാഷ്ട്രീയത്തിൽ, മേൽപ്പറഞ്ഞ അവസ്ഥക്ക് സമാനമായ സാഹചര്യം ഇല്ല. എന്നാൽ, തെല്ലെങ്കിലും സമാനമായ സാഹചര്യം ഉപമിക്കാവുന്നത്. ചില മുസ്ലീം ഭരണാധികാരികളുടെ സ്വഭാവത്തോടാണ് 'സലഫിസ'ത്തിന്റെ ഉപജ്ഞാതാവായ 'റാഷിദ് റിദാ'യുടെ നടപടികളെയും, "ഇഖ്വാനുൽ മുസ്ലീമുൻ" (മുസ്ലീം ബ്രദർ ഹുഡ്) സ്ഥാപിച്ച "ഹസൻ അൽ ബന്ന"യുടെ ചെയ്തികളോടാണ്, ഇതിന് തെല്ലെങ്കിലും സാമ്യം. ആനുകാലിക രാഷ്ട്രീയത്തിൽ മേൽപറഞ്ഞവയ്ക്ക് സമാനമായ രാഷ്ട്രീയ സാഹചര്യം ഉള്ളത് ടുണീഷ്യയിലെ "അൽനഹ്ദ" പോലുള്ള പ്രസ്ഥാനങ്ങൾക്കാണ്. മതപരവും, സാംസ്കാരികവും, ആശയപരവുമായ മേധാവിത്വം നേടിക്കഴിഞ്ഞാൽ, ജനാധിപത്യവ്യവസ്ഥയിൽ തന്നെയാണെങ്കിലും കുഴപ്പമില്ല എന്നതാണ് ആർ.എസ്സ്.

എസ്സ് ചിന്ത. സാമ്രാജ്യത്വ പിന്തുണയോടെയും, കോർപറേറ്റ് സഹായത്തോടെയും, മത -സാംസ്കാരിക മേഖലകളിൽ സ്വാധീനമുറപ്പിച്ചാണ് ജനാധപത്യ വ്യവസ്ഥ തകർക്കാതെ തന്നെ ഉന്നം നേടാനാവും.

ബിജെപി, ബ്രിട്ടനിലെ 'ടോറി' പാർടി പോലെയോ, അമേരിക്കയിലെ 'റിപ്പബ്ലിക്കൻ' പാർടിയെപോലെയോ കേവലം ഒരു വലതുപക്ഷ രാഷ്ട്രീയ പാർടിയല്ല. ഇന്ത്യയുടെ രാഷ്ട്രീയ മതസാംസ്കാരിക മേഖലകളിലാകെ സ്വാധീനം ഉറപ്പിക്കാൻ പദ്ധതിയിട്ട് പ്രവർത്തിക്കുന്ന ആർ.എസ്സ്.എസ്സ് എന്ന സംഘടനയുടെ രാഷ്ട്രീയമുഖമാണ്. ലോകത്തിലെ ഏറ്റവും വലിയ "ജനാധിപത്യ" രാഷ്ട്രീയ കക്ഷി എന്ന പ്രതീതി അവർക്കുണ്ട്. ആർ.എസ്സ്.എസ്സ് ലക്ഷ്യം നേടാൻ ഒരു ധൃതിയും കാണിക്കാതെ ക്ഷമയോടെ പ്രവർത്തിക്കുകയാണ്. 97 വർഷം അവർ കാത്തിരുന്നു, ഇനിയും കാത്തിരിക്കാൻ സന്നദ്ധരുമാണ്. ഒരു തെരഞ്ഞെടുപ്പിലെ വിജയം, ഒരദ്ധ്യായം മാത്രം. അത് വിശകലനം ചെയ്ത്, അടുത്ത ലക്ഷ്യമാക്കി പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. ബി.ജെ.പിക്ക് മുമ്പ്, ഏറ്റവും ഒടുവിൽ 1984 ൽ ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടതിന് ശേഷം നടന്ന തെരഞ്ഞെടുപ്പിലാണ് കോൺഗ്രസ്സ് ലോകസഭയിൽ കേവലഭൂരിപക്ഷം നേടിയത്. അതിന് ശേഷം, ഒരു പാർടിക്കും, പാർലമെന്റിൽ കേവല ഭൂരിപക്ഷം നേടാൻ കഴിയില്ലെന്നായിരുന്നു ഒരു ധാരണ. രാജ്യം മുന്നണി ഭരണകാലത്തേക്ക് കടന്നു. എന്നാൽ 2014 ൽ ബിജെപി 282 സീറ്റ് നേടി കേവല ഭൂരിപക്ഷം നേടി. എന്നാൽ എൻ.ഡി.എ എന്ന മുന്നണിയായിട്ടാണ് നിലയുറപ്പിച്ചത്.

ഈ കാലത്ത് കോൺഗ്രസ്സ് വലിയ തകർച്ച നേരിട്ടു. മുൻ പാർലമെന്റിൽ തകർച്ച നേരിട്ടു. മുൻപാർലമെന്റിൽ 206 സീറ്റുണ്ടായിരുന്നത്, 2014 ൽ 44 ആയി കുറഞ്ഞു. 1947 നു ശേഷം ഏറ്റവും കുറഞ്ഞ എണ്ണം. നയപരമായ പ്രശ്നങ്ങളിൽ ബിജെപിയും കോൺഗ്രസ്സും തമ്മിൽ ഒരു വ്യത്യാസവുമുണ്ടായിരുന്നില്ല. ബിജെപി ഒരു വർഗ്ഗീയ പാർടിയാണെന്ന വ്യത്യാസം മാത്രം. ഈ കാലത്ത് മറ്റൊന്ന് കൂടി സംഭവിച്ചു. ഒരു പാർലമെന്റംഗത്തിന്റെ ശരാശരി ആസ്തി 2.3 മില്യൻ ഡോളർ ആയി ഉയർന്നു. മുൻ പാർലമെന്റിൽ ഇന്ന് 850000 ഡോളറായിരുന്നു. മഹാഭൂരിപക്ഷം ജനത, ദിവസേന 2 ഡോളർ വരുമാനം കൊണ്ട് ജീവിക്കുന്ന ഒരു രാജ്യത്താണ് ഇത് സംഭവിച്ചത്.

2002 ലെ ഗുജറാത്ത് വംശഹത്യകാലത്തെ മുഖ്യമന്ത്രിയായിരുന്നു മോഡി. ഇദ്ദേഹത്തെ തീവ്ര വലതുപക്ഷ വാർഗീയവാദികൾ ആവേശത്തോടെയാണ് സ്വീകരിക്കുന്നത്. ഗുജറാത്ത് കലാപശേഷം, മോഡിക്ക് അമേരിക്ക വിസ നിഷേധിച്ചിരുന്നു. ബ്രിട്ടനും അകൽച്ച പാലിച്ചിരുന്നു. അമേരിക്ക വിസ നിഷേധിച്ചതിൽ, പ്രതിഷേധിച്ചവരുടെ കൂട്ടത്തിൽ, മുൻ പ്രധാനമന്ത്രി മൻമോഹൻസിംഗും ഉണ്ടായിരുന്നു. സമ്പന്നവർഗ്ഗത്തിനും, ഉയർന്ന ഇടത്തരക്കാർക്കും തല്പരനായ മോഡിയെ പുകഴ്ത്താൻ, എല്ലാ വലത്പക്ഷക്കാരും ഒന്നിച്ചു.

ഇന്ത്യയിലെ കോർപറേറ്റ് സിഇഒമാർ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ) ഒറ്റക്കെട്ടായി, മോഡിക്ക് ചുറ്റും അണിനിരന്നു. പ്രധാനമന്ത്രി പദത്തിന് ഏറ്റവും അനുയോജ്യൻ മോഡിയാണെന്നായിരുന്നു അവരുടെ വാദം. ഇന്ത്യയിൽ, ഏറെ വ്യവസായവൽക്കരിക്കപ്പെട്ട, ഗുജറാത്ത് വ്യവസായികളാണ് മറ്റുള്ളവരെയെല്ലാം മോഡിക്കനുകൂലമായി സംഘടിപ്പിച്ചത്. മുംബൈ ആസ്ഥാനമാക്കിയ കുത്തക കമ്പനികളും, ബ്രിട്ടൻ, അമേരിക്ക എന്നിവിടങ്ങളിലെ ഇന്ത്യൻ വംശജരായ വൻകിടവ്യവസായികളും മോഡിക്ക് വലിയ പിന്തുണ നല്കിയിരുന്നു. അവർ തെരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് വൻ തുകകൾ സംഭാവനയായി നല്കി. ഇത് ഇലക്ട്രോണിക്, അച്ചടി മാധ്യമങ്ങളിലെല്ലാം, മോഡിക്കനുകൂലമായ പ്രചരണം നടത്താൻ എളുപ്പമാക്കി. മോഡി, സമ്പന്നരുടെ ദൃഷ്ടിയിൽ "വികാസ് പുരുഷ്" ആയി മാറി. സമ്പന്ന വർഗ്ഗ പിന്തുണയാൽ അമേരിക്കൻ പ്രസിഡന്റ്

തെരഞ്ഞെടുപ്പിൽ, ഒബാമ ചെലവഴിച്ചതുപോലുള്ള പണം ചെലവഴിക്കാൻ സാധിച്ചു. മറ്റുള്ളവർക്ക്, ഇതിന്റെ അടുത്തൊന്നും എത്താനായില്ല.

2014 ലും 2019 ലും, പാർലമെന്റ് തെരഞ്ഞെടുപ്പുകൾ, ഒട്ടേറെ പ്രത്യേകതകൾ ഉണ്ടായിരുന്നു. ഏറ്റവും പ്രധാനം പണച്ചെലവ്. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിനോടുപമിക്കാവുന്ന വിധം ചെലവഴിച്ചു. കോർപറേറ്റ് പിന്തുണയാണ്, മോഡിക്ക് ഇത് സാദ്ധ്യമാക്കിയത്. സംഘപരിവാർ കാഡർമാർ പോലും, മോഡിയുടെ തെരഞ്ഞെടുപ്പ് കാലത്ത്, തെരഞ്ഞെടുപ്പ് സംവിധാനത്തിൽ നിന്ന് വലിയ സഹായം കൈപ്പറ്റി. അവർ മാതൃസംഘടനയോടുള്ളതിനേക്കാൾ അടുപ്പം, മോഡിയോടായി.

മറ്റൊരു പ്രധാനപ്പെട്ട കാര്യം രഹസ്യസ്വഭാവമുള്ള ഒരു കേഡർ സംഘടനയുടെ, അച്ചടക്കമുള്ള ഒരു കേഡർമോഡി മതനിരപേക്ഷ ഇന്ത്യയുടെ പ്രധാനമന്ത്രിയായി എന്നതാണ്. വാജ്പേയിയും ആർ.എസ്സ്.എസ്സുകാരനായിരുന്നു. എന്നാൽ അദ്ദേഹം ആർ.എസ്സ്.എസ്സിന്റെ ഒരു മെമ്പർ മാത്രമായിരുന്നു. ആർ.എസ്സ്.എസ്സുകാരനായ മോഡിയുടെ മൂന്ന് പതിറ്റാണ്ട് കാലത്തെ ജീവിതം സംബന്ധിച്ച് ആർക്കുമറിയില്ല. ഗുജറാത്ത് മുഖ്യമന്ത്രിയായി നേതൃത്വം കെട്ടിയിറക്കിയ ശേഷമാണ്, പൊതുരംഗത്ത് മോഡി അറിയപ്പെടുന്നത്. പാർലമെന്റിൽ ഒരു മുൻപരിചയവുമില്ലാതെയാണ് മോഡി പ്രധാനമന്ത്രിയായത്. ആർ.എസ്സ്.എസ്സും, കോർപറേറ്റുകളുമാണ്, മോഡിയുടെ അടുത്ത കൂട്ടുകാർ.

2019 നു ശേഷം, മോഡിയുടെ കോർപറേറ്റ് ബന്ധം കൂടുതൽ വെളിവാകുന്ന നടപടികളാണുണ്ടാവുന്നത്. സ്വകാര്യവൽക്കരണം, നാഷണൽ മോണിട്ടൈസേഷൻ പൈപ്പ് ലൈൻ പദ്ധതി തുടങ്ങിയവ ഇതിനുദാഹരണം. 2014 നു ശേഷം, അദാനിക്കുണ്ടായ വളർച്ച മോഡിയുടെ വഴിവിട്ട സഹായം കൊണ്ടാണ്.

അദാനിക്കെതിരെ "ഹിന്റൻ ബർഗ്" എന്ന ഏജൻസി പുറത്തുവിട്ട, തട്ടിപ്പ് കഥകൾ ഒന്നുപോലും പാർലമെന്റിൽ ചർച്ച ചെയ്യാൻ ബിജെപി അനുവദിച്ചില്ല. അദാനിയുടെ തട്ടിപ്പ് വിമർശിക്കുന്നത്, രാജ്യത്തെ വിമർശിക്കുന്നതിന് സമമാണെന്നാണ്, മോഡിയുടെ വാദം. കോർപറേറ്റ് താൽപ്പര്യമാണ് രാജ്യതാല്പര്യം എന്ന പുതിയ ഭാഷ്യം.

മോഡി ഭരണത്തിൽ അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങളുടെ ജീവിതം തകർന്നു. വിലക്കയറ്റം പാവപ്പെട്ടവരുടെ നട്ടെല്ലൊടിച്ചു. തൊഴിലില്ലായ്മ രൂക്ഷമായി. സർക്കാർ സർവീസിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനം നടത്താത്തത് മൂലം, പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും ലഭിക്കേണ്ട സാമൂഹ്യനീതി നിഷേധിക്കപ്പെട്ടു. കാർഷികമേഖല, വനങ്ങൾ, സമുദ്രം, വൈദ്യുതിമേഖല തുടങ്ങിയവയെല്ലാം കോർപറേറ്റുകളുടെ അധീനതയിലേക്ക് മാറ്റുകയാണ്.

ഈ വസ്തുതകൾ മറച്ച് വെക്കാനും, ജനങ്ങളുടെ ശ്രദ്ധതിരിച്ച് വിടാനുമാണ് വർഗീയ കലാപങ്ങൾ സംഘടിപ്പിക്കുന്നത്. മണിപ്പൂരിലെ വർഗീയ കലാപം, ബിജെപി നയങ്ങളുടെ സൃഷ്ടിയാണ്. മതന്യൂനപക്ഷങ്ങൾ പരിഭ്രാന്തിയിലാണ്. യു.പിയിൽ നിയമവാഴ്ച പാടെ തകർന്നു. പോലീസ് നേരിട്ട് ശിക്ഷ വിധിച്ച് നടപ്പാക്കുകയാണ് ഇത്രയും അരാജകമായ ഒരവസ്ഥ ഒരുകാലത്തും നാം ദർശിച്ചിട്ടില്ല.

ഈ നയങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനും വിപുലമായ മതനിരപേക്ഷജനാധിപത്യ പ്രസ്ഥാനം കെട്ടിപ്പടുക്കാനും സാധിച്ചാൽ മാത്രമെ, രാജ്യം ഇന്ന് നേരിടുന്ന ആപത്തിനെ അതിജീവിക്കാനാവൂ. ഈ കാര്യത്തിൽ, ഏറ്റവും മുന്നണിപ്പോരാളികളാവേണ്ടത് തൊഴിലാളിവർഗമാണ്.



### ഇന്ത്യാചരിത്രം

# വർഗീയവ്യാഖ്യാനങ്ങളെ ചെറുക്കുക




**ടിപ്പു സുൽത്താൻ വർഗ്ഗീയവാദിയാണ് എന്നത് വാസ്തവത്തിൽ കൊളോണിയൽ ഭരണാധികാരികളുടെ ഒരാക്ഷേപമായിരുന്നു. ടിപ്പു മതപരമായ സംഘർഷങ്ങളിൽ ഏർപ്പെട്ടിരുന്നില്ല എന്നല്ല; അടിസ്ഥാനപ്രശ്നം മതമായിരുന്നില്ല എന്നതാണ്**



ഡോ: സുനിൽ പി. ഇളയിടം

ആധുനിക ഇന്ത്യാ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒന്ന് മാപ്പിള ലഹള എന്ന് അവർ വിളിച്ച മലബാർ കലാപമാണ്. ഇത് ഒരു വർഗ്ഗീയ ലഹളയാണ് എന്ന് ആദ്യം വിധിക്കുന്നത് ബ്രിട്ടീഷ് ചരിത്രകാരൻമാരും കൊളോണിയൽ ഉദ്യോഗസ്ഥൻമാരുമാണ്. പിന്നീടത് ദേശീയവാദികൾ എന്നവകാശപ്പെടുന്നവരും വർഗ്ഗീയവാദികളും ഏറ്റെടുക്കുകയുമാണ് ചെയ്തത്. ഇതുമാത്രമല്ല, ടിപ്പു സുൽത്താൻ വർഗ്ഗീയവാദിയാണ് എന്നത് വാസ്തവത്തിൽ കൊളോണിയൽ ഭരണാധികാരികളുടെ ഒരാക്ഷേപമായിരുന്നു. ടിപ്പു മതപരമായ സംഘർഷങ്ങളിൽ ഏർപ്പെട്ടിരുന്നില്ല എന്നല്ല; അടിസ്ഥാനപ്രശ്നം മതമായിരുന്നില്ല എന്നതാണ്. വടക്കേ മലബാറിലെ ക്ഷേത്രങ്ങളൊക്കെ ആക്രമിച്ചു എന്നതാണ് ടിപ്പുവിനെതിരെയുള്ള വലിയൊരു വിമർശനം. ഇതേ ടിപ്പു തന്നെയാണ് ശൃംഗേരി മഠവുമായി ഐക്യത്തിൽ കഴിഞ്ഞതും ശൃംഗേരി മഠത്തിന് എല്ലാ സഹായവും ചെയ്തതും. ബ്രിട്ടീഷുകാരുമായുള്ള യുദ്ധത്തിൽ ശൃംഗേരിമഠം ടിപ്പുവിനൊപ്പവും മലബാറിലെ

ജന്മിമാർ കമ്പനിക്കൊപ്പവുമായിരുന്നു. രാഷ്ട്രീയമായ വൈരുദ്ധ്യത്തെ സാമ്രാജ്യത്വ ചരിത്രകാരൻമാർ ഒരു മതപരമായ വൈരുദ്ധ്യമാക്കി. ഔറംഗസീബും ശിവജിയും തമ്മിൽ യുദ്ധം നടക്കുന്നു. സാമ്രാജ്യത്വ ചരിത്രകാരൻമാർ ഔറംഗസീബിനെ മുസ്ലീങ്ങളുടെ പ്രതിനിധി എന്നും ശിവജിയെ ഹിന്ദുക്കളുടെ പ്രതിനിധി എന്നും പറഞ്ഞു. വാസ്തവത്തിൽ അതൊരു മതയുദ്ധമല്ല. ഔറംഗസീബിന് വേണ്ടി ശിവജിയെ ഒരിക്കൽ തടവിലാക്കുന്നത് രജപുത്ര സേനാനായകനായിരുന്ന രാജാ ജയസിംഹനാണ്. അല്ലാതെ മുസ്ലീങ്ങളെല്ലാം ഔറംഗസീബിന്റെ കൂടെയും ഹിന്ദുക്കളെല്ലാം ശിവജിയുടെ കൂടെയും എന്നൊന്നുമായിരുന്നില്ല. ഇത് രണ്ട് രാജ്യങ്ങൾ തമ്മിൽ അധികാരത്തെ ചൊല്ലി നടക്കുന്ന സംഘർഷമാണ്. വടക്ക് ഔറംഗസീബിനോട് യുദ്ധം ചെയ്തുകൊണ്ടിരുന്ന അതേസമയം തന്നെ ശിവജി തെക്ക് വൊടയാർമാരോടും നായ്ക്കൻമാരോടും യുദ്ധം ചെയ്യുന്നുണ്ട്. ഇവർ ഹിന്ദുക്കളായിരുന്നു. വിജയനഗര സാമ്രാജ്യം വടക്ക് ഭാമിനി സുൽത്താൻമാരോടും അതേസമയം തന്നെ തെക്ക് തഞ്ചാവൂരിനോടും യുദ്ധം ചെയ്യുന്നു. തഞ്ചാവൂർ ഹിന്ദു രാജ്യമാണ്. വാസ്തവത്തിൽ യുദ്ധത്തിന് ജാതിയും മതവുമൊന്നുമില്ല. അധികാരമാണ് അടിസ്ഥാന പ്രശ്നം. പക്ഷേ സാമ്രാജ്യത്വ ചരിത്രകാരൻമാർ തങ്ങൾക്കെതിരായി ഉയർന്നുവന്ന ടിപ്പുവിനെ പോലെ ഒരാളെ തകർക്കുന്നതിന്റെ കൂടി ഭാഗമായാണ് അയാളെ വെറും മതഭ്രാന്തനായി അവതരിപ്പിച്ചത്. തങ്ങൾക്കെതിരായ മലബാറിലെ കാർഷിക കലാപത്തെ മതലഹള മാത്രമായി അവതരിപ്പിച്ചു. ഇത് പിന്നീട് വലിയ തോതിൽ ഏറ്റെടുക്കപ്പെടുകയും നമ്മുടെ പൊതുബോധത്തിലേക്ക് പ്രചരിപ്പിക്കപ്പെടുകയും ചെയ്തു. ഇതെല്ലാം ഏറ്റെടുത്ത് പ്രചരിപ്പിച്ചത് ഹിന്ദുത്വ ശക്തികളാണ്.



സാമ്രാജ്യത്വ ചരിത്രം ഇന്ത്യയിലുണ്ടാക്കിയ രണ്ട് അടിസ്ഥാന പ്രശ്നങ്ങളിൽ ഒന്ന്, ഇന്ത്യയിലെ ഭൂതകാലത്തെ മുഴുവൻ മതത്തിന്റെ യുക്തിയിലേക്ക് കൊണ്ടുവന്നു എന്നതാണ്. രണ്ട്, ഈ മതങ്ങൾ തമ്മിൽ നിത്യമായ സംഘർഷവും നിത്യമായ ശത്രുതയുമാണ് എന്ന് വരുത്തിത്തീർത്തു. ഈ രണ്ട് അടിസ്ഥാനയുക്തികളും വാസ്തവത്തിൽ സാമ്രാജ്യത്വം ഉണ്ടാക്കിയതാണ്. ഇന്ത്യാചരിത്രത്തിൽ പിന്നീട് ഇടപെട്ട രണ്ട് പ്രവണതകളിൽ ഒന്ന് പൗരസ്ത്യവാദികൾ എന്നറിയപ്പെട്ട ഒരു വിഭാഗമാണ്. പൗരസ്ത്യവാദികൾ യൂറോപ്പിൽ തന്നെയാണ് വികസിച്ചതെങ്കിലും അവരുടെ സമീപനത്തിൽ ഒരു വ്യത്യാസമുണ്ടായിരുന്നു. ഇന്ത്യയ്ക്ക് വളരെ സുവർണ്ണമായ ഒരു ഭൂതകാലമുണ്ട് എന്നവർ പറയുന്നുണ്ട്. ഇന്ത്യ വളരെ പൗരാണികമായ സംസ്കാരമുള്ള നാടാണ് എന്നും പറഞ്ഞു. ഈ പൗരാണികസംസ്കാരത്തിന്റെ ഒരു പ്രത്യേകതയായി അവർ പറഞ്ഞത് അത് ഒട്ടും ഭൗതികമല്ല, മതപരവും ആത്മീയവുമാണ് എന്നാണ്. അങ്ങനെ പറഞ്ഞതിൽ പ്രധാനപ്പെട്ടയാളായിരുന്നുമാക്മുള്ളർ. വലിയ സംസ്കൃത പണ്ഡിതനായിരുന്നു അദ്ദേഹം. സംസ്കൃതത്തോടുള്ള പ്രേമം മൂത്ത് അദ്ദേഹം സ്വന്തം പേരു തന്നെ 'മോക്ഷമൂലൻ' എന്നാക്കി! ഇന്ത്യൻ ജനതയെക്കുറിച്ച് അദ്ദേഹം പറഞ്ഞത് "ഇന്ത്യക്കാർ ഒട്ടും ക്രിയാത്മകതയുള്ളവരല്ല, സമ്പാദനതാൽപ്പര്യമുള്ളവരല്ല, അക്രമവാസനയുള്ളവരല്ല മറിച്ച് നിസ്സംഗരാണ്, ധ്യാനനിരതരാണ്, ആത്മാന്വേഷകരാണ്" എന്നാണ്. സ്വന്തം യൗവ്വനം മതിയാകാതെ വന്ന് മകനോട് യൗവ്വനം കടംചോദിച്ച ഒരേയൊരു പിതാവേ ഈ ലോകത്തുള്ളൂ. അത് മഹാഭാരതത്തിലെ യയാതിയാണ്. ഇങ്ങനെയൊരു അച്ഛനെ വിഭാവനം ചെയ്ത ജനതയെ ആദ്ധ്യാത്മികവാദികൾ എന്ന് പറഞ്ഞുണ്ടാക്കിയത് വിചിത്രമാണ്. കാമസൂത്രവും അർത്ഥശാസ്ത്രവും ഉണ്ടായത് ഇന്ത്യയിലാണ്. ഇതിലൊന്നും ആത്മീയതയുടെ കണികപോലുമില്ല. ഇതൊക്കെ ഇന്ത്യയുടെ ഭൗതിക വിജ്ഞാനത്തിന്റെ വലിയ പാരമ്പര്യങ്ങളാണ്. ഇതൊന്നും വിജ്ഞാനമാണ് എന്ന് ലോകം കണക്കാക്കാതിരുന്ന കാലത്ത് കാമത്തേയും സമ്പത്തിനേയും ഭരണകൂട സംവിധാനത്തേയും കുറിച്ച് ഇത്രയും സൂക്ഷ്മമായ ആലോചന ഇന്ത്യ നടത്തിയിരുന്നു എന്നത് ചെറിയ കാര്യമല്ല. ഇന്ത്യയുടെ ഭൗതിക വിജ്ഞാനം ഇന്ത്യയിൽ ഉപേക്ഷിക്കപ്പെട്ട ഒരു പാരമ്പര്യമാണ്. ഇതിനെയൊക്കെ മറച്ചുവെച്ച് ഇന്ത്യക്കുമുകളിൽ ആദ്ധ്യാത്മികതയുടെ ഒരു കൃത്രിമപരിവേഷം 19ാം നൂറ്റാണ്ടിൽ പൗരസ്ത്യവാദികൾ ചാർത്തി. ഇന്ത്യ ആദ്ധ്യാത്മികജ്ഞാനം ഉണ്ടാക്കിയിട്ടുണ്ട് എന്നതിൽ തർക്കമില്ല. ലോകത്ത് എല്ലാ മതവും അവരവരുടേതായ ആദ്ധ്യാത്മികജ്ഞാനം ഉണ്ടാക്കിയെടുത്തിട്ടുണ്ട്. പക്ഷേ ഇന്ത്യയിൽ ആദ്ധ്യാത്മിക ജ്ഞാനത്തോടൊപ്പമോ അതിലും വലിയ അളവിലോ ഭൗതികജ്ഞാനം ഉണ്ടായിട്ടുണ്ട്.

പൗരസ്ത്യവാദികൾ ഉണ്ടാക്കിയ കോട്ടം നമ്മുടെ ഭൗതികവിജ്ഞാനത്തിന്റെ ബൃഹത് പാരമ്പര്യം ഉപേക്ഷിച്ച് മതാത്മകവും ആദ്ധ്യാത്മികവുമായ ഒരു പാരമ്പര്യമാണ് ഇന്ത്യയിലുള്ളത് എന്ന് ഉറപ്പിച്ചെടുത്തു എന്നതാണ്. ഉദാഹരണത്തിന്, ഗണിതത്തിന്റെ ചരിത്രത്തിൽ ന്യൂട്ടണോടൊപ്പം ചേർത്ത് പറയാവുന്ന പേരാണ് സംഗമഗ്രാമ

> “ സാമ്രാജ്യത്വ ചരിത്രം ഇന്ത്യയിലുണ്ടാക്കിയ രണ്ട് അടിസ്ഥാന പ്രശ്നങ്ങളിൽ ഒന്ന്, ഇന്ത്യയിലെ ഭൂതകാലത്തെ മുഴുവൻ മതത്തിന്റെ യുക്തിയിലേക്ക് കൊണ്ടുവന്നു എന്നതാണ്. രണ്ട്, ഈ മതങ്ങൾ തമ്മിൽ നിത്യമായ സംഘർഷവും നിത്യമായ ശത്രുതയുമാണ് എന്ന് വരുത്തിത്തീർത്തു. ഈ രണ്ട് അടിസ്ഥാനയുക്തികളും വാസ്തവത്തിൽ സാമ്രാജ്യത്വം ഉണ്ടാക്കിയതാണ്.

മാധവൻ. അത് നാം ഓർക്കില്ല. പൗരസ്ത്യവാദം ഇന്ത്യക്കുമേൽ അടിച്ചേല്പിച്ച ഒരു ധാരണയാണ് 'ഇന്ത്യയുടെ ഭൗതിക പാരമ്പര്യമല്ല പ്രധാനം, ഇന്ത്യയുടെ ആത്മീയ പാരമ്പര്യമാണ്' എന്നത്. ഇന്ത്യ മതപരമാണ് എന്ന സാമ്രാജ്യത്വ ചരിത്രത്തിന്റെ വാദത്തോട് ഏറിയും കുറഞ്ഞും ഇത് യോജിച്ചു പോകുന്നു. പുറമേക്ക് പരസ്പരവിരുദ്ധമെങ്കിലും അകമേ ഇവ തമ്മിൽ കൈകോർക്കുന്നു. ഇന്ത്യയുടെ ഭൂതകാലം മതാത്മകമാണ് എന്ന കാര്യത്തിലും ഇന്ത്യയ്ക്ക് ഒരു സുവർണ്ണഭൂതകാലമുണ്ട് എന്നതിലും രണ്ട് വാദങ്ങളും യോജിക്കുന്നു. പിന്നെ ഇതെങ്ങനെ നഷ്ടപ്പെട്ടു എന്ന ചോദ്യത്തിന് ഉത്തരമായി വന്നതാണ് ഇസ്ലാമിക ആക്രമണം എന്ന വലിയ നരേറ്റീവ്. 10-ാം നൂറ്റാണ്ടോ 11-ാം നൂറ്റാണ്ടോ വരെ അതിസുവർണ്ണമായിരുന്ന ഇന്ത്യയുടെ ഭൂതകാലം എങ്ങനെ തകർന്നു എന്നതിന് സാമ്രാജ്യത്വചരിത്രം പരോക്ഷമായും പൗരസ്ത്യവാദികൾ ഏതാണ്ട് പ്രത്യക്ഷമായിട്ടും പറഞ്ഞുവെച്ചത് 12-ാം നൂറ്റാണ്ടിൽ ഡൽഹി സുൽത്താനേറ്റ് മുതലുള്ള മുസ്ലീങ്ങളുടെ കടന്നാക്രമണമാണ് ഇന്ത്യയുടെ ഭൂതകാലമഹിമയുടെ തകർച്ചക്ക് കാരണമെന്നാണ്. അതുകൊണ്ട് 12 മുതൽ 17 വരെയുള്ള നൂറ്റാണ്ടുകളെ ബ്രിട്ടീഷ് ചരിത്രകാരന്മാരും യൂറോപ്യൻ ചരിത്രകാരൻമാരും വിശേഷിപ്പിക്കുന്നത് 'ഇരുണ്ട യുഗം' എന്നാണ്. യഥാർത്ഥത്തിൽ മധ്യകാലം ഇന്ത്യയിൽ തകർച്ചയുടെ കാലമായിരുന്നില്ല. ഇന്ത്യയിലെ മുഴുവൻ തദ്ദേശീയഭാഷകളും വികസിച്ചത് ഇക്കാലത്താണ്. ഹിന്ദുസ്ഥാനി സംഗീതം, കർണാട്ടിക് സംഗീതം തുടങ്ങിയ സംഗീതധാരകളും ഭരതനാട്യം, മോഹിനിയാട്ടം, കഥകളി തുടങ്ങിയ കലകളും ഇന്ത്യൻ വാസ്തുവിദ്യയും ഇന്ത്യൻ മിനിയേച്ചർ പെയിന്റിംഗും ഉണ്ടായത് സാമ്രാജ്യത്വവാദികൾ 'ഇരുണ്ടയുഗം' എന്ന് വിശേഷിപ്പിച്ച മധ്യകാലത്താണ്.

19-ാം നൂറ്റാണ്ട് അവസാനത്തോടെ രൂപംകൊണ്ട ദേശീയപ്രസ്ഥാനത്തിന് ചരിത്രം വലിയ ആവശ്യമായിരുന്നു. കാരണം ഇന്ത്യയെ കുറിച്ച് യൂറോപ്യൻമാർക്കുണ്ടായിരുന്ന ആക്ഷേപം ഇന്ത്യക്ക് ചരിത്രമില്ല എന്നതായിരുന്നു. അതുകൊണ്ട് ചരിത്രമുണ്ട് എന്ന് സ്ഥാപിക്കേണ്ടത് ദേശീയവാദികളുടെ വലിയ ആവശ്യമായിരുന്നു. ചരിത്രമില്ല എന്നത് ഇന്ത്യയുടെ കുറവല്ല, ഗുണമാണ് എന്നു പറഞ്ഞ ഗാന്ധി 'ചരിത്രം ആണുങ്ങളുടേയും അധികാരത്തിന്റേയും ലോകമാണ്' എന്നും പറയുന്നുണ്ട്. ബാക്കി എല്ലാവരും ചരിത്രമുണ്ടാക്കാനാണ് നോക്കിയത്. ചരിത്രമുണ്ടാക്കാനുള്ള പിന്നീടുള്ള ശ്രമത്തിൽ ദേശീയവാദികൾ സാമ്രാജ്യത്വവാദത്തോട് ഇടയുകയും പൗരസ്ത്യവാദികളുടെ വാദം ഏറ്റെടുക്കുകയും ചെയ്തു. കാരണം ഇന്ത്യ ഒരു പ്രാകൃതസമൂഹമാണ് എന്ന് സാമ്രാജ്യത്വ വാദികൾ പറഞ്ഞപ്പോൾ, ഇന്ത്യക്ക് ഒരു സുവർണ്ണ ഭൂതകാലം ഉണ്ട് എന്നാണ് പൗരസ്ത്യവാദികൾ പറഞ്ഞത്. ഈ 'സുവർണ്ണ ഭൂതകാലമഹിമ' ദേശീയവാദികൾ കൊണ്ടാടാൻ തുടങ്ങി. ഈ സുവർണ്ണകാലത്തിന് പിന്നീടെന്തു സംഭവിച്ചു എന്ന ചോദ്യത്തിൽ സാമ്രാജ്യത്വവാദചരിത്രവും, പൗരസ്ത്യവാദചരിത്രവും ഒരുക്കിയ കെണിയിൽ അറിഞ്ഞോ അറിയാതെയോ നമ്മുടെ ദേശീയ ചരിത്രം പതിച്ചു. ഇന്ത്യയുടെ ഭൂതകാലത്തെ മതപരമായി കാണുക എന്നതിന് പുറത്തേക്ക് കടക്കാൻ നമ്മുടെ ദേശീയ പ്രസ്ഥാനത്തിനും കഴിഞ്ഞില്ല. മതപരമായ ഒരു ഭൂതകാലസങ്കൽപ്പമാണ് പൊതുബോധമായി വളർന്നത്. ഗാന്ധിയുടെ നേതൃത്വത്തിൽ ദേശീയ പ്രസ്ഥാനം വലിയൊരളവോളം മതനിരപേക്ഷമായി എന്നത് ശരിയാണ്. പക്ഷേ അതിന് സമാനമായ നിലയിൽ ഭൂതകാലത്തെ മതനിരപേക്ഷമായി കാണാൻ കഴിഞ്ഞില്ല. രാഷ്ട്രീയ ധാരണയെ സാംസ്കാരിക ധാരണയായി മാറ്റാൻ കഴിഞ്ഞില്ല. ആധുനിക ഇന്ത്യയുടെ പാരമ്പര്യ സങ്കൽപ്പത്തിന് മൂന്ന് അടിസ്ഥാന തകരാറുകളുണ്ട് എന്ന് അമർത്യാസെൻ പറയുന്നത് ഇവിടെ ശ്രദ്ധിക്കണം.

(1) ഹൈന്ദവേതരമായ മതപാരമ്പര്യങ്ങളെ ഒഴിവാക്കി, ഹിന്ദുമതം ഇന്ത്യയുടെ സ്വാഭാവികമതമായി തീരുകയും മറ്റ് മതങ്ങൾ അപരമതങ്ങളോ അനുബന്ധങ്ങളോ ആയി മാറുകയും ചെയ്തു.

(2) തദ്ദേശീയ ജനവിഭാഗങ്ങൾ ഉണ്ടാക്കിയെടുത്ത വിജ്ഞാന വൈഭവങ്ങളെ ദേശീയപാരമ്പര്യമായി കണ്ടില്ല.



(3) ഭൗതികവിജ്ഞാന പാരമ്പര്യത്തെ ദേശീയ പാരമ്പര്യമാക്കിയില്ല.

പകരം ബ്രാഹ്മണികമായ പാരമ്പര്യത്തെ ഏക മുഖമായി ദേശീയപാരമ്പര്യമായി എഴുതിച്ചേർത്തു. ഇത് ഹിന്ദുത്വത്തിന് വലിയ ആനുകൂല്യമായി. രാഷ്ട്രീയമായി ഉൾക്കൊണ്ടെങ്കിലും സാംസ്കാരികമായി ഈ ഉൾക്കൊള്ളൽ അതേപടി വികസിച്ചുവരാത്തതുകൊണ്ട് ദേശീയതയ്ക്കുള്ളിൽ തന്നെ ഹിന്ദുത്വത്തിന് സാംസ്കാരിക മൂലധനം കൈമാറിക്കിട്ടി. അങ്ങനെ കൈമാറിക്കിട്ടിയ മൂലധനമാണ് ദേശീയതയുടെ രാഷ്ട്രീയശക്തി ദുർബ്ബലമായ സമയത്ത് ഹിന്ദുത്വത്തിന്റെ രാഷ്ട്രീയബലമായി മാറിയത്.

എങ്ങനെയാണ് വർഗ്ഗീയത ഇന്ത്യയുടെ ചരിത്രത്തെ ഉപയോഗപ്പെടുത്തുന്നത് എന്ന് റോമിലാ ഥാപ്പറുടെ 'ഇന്ത്യാ ചരിത്രവും വർഗ്ഗീയതയും' എന്ന പ്രബന്ധത്തിലുണ്ട്. ഭൂതകാലത്തിന്റെ മതവൽക്കൃതമായ കാഴ്ചപ്പാടിനെ ഏറ്റവും കൂടുതൽ ഉപയോഗിച്ചത് ഹിന്ദുത്വമാണ്, ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുകയുമാണ്. ഗുജറാത്തിലെ സോമനാഥക്ഷേത്രം മുഹമ്മദ് ഗസ്നി ആക്രമിച്ചു തകർത്തു, അത് പുനർനിർമ്മിക്കണമെന്നത് 20-ാം നൂറ്റാണ്ടിലെ വലിയൊരു ക്യാമ്പയിനായിരുന്നു. അത് പുനർനിർമ്മിക്കുകയും ചെയ്തു. ഇന്ത്യയിൽ നടന്ന മുസ്ലീം അധിനിവേശത്തിന്റെ ഏറ്റവും പ്രകടമായ തെളിവായി ഹിന്ദുത്വവാദികൾ ചൂണ്ടിക്കാണിക്കുന്ന സംഭവമാണ് സോമനാഥ ആക്രമണം. 'സോമനാഥ ഒരു ചരിത്ര സംഭവത്തിന്റെ അനേക സ്വരങ്ങൾ' എന്ന പുസ്തകത്തിൽ റോമിലാഥാപ്പർ പറയുന്നത് അക്കാലത്തെ ടർക്കിഷ് പ്രമാണങ്ങളിലല്ലാതെ മറ്റൊരിടത്തും ഗസ്നിയുടെ ആക്രമണത്തെ മതപരമായ ആക്രമണമായി കാണുന്നതേയില്ല എന്നാണ്. മുഹമ്മദ്ഗസ്നി പലതവണ സോമനാഥക്ഷേത്രം ആക്രമിച്ചു. ക്ഷേത്രം തകർക്കുകയായിരുന്നില്ല, സമ്പത്ത് കൊള്ളയടിക്കുകയായിരുന്നു ലക്ഷ്യം എന്ന് ഇതിൽ നിന്ന് വ്യക്തമാണല്ലൊ. മറിച്ച് ഇതിന്റെ പിന്നിലെ പ്രേരണ മതമാണ് എന്ന് ആദ്യം പറഞ്ഞത്

18ാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് ചരിത്രകാരനായ അലക്സാണ്ടർ ഡോവ് ആണ്. പിന്നീട് ബ്രിട്ടീഷ് ചരിത്രകാരന്മാർ ഇതാവർത്തിച്ചു. 20ാം നൂറ്റാണ്ടിലെ ദേശീയ ചരിത്രകാരൻമാരും ഇതാവർത്തിച്ചു. പറഞ്ഞുപറഞ്ഞ് ഹിന്ദുമതത്തിനെതിരായ മുസ്ലീം ആക്രമണത്തിന്റെ മാതൃകയായി ഇത് മാറി. സോമനാഥം പുനസ്ഥാപിക്കണമെന്നത് ഒരു ദേശീയ ആവശ്യം പോലുമായി മാറുകയുണ്ടായി. വാസ്തവത്തിൽ മധ്യകാല ഇന്ത്യയിലെ ക്ഷേത്രങ്ങളധികവും ആദ്ധ്യാത്മികതയുടെ കേന്ദ്രങ്ങൾ എന്നതിലുപരി സമ്പത്തിന്റേയും അധികാരത്തിന്റേയും കേന്ദ്രങ്ങളായിരുന്നു. സമ്പത്തിനും അധികാരത്തിനും വേണ്ടിയുള്ള എല്ലാ കടന്നാക്രമണങ്ങളും ക്ഷേത്രത്തിലെത്തുമായിരുന്നു. ഈ ആക്രമണങ്ങളെ സാമ്രാജ്യത്വചരിത്രം മതയുദ്ധങ്ങളാക്കി. മതയുദ്ധമെന്ന ആശയത്തെ പിന്നീട് ദേശീയവാദ ചരിത്രവും ഏറ്റെടുത്തു. മതപരമായ ചേർച്ച ഇഷ്ടംപോലെയുണ്ട്. മുസ്ലീങ്ങൾ അഞ്ച് നേരവും നിസ്ക്കരിക്കണമെന്ന ഉത്തരവ് സാമൂതിരിയുടേതായിട്ടുണ്ട്. പക്ഷേ നമ്മുടെ മുന്നിലുള്ള ചിത്രം സാമൂതിരിയും കുഞ്ഞാലിയും തമ്മിലുള്ള യുദ്ധത്തിന്റേത് മാത്രമാണ്. മലബാറിലെ തീരദേശങ്ങളിലെ മുക്കുവരുടെ കുടുംബങ്ങളിൽ ഒരാളെങ്കിലും ഇസ്ലാംമതം സ്വീകരിക്കണമെന്ന് സാമൂതിരി ഒരു നിർദ്ദേശം വെക്കുന്നുണ്ട്. അതിന് കാരണം അദ്ദേഹത്തിന്റെ കച്ചവടം നടത്തിക്കൊടുത്തിരുന്നത് മലബാറിലെ മാപ്പിളമാരാണ്. പിന്നീട് ഈ കഥയൊക്കെ മറക്കുകയും വൈരങ്ങളുടെ കഥ മാത്രം പ്രധാനമാവുകയും ചെയ്തു. വൈരങ്ങളുടെ യഥാർത്ഥകാരണം മൂടിവെച്ച് അതിനെ മുഴുവൻ മതയുദ്ധങ്ങളാക്കി മാറ്റി.

ബുക്കാനനെ പോലുള്ള ബ്രിട്ടീഷ് ഉദ്യോഗസ്ഥൻമാർ പറയുന്നത് മലബാർ കലാപം മാപ്പിളമാരുടെ മതഭ്രാന്താണെന്നാണ്. മലബാർ കലാപത്തിന്റെ അടിസ്ഥാനകാരണം ബ്രിട്ടീഷുകാർ ഭൂനിയമത്തിൽ വരുത്തിയ മാറ്റമാണ്. ജന്മിയുടെ കൈയ്യിലുള്ള ഭൂമി ഔപചാരികമായി ജന്മിയുടെ ഉടമസ്ഥാവകാശത്തിൽ ആയിരിക്കെതന്നെ കുടിയാൻമാർക്കും അതേ ഔപചാരിക അവകാശം നിലനിന്നിരുന്നു. ബ്രിട്ടീഷുകാർ ഭൂനിയമം മാറ്റിയപ്പോൾ ഔപചാരിക അധികാരം മാത്രമുണ്ടായിരുന്ന ജന്മിക്ക് നിയമപരമായ ഉടമാവകാശം കൊടുത്തു. അതോടെ കുടിയാന് യാതൊരു അവകാശവും ഇല്ലാതായി. കുടിയാൻ എപ്പോൾ വേണമെങ്കിലും കുടിയിറക്കപ്പെടാമെന്ന നിലവന്നു. വളരെ പെട്ടെന്ന് കുടിയാൻമാരുടെ ജീവിതസുരക്ഷിതത്വം



**നമ്മുടെ ദേശീയചരിത്രത്തിന്റെ പിന്നിലുള്ള രാഷ്ട്രീയ മൂലധനത്തെ സവർക്കറെപ്പോലുള്ളവർ മതരാഷ്ട്ര നിർമ്മാണത്തിനുള്ള യുക്തിയായി സമർത്ഥമായി ഉപയോഗിച്ചു. ഇതു മനസിലാക്കിയാണ് സവർക്കർ പറയുന്നത് ഹിന്ദുത്വം ഒരു വെറും വാക്കല്ല, അതൊരു പൂർണ്ണ ചരിത്രമാണ് എന്ന്. അതുകൊണ്ട് മതത്തെ രാഷ്ട്രത്തിന്റെ ആധാരശിലയാക്കുന്ന ഒരു ചരിത്ര ധാരണയോട് വലിയ തോതിൽ ഇടയണം. ഹിന്ദുത്വത്തിനെതിരായ സമരത്തിന് രാഷ്ട്രീയ മുഖമുണ്ട്, സാമ്പത്തികമുഖവുമുണ്ട്. സംഘടനാ രൂപങ്ങളുണ്ട് എന്നതുപോലെ തന്നെ അതിന് ആഴമേറിയ ഒരു പ്രത്യയശാസ്ത്ര പ്രതലവുമുണ്ട്.**

സമ്പൂർണ്ണമായി അട്ടിമറിക്കപ്പെടുകയും ചെയ്തു. കുടിയാൻമാർ പോർച്ചുഗീസുകാരുടെ വരവിന് ശേഷം ഉൾനാടുകളിലേക്ക് നീങ്ങിയ മാപ്പിള സമുദായത്തിൽ പെട്ടവരും ജന്മിമാർ നമ്പൂതിരിമാരും നായർ പ്രമാണിമാരുമായിരുന്നു. ഈ വൈരുദ്ധ്യമാണ് മലബാറിലെ കലാപത്തിന് അടിസ്ഥാനം. ഈ വൈരുദ്ധ്യം മറച്ചുവച്ചിട്ടാണ്, മലബാറിലെ മുസ്ലീങ്ങൾക്ക് മതഭ്രാന്താണെന്ന് ബ്രിട്ടീഷുകാർ പറഞ്ഞത്. ഈ വാദത്തെ ദേശീയപ്രസ്ഥാനം കുറെയൊക്കെ ഏറ്റെടുക്കുകയും ചെയ്തു. ഇന്ന് ഇന്ത്യയിൽ പ്രചരിക്കുന്ന മതവിദ്വേഷത്തിന്റെ പിന്നിലെ ചരിത്ര ധാരണയിലേക്ക് നോക്കിയാൽ 90% വും ബ്രിട്ടീഷ് ചരിത്രകാരൻമാർ സാമ്രാജ്യത്വാനുകൂലമായി ഉണ്ടാക്കിയ വാദങ്ങളുടെ തുടർച്ചയാണെന്ന് കാണാം. ഇതിനെ ഹിന്ദുത്വം അതിന്റെ രാഷ്ട്രീയ സ്രോതസ്സാക്കി മാറ്റി. ഈ വർഗ്ഗീയ ചരിത്രത്തിലാണ് ഹിന്ദുത്വത്തിന്റെ വേര്. അതുകൊണ്ടാണ് ചരിത്രം മാറ്റിവെച്ചാൽ ഇന്ത്യയിലെ വർഗ്ഗീയതയ്ക്ക് കാര്യമായി യാതൊന്നും ബാക്കിയില്ല എന്ന് ബിപൻ ചന്ദ്ര പറയുന്നത്. ഈ ചരിത്ര ധാരണയ്ക്ക് സാമൂഹികമായി വലിയ വ്യാപനം കൈവന്നിട്ടുണ്ട്. ആ വ്യാപനം രാഷ്ട്രീയഭേദങ്ങൾക്കും മതഭേദങ്ങൾക്കുമൊക്കെ കുറുകെ വലിയ തോതിൽ സഞ്ചരിച്ചിട്ടുമുണ്ട്. അതുകൊണ്ട് ഇന്ത്യൻ ഭൂതകാലത്തെ രണ്ട് നിലകളിൽ നാം തിരിച്ചു പിടിക്കേണ്ടതുണ്ട്.

i) മതനിരപേക്ഷമായ നിലയിൽ മതങ്ങൾക്കപ്പുറമുള്ള കൂടിക്കലരലുകളുടേയും പങ്കുവെയ്പുകളുടേയും ഒരു ദീർഘചരിത്രം ഇന്ത്യക്കുണ്ട്. വ്യത്യസ്തമതങ്ങൾ ഇന്ത്യയുടെ സംസ്കാരത്തിൽ പങ്കു ചേർന്നിട്ടുണ്ട്. അതിന്റെ ആകെ തുകയാണ് ഇന്ത്യ എന്ന ധാരണ ഉറപ്പാക്കാൻ തൊഴിലാളി വർഗത്തിന് സാധിക്കണം.

ii) ഇന്ത്യയുടെ ഭൗതിക വിജ്ഞാനത്തിന്റെ പാരമ്പര്യത്തെ ഉയർത്തിക്കൊണ്ടു വരാനുള്ള പ്രവർത്തനത്തിൽ മുഴുവൻ തൊഴിലാളികളെയും അണിനിരത്തണം. യഥാർത്ഥ ഭൗതികവിജ്ഞാനത്തിന്റെ സാധ്യതകളെ മറച്ചുവെച്ചിട്ട് കള്ളക്കഥകൾ മെനഞ്ഞുണ്ടാക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്.

നമ്മുടെ ദേശീയചരിത്രത്തിന്റെ പിന്നിലുള്ള രാഷ്ട്രീയ മൂലധനത്തെ സവർക്കറെപ്പോലുള്ളവർ മതരാഷ്ട്ര നിർമ്മാണത്തിനുള്ള യുക്തിയായി സമർത്ഥമായി ഉപയോഗിച്ചു. ഇതു മനസിലാക്കിയാണ് സവർക്കർ പറയുന്നത് ഹിന്ദുത്വം ഒരു വെറും വാക്കല്ല, അതൊരു പൂർണ്ണ ചരിത്രമാണ് എന്ന്. അതുകൊണ്ട് മതത്തെ രാഷ്ട്രത്തിന്റെ ആധാരശിലയാക്കുന്ന ഒരു ചരിത്ര ധാരണയോട് വലിയ തോതിൽ ഇടയണം. ഹിന്ദുത്വത്തിനെതിരായ സമരത്തിന് രാഷ്ട്രീയ മുഖമുണ്ട്, സാമ്പത്തികമുഖവുമുണ്ട്. സംഘടനാ രൂപങ്ങളുണ്ട് എന്നതുപോലെ തന്നെ അതിന് ആഴമേറിയ ഒരു പ്രത്യയശാസ്ത്ര പ്രതലവുമുണ്ട്. ആ പ്രത്യയശാസ്ത്രപ്രതലമാണ് ഹൈന്ദവ വർഗ്ഗീയതയുടെ അടിവേരായി നിലനിൽക്കുന്നത്. അതിനെതിരെ, ഇന്ത്യാചരിത്രത്തെ മതനിരപേക്ഷവും ഭൗതികവുമായ അടിസ്ഥാനത്തിൽ മനസിലാക്കുകയും പൊതുബോധത്തിൽ അത് ഉറപ്പിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ കടമ. ഇത് നിസ്സാരമല്ല. ഈ സമരം നടത്താതെ നമുക്ക് ഹിന്ദുത്വത്തിന്റെ അടിവേര് പിഴുതെറിയാനാവില്ല. അതുകൊണ്ട് ഇടതുപക്ഷപരമായ, തൊഴിലാളിവർഗ്ഗപരമായ, വർഗ്ഗീയ വിരുദ്ധമുന്നേറ്റം അടിസ്ഥാനപരമായി ഹിന്ദുത്വത്തിന്റെ രാഷ്ട്രീയ പ്രത്യയശാസ്ത്രത്തെ അതിനുള്ളിൽ കടന്ന് അതിനോട് ഏറ്റുമുട്ടാനുള്ള ശേഷി ആർജ്ജിക്കണം. ഇന്ത്യാചരിത്രത്തിന്റെ വർഗ്ഗീയ വ്യാഖ്യാനങ്ങളെ ചെറുക്കുക എന്നതാണ് അതിനുള്ള ഏറ്റവും നിർണ്ണായകമായ മാർഗ്ഗം.●



# വർഗ്ഗീയതയും സാമ്രാജ്യത്വ മൂലധന വ്യവസ്ഥയും



കെ.ടി.കുഞ്ഞിക്കണ്ണൻ

മൂലധനത്തിന്റെ ഏറ്റവും ജീർണ്ണോന്മുഖമായ മുഖമാണ് സാമ്രാജ്യത്വം. 'സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ പരമോന്നതഘട്ടം' എന്ന കൃതിയിൽ, സാമ്രാജ്യത്വം എന്നത് തിന്മയാണ് എന്ന് ലെനിൻ പറയുന്നുണ്ട്. മുതലാളിത്തം ചരിത്രത്തിൽ പരാജയപ്പെടുത്തിയ എല്ലാ ജീർണ്ണശക്തികളേയും കൂട്ടുപിടിച്ചുകൊണ്ടാണ് തൊഴിലാളി വർഗ്ഗത്തിനും മർദ്ദിത രാജ്യങ്ങൾക്കും മുകളിൽ അതിന്റെ ആധിപത്യം ഉറപ്പിച്ചത്. ഫ്യൂഡൽമതപൗരോഹിത്യ ഘടനയെയാണ് മുതലാളിത്തം ചരിത്രത്തിൽ പരാജയപ്പെടുത്തിയത്. മുതലാളിത്തം ഉല്പാദനപരമായ സർവ്വധർമ്മങ്ങളിൽ നിന്നും പിന്തിരിഞ്ഞു. "കൂപ്പൺ ക്ലിപ്പേഴ്സ്" എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. ഉൽപ്പാദനം നടത്തി ആ ചരക്ക് വിറ്റ് അതിൽനിന്ന് പണമുണ്ടാക്കുന്നതിന് പകരം, ഉൽപ്പാദനത്തിന്റെ മണ്ഡലത്തിൽ നിന്ന് പിന്തിരിഞ്ഞ് വാടക വാങ്ങിക്കുന്ന, പലിശവാങ്ങിക്കുന്ന കൂപ്പൺ ക്ലിപ്പേഴ്സായി അധഃപതിക്കുന്നു. ലോകത്തെയാകെ ഭൂപരമായി പങ്കുവെക്കുകയും ലോക രാജ്യങ്ങളെ കോളനിയാക്കുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

ലെനിൻ, മുതലാളിത്തത്തിന്റെ ഈ ഉൽപ്പാദന രഹിതമായ വളർച്ചയെ മുതലാളിത്തത്തിന്റെ അപചയമായി കാണുന്നു. ഭൂമുഖത്ത് ഇന്ദ്രജാലപരമായ മാറ്റങ്ങളുണ്ടാക്കിക്കൊണ്ടാണ് മുതലാളിത്തം കടന്നുവരുന്നത്. റോഡുവെട്ടുന്നത്, പർവ്വതങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നത് എന്ന് തുടങ്ങി ഭൂമണ്ഡ



ലത്തിൽ അതിശയിപ്പിക്കുന്ന പരിവർത്തനങ്ങൾ വരുത്തിയ വ്യവസ്ഥയാണ് മുതലാളിത്തം. അത് ഭൗതിക മണ്ഡലത്തിൽ മാത്രമല്ല എന്നാണ് മാർക്സ് പറയുന്നത്. മനുഷ്യന്റെ അന്നേവരെയുണ്ടായിരുന്ന ചിന്താമണ്ഡലത്തിലും മുതലാളിത്തം ഒരു സാമൂഹ്യ വ്യവസ്ഥ എന്ന നിലക്ക് ഭൂകമ്പങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കോപ്പർനിക്കസ് മുതൽ ഗലീലിയോ വരെയുള്ള ശാസ്ത്രജ്ഞരുടെ കണ്ടുപിടുത്തങ്ങൾ യുക്തിയുടെ ഒരു ബോധമണ്ഡലത്തെ സൃഷ്ടിച്ചുകൊണ്ട് ആധിപത്യത്തിലിരിക്കുന്ന എല്ലാറ്റിനേയും ചോദ്യം ചെയ്യാനുള്ള അഭിവാഞ്ച മനുഷ്യ ബോധത്തിലേക്ക് കൊണ്ടുവന്നു.

ശാസ്ത്രീയമായ യുക്തിയില്ലായ്മയുടെ എല്ലാ സമ്പ്രദായങ്ങളേയും ചോദ്യം ചെയ്തുകൊണ്ട് യൂറോപ്പിൽ നവോത്ഥാനം ആരംഭിച്ചു. നമുക്ക് അധീനമായ ഒരു ശക്തിയിൽ വിശ്വാസമർപ്പിച്ചിരുന്ന ഒരു ജനത സ്വന്തം ശക്തിയിലും സ്വന്തം കരുത്തിലും വിശ്വാസം അർപ്പിക്കുന്ന ഒരു ഉയിർത്തെഴുന്നേൽപ്പായിരുന്നു അത്. യുക്തിയോടെ ജനങ്ങൾ ചിന്തിക്കാനാരംഭിച്ചതോടെ യൂറോപ്പിനെ രക്തപങ്കിലമാക്കിയിരുന്ന കുരിശുയുദ്ധം അവസാനിച്ചു. ശാസ്ത്രത്തിന്റേയും യുക്തിയുടേയും അടിസ്ഥാനത്തിൽ കാര്യങ്ങളെ മനസിലാക്കാൻ കഴിയുന്ന മനോഭാവം വന്നതോടെ സർവ്വ അസമത്വങ്ങളേയും ചോദ്യം ചെയ്യാനുള്ള വലിയ രാഷ്ട്രീയ ആശയങ്ങൾക്ക് ജന്മം നൽകി. ശാസ്ത്ര രംഗത്തുണ്ടായ അറിവുകൾ ഉൽപ്പാദന രംഗത്തേക്കും കടന്നുവരാൻ തുടങ്ങി. ഫ്യൂഡൽ, മതാധിഷ്ഠിത, പൗരോഹിത്യത്തിൽ അധിഷ്ഠിതമായ മധ്യകാല യൂറോപ്പിലെ ഭരണാധികാര വർഗ്ഗങ്ങൾക്കെതിരായി വലിയ സമരങ്ങളും വിപ്ലവങ്ങളും ഉടലെടുക്കാൻ തുടങ്ങി. ആ വിപ്ളവങ്ങളിൽ ഏറ്റവും പ്രധാനമാണ് 1789 ലെ ഫ്രഞ്ച് വിപ്ലവം.

മഹാനായ മാർക്സ് ഫ്രഞ്ച് വിപ്ളവത്തിനാധാരമായ വിപ്ളവകരമായ നവോത്ഥാനത്തിന്റേയും സമത്വം, സ്വാതന്ത്ര്യം, സാഹോദര്യ സങ്കൽപ്പത്തിന്റേയും ആശയങ്ങളെ വിശകലനം ചെയ്യുന്നുണ്ട്. ഫ്രാൻസിലെ രാജഭരണം അവസാനിപ്പിച്ച ബൂർഷ്വാസി, മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയെങ്കിലും അതൊന്നും നടപ്പാക്കാൻ കൂട്ടാക്കിയില്ല. ഫ്രഞ്ച് പാർലമെന്റിനകത്ത് അതി ശക്തമായ വിമർശനമുണ്ടായി. സ്പീക്കറുടെ ചെയറിന്റെ ഇടതുഭാഗത്ത് വിമർശിച്ചവർ ഇരുന്നു. അതുകൊണ്ടാണ് തൊഴിലാളിവർഗ്ഗ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ആളുകളെ ഇടതുപക്ഷം എന്ന് പറയുന്നത്.

വിപ്ളവം കഴിഞ്ഞിട്ടും ഭൂമി ഏറ്റെടുക്കുമെന്നതുൾപ്പെടെ ഫ്രഞ്ച് വിപ്ളവത്തിന്റെ പ്രഖ്യാപനങ്ങൾ ഒന്നും നടപ്പിലാക്കാത്തതിനെ തുടർന്ന് വലിയ പ്രക്ഷോഭവും കലാപവും ഉണ്ടായി. പിന്നീട് ഇടതുപക്ഷക്കാരായ യാക്കോബീൻ കക്ഷിക്കാർ അധികാരം പിടിച്ചെടുക്കുകയും കുറഞ്ഞകാല ഭരണത്തിനിടയിൽ ഭൂമി പിടിച്ചെടുത്ത് വിതരണം ചെയ്യുകയും ചെയ്തു. ആ വിപ്ളവം വളരെ വേഗത്തിൽ നെപ്പോളിയൻ ബോണാപ്പാർട്ടിലേക്കെത്തി. അദ്ദേഹം ഫ്രഞ്ച് റിപ്പബ്ളിക്കിന്റെ പ്രസിഡന്റായശേഷം ഒന്നാമതായി അയൽ രാജ്യങ്ങളുമായി യുദ്ധം ചെയ്യുകയാണ് ചെയ്തത്. ഇത് മധ്യവർഗ്ഗത്തിനിടയിൽ സങ്കുചിത ദേശീയവാദം വളർത്തുകയും നെപ്പോളിയന് വലിയ പ്രതിച്ഛായയുണ്ടാക്കുകയും ചെയ്തു. റിപ്പബ്ലിക്കൊക്കെ അവസാനിപ്പിച്ച് നെപ്പോളിയൻ ഫ്രാൻസിന്റെ ചക്രവർത്തിയായി. നെപ്പോളിയന് അധികകാലം തുടരാനായില്ല. അനന്തരവൻ ലൂയി ബോണാപ്പർട്ട് അധികാരം പിടിച്ചു. ഫ്രഞ്ച് വിപ്ളവത്തിന്റെ മഹത്തായ ആദർശങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങിയവയെല്ലാമുപേക്ഷിച്ച് അദ്ദേഹം മതത്തേയും പൗരോഹിത്യ ദർശനങ്ങളേയും ഫ്രഞ്ച് ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്രങ്ങളാക്കി.

പൗരോഹിത്യ ജന്മിത്ത വ്യവസ്ഥയെ തോല്പിച്ച് വിപ്ളവത്തിലൂടെ അധികാരം പിടിച്ചെടുത്ത ഫ്രഞ്ച് ബൂർഷ്വാസി ആ വിപ്ളവത്തെ ലൂയി ബോണാപ്പാർട്ടിന്റെ കാലമാകുമ്പോഴേക്കും മതപൗരോഹിത്യത്തിന്റെ കാൽക്കൽതന്നെ കൊണ്ടെത്തിച്ചു. ഇതേക്കുറിച്ച് മാർക്സ് പറയുന്നത്: "ജീവിച്ചിരിക്കുന്നവരുടെ മസ്തിഷ്ക്കത്തിൽ മരിച്ചുപോയ തലമുറകളുടെ പാരമ്പര്യങ്ങൾ ഒരു ഭീകരസ്വപ്നത്തിന്റെ ഭാരമായി തീരുന്നു." നമ്മൾ തോല്പിക്കപ്പെട്ടു എന്നു കരുതുന്ന ആശയങ്ങൾ തിരിച്ചുവരാം. മുതലാളിത്തം സാമ്രാജ്യത്വമായി വികസിക്കുന്നതോടുകൂടി ചരിത്രത്തിലെ എല്ലാ കാലഹരണപ്പെട്ട ശക്തികളേയും കൂട്ടുപിടിച്ചാണ് അതിന്റെ അതിജീവനം സാധ്യമാക്കുന്നത്.

ഫ്യൂഡലിസത്തിന്റെ കാലഘട്ടത്തിൽ ഒരു സങ്കു

ചിതമായ സ്ഥലത്തു മാത്രമുണ്ടായിരുന്ന ചരക്കുൽപ്പാദനം മുതലാളിത്തം സാർവ്വദേശീയവൽക്കരിച്ചു. കാരണം മുതലാളിത്തത്തിൽ ചരക്കുൽപ്പാദനം വിപണിക്കുവേണ്ടിയാണ്. സാമൂഹ്യോൽപ്പാദനം സാർവ്വദേശീയ സ്വഭാവത്തോടുകൂടിയാണ്, പക്ഷേ ഉടമസ്ഥത വ്യക്തിഗതമാണ്. സാമ്രാജ്യത്വത്തിലേക്കെത്തുമ്പോൾ അത് കുത്തകവൽക്കരണത്തിന്റെ പരമസീമയിലെത്തുകയാണ്. കുത്തകവൽക്കരണം അതിന്റെ പരമോന്നത ഘട്ടത്തിലെത്തുമ്പോൾ മഹാഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് ലഭിക്കേണ്ട സമ്പത്ത് ഉടമകളായ ഒരു ചെറു ന്യൂനപക്ഷത്തിന്റെ കൈകളിൽ കേന്ദ്രീകരിക്കുന്നു. ഈ സാമൂഹ്യോൽപ്പാദനവും സ്വകാര്യ ഉടമസ്ഥതയും തമ്മിലുള്ള വൈരുദ്ധ്യമാണ് മുതലാളിത്ത വ്യവസ്ഥക്കകത്തെ അടിസ്ഥാന വൈരുദ്ധ്യം. ഇതിനെയാണ് തൊഴിലാളിവർഗ്ഗം ചോദ്യം ചെയ്യുന്നത്. തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയകക്ഷിയല്ലാത്ത ബൂർഷ്വാ പാർട്ടികളും തൊഴിലാളികളെ കൂടെ കിട്ടാൻ വേണ്ടി ഈ വൈരുദ്ധ്യത്തെ ചോദ്യം ചെയ്യും. ഉൽപ്പാദനത്തിന്റെ സാമൂഹ്യവൽക്കരണം പോലെ ഉടമസ്ഥതക്കും സാമൂഹ്യവൽക്കരണം വേണം. ഉടമസ്ഥതയുടെ സാമൂഹ്യ വൽക്കരണത്തിന്റെ ഒരു സ്വഭാവ രൂപം എന്ന നിലക്കാണ് ചരിത്രത്തിൽ പൊതുമേഖല വന്നത്.

മുതലാളിത്തത്തിന്റെ ഈ വൈരുദ്ധ്യത്തിന്റെ ഫലമായി വലിയതോതിലുള്ള പ്രതിഷേധങ്ങളുണ്ടാകും. ഈ പ്രതിഷേധങ്ങളോടൊപ്പം തന്നെ മുതലാളിത്തം മറ്റൊരു വൈരുദ്ധ്യം നേരിടുകയാണ്. പണംമുടക്കി ചരക്കുണ്ടാക്കിയാൽ ചരക്ക് വിറ്റ് പണമാകണം. അതുണ്ടായില്ലെങ്കിൽ മാന്ദ്യമുണ്ടാകും. അത് സമ്പദ്ഘടനയെ ആകെ ബാധിക്കും, അതാണ് 2008 ൽ അമേരിക്കയിൽ നമ്മൾ കണ്ടത്. “ഇതിനെയൊക്കെ ശരിയായ രീതിയിൽ അതിജീവിക്കാൻ കഴിയാത്ത മുതലാളിത്തം ഉയർന്നുവരുന്ന ജനരോഷങ്ങളെ മറികടക്കാൻ ചരിത്രത്തിലെ ജീർണ്ണശക്തികളെ കൂട്ടുപിടിക്കുന്നു” എന്നാണ് ലെനിൻ ‘സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ പരമോന്നത ഘട്ടം’ എന്ന പുസ്തകത്തിൽ വിശദീകരിക്കുന്നത്. മതം, ജാതി, വംശം, ഭാഷ, പ്രദേശം തുടങ്ങിയ എല്ലാ പ്രതിലോമ ഘടകങ്ങളേയും ഉപയോഗപ്പെടുത്തി സങ്കുചിതമായ രാഷ്ട്രീയത്തെ രൂപപ്പെടുത്തുന്നു. ഇതിനെയാണ് വർഗ്ഗീയത എന്ന് പറയുന്നത്. ഇതിന് മതവുമായി യാതൊരു ബന്ധുവുമില്ല. വർഗ്ഗീയത എന്ന് പറയുന്നത് ആധുനിക രാഷ്ട്രീയ ഉൽപ്പന്നമാണ്, മതം ആധുനീകമല്ല. സാമ്രാജ്യത്വത്തിന്റെ കാലഘട്ടത്തിൽ തങ്ങൾക്കെതിരായി ഉയർന്നുവരുന്ന എല്ലാ സമരങ്ങളേയും പ്രതിരോധങ്ങളേയും അതിജീവിക്കുന്നതിനുള്ള ഒരു പ്രത്യയശാസ്ത്ര പദ്ധതിയായി വർഗ്ഗീയതയെ ഉപയോഗിക്കുന്നു.



എല്ലാ വർഗ്ഗീയതക്ക് പിന്നിലും കൃത്യമായ മൂലധന താൽപ്പര്യം കാണാൻ കഴിയും.

വർഗ്ഗീയതയും സാമ്രാജ്യത്വവും തമ്മിലുള്ള ബന്ധം പ്രത്യക്ഷമായ ബന്ധമാണ്. സാമ്രാജ്യത്വമാണ് ഇന്ത്യൻ സമൂഹത്തിനകത്ത് വർഗ്ഗീയതയുടെ വിത്തിടുന്നത്. അതിനാദ്യം അവർ തെരഞ്ഞെടുത്തത് ബാബറി മസ്ജിദ് ആണ്. സവർക്കറുടെ ഒന്നാം സ്വാതന്ത്ര്യസമരത്തെക്കുറിച്ച് 1907ൽ അദ്ദേഹമെഴുതിയ പുസ്തകത്തിൽ പറയുന്നത്, ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ ഉറവക്കണ്ണ് ഔദയാണ് എന്നാണ്. പഴയ ഔദയാണ് ഇന്നത്തെ അയോദ്ധ്യ. 1857-ൽ നടന്ന ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരത്തിൽ രാജാക്കമാർ, നാടുവാഴികൾ, കർഷകവർഗ്ഗങ്ങൾ, ഇടത്തരക്കാർ, പട്ടാളക്കാർ, മുസൽമാൻമാർ, വൈഷ്ണവർ തുടങ്ങി എല്ലാവരും പങ്കെടുത്തിരുന്നു. ആ സമരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായിരുന്നു അയോദ്ധ്യ. ഒന്നാം സ്വാത സമരത്തെ അടിച്ചമർത്തിയതിനുശേഷം ബ്രിട്ടീഷുകാർ തീരുമാനിച്ചത് ഇതുപോലെ ഹിന്ദുക്കളും മുസ്ലീങ്ങളും ഒന്നിക്കരുത് എന്നാണ്. അന്നത്തെ ലക്നൗ റെസിഡൻസിയുടെ ഭാഗമായിരുന്നു ഫൈസാബാദ് ഡിസ്ട്രിക്ട്. കർണ്ണക് ശ്രീമാൻ ഫൈസാബാദ് ഗസറ്റിയറിൽ ഒരു ലേഖനം എഴുതി. 1528ൽ ബാബർ ചക്രവർത്തി തന്റെ പട്ടാളക്കാരുമായി അയോദ്ധ്യയിലൂടെ കടന്നുപോയി എന്നും അപ്പോൾ അദ്ദേഹത്തിന്റെ സൈനികർക്ക് നിസ്കരിക്കുന്നതിനായി അദ്ദേഹം അവിടെ ഒരു പള്ളി പണിതു എന്നുമാണ് ലേഖനത്തിലെഴുതിയത്. തൊട്ടടുത്ത വരിയിൽ അദ്ദേഹം പറഞ്ഞത്, ‘ആ



പള്ളി പണിതത് അവിടെ നേരത്തേ ഉണ്ടായിരുന്ന ഒരു ഹൈന്ദവ ആരാധനാലയം പൊളിച്ചുനീക്കിയിട്ടാകാം' എന്നാണ്. പ്രത്യേകിച്ച് തെളിവൊന്നും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ഇക്കാര്യം 1913 ൽ 'ബാബർലാമ' ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ ജോൺലെയ്ഡൻ പറയുന്നുണ്ട് എന്നും അദ്ദേഹം തുടർന്നെഴുതി. എന്നാൽ ജോൺലെയ്ഡൻ തന്റെ പരിഭാഷയുടെ ആമുഖത്തിലും ബാബർ പള്ളി പണിതിടത്ത് നേരത്തെ ക്ഷേത്രമുണ്ടായിരുന്നിരിക്കാം എന്ന് അനുമാനിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. ബ്രിട്ടീഷ് ഇന്റലിജൻസ് ഉദ്യോഗസ്ഥന്മാരുടെ പ്രത്യേക നിർദ്ദേശമനുസരിച്ച് ഹിന്ദു, മുസ്ലീം ഐക്യം തകർക്കുക എന്ന ലക്ഷ്യത്തോടെ ബാബറി മസ്ജിദ് പ്രശ്നം ഒരു തർക്കപ്രശ്നമാക്കുകയായിരുന്നു. 1858 ൽ ബ്രിട്ടീഷുകാർ കുറച്ച് സന്യാസിമാരെ (ബാബമാർ) വിളിച്ചുകൂട്ടിയിട്ട് 'ബാബർ പള്ളിയുടെ മുഖ്യ കവടത്തിൽ രാമപൂജക്ക് സ്ഥലമനുവദിക്കാം' എന്ന് പറഞ്ഞു. ഇതാണ് തർക്കം കുറിക്കാനിടയാക്കിയത്. അന്ന് അയോദ്ധ്യാ പ്രശ്നം ആളിക്കത്തിക്കാനായില്ല. എന്നാൽ 1860നും 70നും ഇടയിൽ ബ്രിട്ടീഷുകാർ പഞ്ചാബിൽ തങ്ങളുടെ ലക്ഷ്യം സാദ്ധ്യമാക്കി. സെമീന്താരി സമ്പ്രദായത്തിനും ബ്രിട്ടീഷുകാരുടെ നികുതി സമ്പ്രദായത്തിനുമെതിരെ നടന്ന പഞ്ചാബിലെ കൃഷിക്കാരുടെ സമരം ഐതിഹാസികമായിരുന്നു. സിക്കുകാർ, ഹിന്ദുക്കൾ, മുസ്ലീങ്ങൾ എന്നിങ്ങനെ മതജാതിഭേദമില്ലാതെയുള്ള പോരാട്ടം 10 വർഷക്കാലം നീണ്ടുനിന്നു. അപ്പോൾ ബ്രിട്ടീഷ് പൊളിറ്റിക്കൽ ഇന്റലിജൻസ് ഡിപ്പാർട്ട്മെന്റ് ചില ആലോചനകൾ നടത്തുകയും ബീഫ് വിവാദ പ്രശ്നമാക്കി ഉയർത്തിക്കൊണ്ടു വരുകയും ചെയ്തു. പഞ്ചാബിലെ കർഷക സമരത്തെ തകർക്കാൻ ബ്രിട്ടീഷുകാരുടെ പീരങ്കികൾക്ക് കഴിയില്ല എന്ന് വന്നപ്പോൾ ബ്രിട്ടീഷ് പൊളിറ്റിക്കൽ ഇന്റലിജൻസ് ഡിപ്പാർട്ട്മെന്റ് ചില ബ്രാഹ്മണ ബുദ്ധിജീവികളെ കൈയ്യിലെടുത്തു. അതിലൊരാളാണ് ഇന്ത്യയിൽ ഹിന്ദുത്വ ആശയത്തിന് അടിത്തറയിട്ടവരിലൊരാളായ ലാലാ ലാൽചന്ദ്, ബ്രിട്ടീഷുകാർ റായ്ബഹദൂർ പദവി നൽകി ആദരിച്ചിട്ടുള്ള ലാലാ ലാൽചന്ദ് പഞ്ചാബ് ഹിന്ദുസഭയുടെ സ്ഥാപകൻ. അദ്ദേഹം ബ്രാഹ്മണരെ വിളിച്ചു ചേർത്ത് പറഞ്ഞത് ബ്രിട്ടീഷുകാരല്ലെ, കൃഷിക്ക് ആവശ്യമുള്ള ഉഴവുകാളകളെ കിട്ടാത്തതാണ് പ്രശ്നമെന്നാണ്. കന്നുകാലികളെ ഒരു വിഭാഗം കൊന്നുതിന്നുന്നതുകൊണ്ട് കൃഷിക്ക് ആവശ്യമായ ചാണകവും കിട്ടുന്നില്ല എന്നദ്ദേഹം പ്രചരിപ്പിച്ചു. ആർഷ സംസ്കൃതിയുടെ മഹാപാരമ്പര്യവുമായി ബന്ധപ്പെടുത്തി പശുവിന്റെ ദേവസ്ഥാനത്തെക്കുറിച്ച് അദ്ദേഹം പ്രബന്ധങ്ങൾ തയ്യാറാക്കി ക്യാമ്പയിൻ ആരംഭിച്ചു. ആ ക്യാമ്പയിൻ ദയാനന്ദ സരസ്വതിയുടെ ആര്യസമാജം ഏറ്റെടുത്തു. 1870ന് ശേഷം പഞ്ചാബുൾപ്പെടുന്ന വിശാല പ്രദേശങ്ങളിൽ പശുവിന്റെ പേരിൽ നൂറുകണക്കിന് കലാപങ്ങൾ നടന്നു. നിരപരാധികളായ ഹിന്ദുക്കളും മുസ്ലീങ്ങളുമുൾപ്പെടെ പതിനായിരത്തിലേറെ പേർ ഈ കലാപങ്ങളിൽ മരിച്ചുവീണു. കൃത്യമായ ഒരു കൊളോണിയിൽ അജണ്ടയാണ് ഗോവധ നിരോധന അജണ്ട. ഇന്ത്യയുടെ വേദ പാരമ്പര്യങ്ങളിലോ ഇതിഹാസ പാരമ്പര്യങ്ങളിലോ പശുമാംസം കഴിക്കുന്നത് നിഷിദ്ധമായി പറയുന്നില്ല. ഇന്ത്യയിൽ ചില സംസ്ഥാനങ്ങളിൽ മാത്രമാണ് 50% ൽ താഴെ ബീഫ് കഴിക്കുന്നവരുള്ളത്. കേരളത്തിൽ 97% പേരും ആന്ധ്രയിൽ 99% പേരും ബീഫ് കഴിക്കുന്നവരാണ്. നമ്മുടെ പൊതുബോധത്തിലേക്കാണ് ബീഫ് കഴിക്കുന്നത് മോശം കാര്യമാണ് എന്ന ആശയം കടത്തിവിടാൻ ഹിന്ദുത്വം ബോധപൂർവ്വം ശ്രമിക്കുന്നത്. സി.പി.ഐ (എം) അതിന്റെ രാഷ്ട്രീയ പ്രമേയത്തിൽ പറയുന്നത് "ഹിന്ദുത്വമെന്ന പൊതുബോധത്തെ തകർക്കാതെ നമുക്ക് ദേശീയ വികാരം കൈയ്യടക്കി കഴിഞ്ഞിരിക്കുന്ന ഹിന്ദുത്വത്തിന്റെ ഫാസിസ്റ്റ് വാഴ്ചയിലേക്കുള്ള നീക്കത്തെ പ്രതിരോ

ധിക്കാനാവില്ല" എന്നാണ്. ഇന്ത്യയിലെ ഗ്രാമീണ ദരിദ്രജനവിഭാഗങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഉപജീവനമാർഗ്ഗങ്ങളിലൊന്നാണ് മൃഗപരിപാലനം ആ മൃഗപരിപാലനത്തെ സമ്പൂർണ്ണമായും ഒരു സമ്പദ്ഘടകമെന്ന നിലക്ക് തദ്ദേശീയ ജനവിഭാഗങ്ങളിൽ നിന്നെടുത്ത് കളഞ്ഞ് അത് കോർപ്പറേറ്റുകളിലേക്ക് എത്തിക്കുകയാണ്. ഇത്തരം വർഗ്ഗീയ അജണ്ടകൾക്ക് പിറകിലുള്ള കൃത്യമായ മൂലധനത്താൽപ്പര്യത്തെ നമ്മൾ കാണണം.

മറ്റൊരുകാര്യം സാമ്രാജ്യത്വവുമായി ബന്ധപ്പെട്ടതാണ്. ബാബറി മസ്ജിദ് തർക്ക പ്രശ്നവുമായി ബന്ധപ്പെട്ട് ഏറ്റവും വലിയ തീരുമാനമുണ്ടായ സമ്മേളനം നടന്നത് വാഷിംഗ്ടണിൽ വെച്ചാണ്. അവിടെ വെച്ചാണ് ലോക ഹിന്ദുമഹാ സമ്മേളനം 1981 ൽ സംഘടിപ്പിച്ചത്. സ്റ്റീൽ ഉരുക്ക് കമ്പനിയുടെ കുത്തകയായ കർണകിയായിരുന്നു ആ സമ്മേളനത്തിന്റെ സ്പോൺസർഷിപ്പ്. ആസന്നമായ നാളുകളിൽ 3000 ആരാധനാലയങ്ങൾ തർക്ക പ്രശ്നമാക്കണമെന്നും ഹിന്ദുക്കൾ അത് തിരിച്ചു പിടിക്കണമെന്നും തീരുമാനിച്ച് അതിന്റെ ലിസ്റ്റുണ്ടാക്കിയത് നാഗ്പൂരിൽ വെച്ചല്ല, വാഷിംഗ്ടൺ സമ്മേളനത്തിൽ വെച്ചാണ്. ആ 3000 ക്ഷേത്രങ്ങളിൽ ഒന്നാമത്തേതാണ് അയോധ്യ. മഥുരയും കാശിയുമാണ് അടുത്ത രണ്ടെണ്ണം. ഈ മൂന്നെണ്ണവും സാധ്യമാക്കിയാൽ ഹിന്ദുരാഷ്ട്രം ഉണ്ടാക്കാമെന്നാണ് കണക്ക് കൂട്ടൽ. അമേരിക്കൻ സാമ്രാജ്യത്വ കേന്ദ്രങ്ങൾ ഉണ്ടാക്കിക്കൊടുത്ത ലിസ്റ്റനുസരിച്ചാണ് ഇന്ത്യയിൽ ക്ഷേത്ര തർക്കങ്ങൾ ഉയർത്തിയിരിക്കുന്നത്. ഇന്ത്യയിൽ സംഘപരിവാർ പറയുന്നത് കപട ദേശീയതയാണ്.

1981ലാണ് ഇന്ത്യ ഐ.എം.എഫിൽ നിന്ന് ആദ്യമായി വായ്പയെടുക്കുന്നത്. ഐ.എം.എഫിൽ നിന്ന് വായ്പയെടുക്കുക എന്ന് പറയുന്നത് ആ രാജ്യം എത്തിപ്പെട്ട കടക്കെണിയാണ് കാണിക്കുന്നത്. രാജ്യങ്ങളെ കടക്കെണിയിൽപെടുത്തി ഐ.എം.എഫിന്റെ നിബന്ധനകൾ ഇന്ന് കാണുന്ന നവ ഉദാരവൽക്കരണ നയം ഉൾപ്പെടെ അടിച്ചേൽപ്പിക്കുക എന്നതാണ് ലോക സാമ്രാജ്യത്വത്തിന്റെ പ്രധാനപ്പെട്ട ഒരു നിലപാട്. ചില മേഖലകളിൽ പണിമുടക്ക് നിരോധിക്കണമെന്നത് ഐ.എം.എഫിന്റെ നിബന്ധനയായി വന്നതാണ്. സമ്പദ്ഘടനയിലെ എല്ലാ മേഖലകളിലും ഉദാരവൽക്കരണം ആവശ്യപ്പെട്ടു. ഇതിനെതിരെ രാജ്യത്തുയർന്നുവന്ന വലിയ പ്രതിഷേധത്തിന്റേയും തൊഴിലാളി പണിമുടക്കുകളുടേയും സാഹചര്യത്തെക്കൂടി കണ്ടുകൊണ്ടാണ് ഹിന്ദുത്വം ആക്രമണോൽസുകമായ ഒരു വർഗ്ഗീയതയായി വളർന്നുവന്നത്. 1984ൽ ആണ് രാമായണം സീരിയൽ സംപ്രേഷണം ചെയ്തു തുടങ്ങുന്നത്. അതേ സന്ദർഭത്തിലാണ് രണ്ട് ലോക ബാങ്ക് വിദഗ്ധരെ ഇന്ത്യയിൽ പൊതുമേഖലയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചത്. അവരുടെ പഠന റിപ്പോർട്ടാണ് 1992ൽ അന്നത്തെ പ്രധാനമന്ത്രി ശ്രീ. നരസിംഹറാവുവിന് സമർപ്പിച്ചത്. ആ റിപ്പോർട്ടിന്റെ പേര് ആന്റേഴ്സൺ മെമ്മോറാണ്ടം എന്നാണ്. ഇന്ത്യയിലെ പൊതുമേഖലാ കമ്പനികളെല്ലാം സ്വകാര്യവൽക്കരിക്കണമെന്നാണ് റിപ്പോർട്ട് ആവശ്യപ്പെടുന്നത്.എണ്ണത്തിൽ സോവിയറ്റ് യൂണിയന് സമാനമായിരുന്നു ഇന്ത്യയിലെ പൊതുമേഖലാ കമ്പനികൾ. സമ്പദ്ഘടനയുടെ അടിസ്ഥാന സ്വഭാവം സ്വകാര്യമേഖലക്ക് അനുകൂലമാവണം എന്ന് ആവശ്യപ്പെടുന്ന ആന്റേഴ്സൺ മെമ്മോറാണ്ടം ഏറ്റുവാങ്ങിക്കൊണ്ട് നരസിംഹറാവു "നെഹ്റുവിന്റെ പ്രഖ്യാപിത സോഷ്യലിസത്തിന്റെ കാലം കഴിഞ്ഞു, ഇത് ലോകം അംഗീകരിച്ചിരിക്കുന്ന കമ്പോളോൻമുഖ വികസനത്തിന്റെ കാലമാണ്. അതുകൊണ്ട് ഈ റിപ്പോർട്ട് ഇന്ത്യയിലെ പുത്തൻ സാമ്പത്തിക നയമായി ഞങ്ങൾ നടപ്പിലാക്കും' എന്നാണ്. 1992 ൽ ഈ പരിഷ്ക്കാരങ്ങൾക്കുള്ള അന്തരീക്ഷമൊരുക്കിക്കൊണ്ടു തന്നെയാണ് നമ്മുടെ രാജ്യത്ത് തീവ്ര വർഗ്ഗീയതയുടെ പല തലങ്ങളിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1992 ഡിസംബർ 6ന് നരസിംഹറാവു ഗവൺമെന്റിനെ നിർത്തിക്കൊണ്ടുതന്നെയാണ് ബി.ജെ.പി അയോദ്ധ്യയിലെ ബാബറി മസ്ജിദ് തകർത്തത്. പുതിയ സാമ്പത്തിക നയം പുനർകോളനിവൽക്കരണമാണെന്നും അതുകൊണ്ട് ഒരു രണ്ടാം സ്വാതന്ത്ര്യസമരം ആവശ്യമാണെന്നും ഇന്ത്യയിലെ രാഷ്ട്രീയ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ പറഞ്ഞ സന്ദർഭം കൂടിയാണിത്. ഇന്ത്യ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമായി ഇന്ത്യയിലെ സമ്പത്തിക വിദഗ്ധൻമാർ മുന്നോട്ടുവെച്ച ബദൽ നയങ്ങളെ സംബന്ധിച്ച ചർച്ചകൾ ഇല്ലാതാക്കാനും വളരെ ആസൂത്രിതമായി ബാബറി മസ്ജിദ് സംഭവത്തെ തുടർന്ന് വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കി ജനങ്ങളെ വഴിതിരിച്ചുവിടാൻ കഴിയുന്ന ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രമെന്ന നിലക്ക് വർഗീയത എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നത് ഇതിൽനിന്ന് വ്യക്തമാണ്.

1981ൽ ബ്രിട്ടീഷ് പാർലമെന്റിൽ പ്രസംഗിക്കവേ, റൊണാൾഡ് റെയ്ഗൺ ലോകം ഏക ധ്രുവമാകാൻ പോകുന്നുവെന്ന് പറഞ്ഞു. സോവിയറ്റ് യൂണിയനിലെ വംശീയമായ എല്ലാ ചരിത്ര ഘടകങ്ങളേയും ഉദ്ദീപിപ്പിച്ച് ശിഥിലമാക്കാനുള്ള പദ്ധതികൾക്ക് ഞങ്ങൾ രൂപം കൊടുത്തിട്ടുണ്ട് എന്നതാണ് അതിനുള്ള ഉറപ്പ് എന്നും റെയ്ഗൺ പറഞ്ഞു. ചരിത്രപരമായ കാരണങ്ങളാൽ ഒന്നിച്ചു ചേർന്നതും, വ്യത്യസ്ത ഭാഷകളും വംശങ്ങളും മതങ്ങളുമുള്ള സോവിയറ്റ് റിപ്പബ്ലിക്കിലെ വിവിധ ഘടകങ്ങളെ അതാത് മത, ദേശ പ്രത്യേകതകൾക്കനുസരിച്ച് അടർത്തിമാറ്റാനായിട്ടുള്ള

**ഇന്ത്യയിലെ പിന്നോക്ക മുതലാളിത്തപൂർവ്വ ഉൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട ഒരു മൂല്യബോധം ശക്തമാണ്. ആ മൂല്യബോധത്തിന് മുന്നിലാണ് മോദി എന്ന നിർമ്മിതി വളർന്നുവരുന്നത്. ഇതിനെ തകർക്കണമെങ്കിൽ ഇതു നിർമ്മിച്ച മൂലധനപ്രോക്തമായ വർഗ്ഗീയതയേയും മൂലധനത്തേയും പ്രതിരോധിച്ചുകൊണ്ടേ പറ്റൂ. മൂലധനത്തെ പ്രതിരോധിക്കാൻ കഴിയുന്ന വർഗ്ഗം, ചരിത്രപരമായ കാരണങ്ങൾകൊണ്ടും ആധുനിക ഉൽപ്പാദന വ്യവസ്ഥയുടെ പ്രത്യേകതകൾകൊണ്ടും തൊഴിലാളിവർഗ്ഗമാണ്.**

ഇടപെടലാണ് അമേരിക്ക നടത്തിയത്. ഹിറ്റ്ലറെ തോൽപ്പിച്ച ചെമ്പടയുള്ള നാടാണ് സോവിയറ്റ് യൂണിയൻ. ആ ചെമ്പടയിലെ വംശീയ ഘടകങ്ങളേയും ഞങ്ങൾ ഉദ്ദീപിപ്പിക്കുമെന്നാണ് റെയ്ഗൺ അന്ന് പറഞ്ഞത്. അന്ന് ഒരു അധിക പ്രസംഗമായി അതിനെ പലരുംകണ്ടു.

റഷ്യൻ ഉക്രൈൻ വംശവൈരത്തെ ആളിക്കത്തിച്ചാണ് തുടക്കം.അങ്ങനെ ഓരോ റിപ്പബ്ലിക്കിലേയും മതവിശ്വാസികൾ ആയുധമെടുക്കുകയും പരസ്പരം കലാപം ചെയ്യുകയും 1989-90 ആകുമ്പോഴേക്കും സോവിയറ്റ് യൂണിയൻ ഇല്ലാതാവുകയും ചെയ്തു. ഉക്രൈൻ വംശീയ വിഭാഗവും റഷ്യൻ വംശീയ വിഭാഗവും തമ്മിലുള്ള വലിയ തോതിലുള്ള ശത്രുതയെ ഉപയോഗപ്പെടുത്തി നാറ്റോസേന ഈ മേഖലയാകെ കൈയ്യടക്കാനാണ് പോകുന്നത്. അമേരിക്ക ഇന്ന് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനാണ് ശ്രമം. പാലസ്തീനിലെ നിരപരാധികളെ കൊന്നൊടുക്കാനും പാലസ്തീനെ ഇല്ലാതാക്കാനും അമേരിക്ക, ഇസ്രയേൽ വഴി ചെലവഴിക്കുന്നത് കോടികളാണ്. ഇവർക്ക് മാത്രമല്ല ലോകമെമ്പാടുമുള്ള നവനാസി പ്രസ്ഥാനങ്ങൾക്ക് വേണ്ടിയും അമേരിക്ക ചെലവഴിക്കുന്നത് കോടികളാണ്. ഇന്ത്യയിൽ ആർ.എസ്.എസ് ന് ഫണ്ട് വരുന്നത് അമേരിക്കയിലെ കുപ്രസിദ്ധരായ ബഹുരാഷ്ട്രകുത്തകകളുടെ കൂട്ടായ്മയിൽ നിന്നാണ്. ഗുജറാത്തിലുണ്ടായ ഭൂകമ്പത്തിൽപെട്ടവരെ സഹായിക്കാൻ അമേരിക്കയിൽ ഒരു കമ്മറ്റിയുണ്ടാക്കി. കമ്മിറ്റി ഫോർ ഇന്ത്യ ഡെവലപ്മെന്റ് റിലീഫ് എന്നാണ് ആ കമ്മിറ്റിയുടെ പേര്. പക്ഷേ ഫണ്ട് ഭൂകമ്പത്തിന്റെ ഇരകൾക്ക് കൊടുക്കാൻ ആർ.എസ്.എസുകാർ തയ്യാറായിട്ടില്ല. ആ പണമുപയോഗിച്ചാണ് ഗുജറാത്ത് കലാപത്തിൽ മുസ്ലീങ്ങളെ തെരഞ്ഞുപിടിച്ചു കൊല്ലുന്ന ക്രിമിനലുകളെ അവർ പരിശീലിപ്പിച്ചത്. അന്ന് ആർ.എസ്.എസിന് പണം കൊടുത്ത കമ്പനികളുടെ പേരെല്ലാം പിന്നീട് പുറത്ത് വന്നു. അതിൽ ഏറ്റവും കുപ്രസിദ്ധമായ കമ്പനി ചിലിയിൽ അലെൻഡേയെ അട്ടിമറിച്ച ടെഫോൺ ആൻഡ് ടെലഗ്രാഫ് കമ്പനിയാണ്. ഇത് ഗുജറാത്ത് കലാപത്തിന് ശേഷവും തുടരുകയാണ് ചെയ്തത്. വലിയ ബഹുരാഷ്ട്ര കുത്തകകളിൽ നിന്ന് ഫണ്ട് പിരിച്ച് ഇവിടെ ആർ.എസ്.എസിന് എത്തിച്ചുകൊടുക്കുന്ന പ്രവാസി സംഘങ്ങൾ ലണ്ടനിലും മറ്റെല്ലാ സ്ഥലങ്ങളിലുമുണ്ട്. അങ്ങനെ സാമ്രാജ്യത്വ മൂലധനം ഉപയോഗിച്ചാണ് ലോകത്തെല്ലായിടത്തും വർഗ്ഗീയവാദവും വംശീയവാദവും അസ്ഥിരീകരണ രാഷട്രീയവും വളർത്തുന്നത്. 1930 കളിൽ ബ്രഹ്മപുത്രാ തടത്തിലെ എണ്ണപ്പാടങ്ങൾ ആകെ ലക്ഷ്യമിട്ട് ആഗോള എണ്ണ കുത്തകകൾ ആസൂത്രണം ചെയ്ത ആസ്സാമിലെ വിഘടനവാദ പ്രസ്ഥാനം സമീപകാല ഉദാഹരണമാണ്. ഇന്ത്യയെ അസ്ഥിരീകരിക്കുകയായിരുന്നു 'ഓപ്പറേഷൻ ബ്രഹ്മപുത്ര'യുടെ ലക്ഷ്യം, ഇന്ത്യയിൽ നിന്ന് ആസ്സാമിനെ വിഘടിപ്പിക്കുക. പഞ്ചാബിൽ ഖാലിസ്ഥാൻ എന്ന രാഷ്ട്രം, അതിന് വേണ്ടി തീവ്രവാദികളെ പരിശീലിപ്പിച്ചു. ഇതിനെല്ലാം പിന്നിൽ അമേരിക്കയും സി.ഐ.എയുമായിരുന്നു. ഇന്ത്യപോലുള്ള മൂന്നാംലോക ദേശീയതകളിൽ പെട്ട ശക്തമായ രാഷ്ട്രങ്ങളെ അസ്ഥിരീകരിക്കുകയായിരുന്നു ലക്ഷ്യം. അതുകൊണ്ട് വർഗ്ഗീയവൽക്കരണം എന്നു പറയുന്നതിന് മതവുമായി ബന്ധമൊന്നുമില്ല. വർഗ്ഗീയത എന്നത് സാമ്രാജ്യത്വപ്രോക്ത പ്രത്യയശാസ്ത്രമാണെന്ന് തിരിച്ചറിയണം. മൂലധനത്തിന്റെ കേന്ദ്രസ്ഥാനത്ത് പ്രവർത്തിക്കുയും ജന്മംകൊണ്ടുതന്നെ മൂലധനത്തെ ഇല്ലാതാക്കുകയും ചെയ്യുന്ന വർഗ്ഗമാണ് തൊഴിലാളി വർഗ്ഗം, അതിന്റെ പ്രത്യയശാസ്ത്രമാണ് മാർക്സിസം. ഇന്ത്യപോലെ ഒരു പിന്നോക്ക കാർഷിക സമൂഹത്തിന്റെ അതിമാനുഷനായി മോദിയെ നിർമ്മിച്ചെടുത്തിരിക്കുകയാണ് മൂലധനം. ഇന്ത്യയിലെ പിന്നോക്ക മുതലാളിത്തപൂർവ്വ ഉൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട ഒരു മൂല്യബോധം ശക്തമാണ്. ആ മൂല്യബോധത്തിന് മുന്നിലാണ് മോദി എന്ന നിർമ്മിതി വളർന്നുവരുന്നത്. ഇതിനെ തകർക്കണമെങ്കിൽ ഇതു നിർമ്മിച്ച മൂലധനപ്രോക്തമായ വർഗ്ഗീയതയേയും മൂലധനത്തേയും പ്രതിരോധിച്ചുകൊണ്ടേ പറ്റൂ. മൂലധനത്തെ പ്രതിരോധിക്കാൻ കഴിയുന്ന വർഗ്ഗം, ചരിത്രപരമായ കാരണങ്ങൾകൊണ്ടും ആധുനിക ഉൽപ്പാദന വ്യവസ്ഥയുടെ പ്രത്യേകതകൾകൊണ്ടും തൊഴിലാളിവർഗ്ഗമാണ്. ആശയങ്ങൾക്ക് ഭൗതിക ശക്തിയാകാൻ കഴിയും. ഇന്ന് ഇന്ത്യൻ ഹിന്ദുത്വ ഭീകരത ഉയർത്തുന്ന രാഷ്ട്രീയ അനിവാര്യതയെ മുറിച്ചുകടക്കണമെങ്കിൽ അതിനെ മനസിലാക്കുകയും എല്ലാ തലങ്ങളിലും പ്രതിരോധിക്കാനാവശ്യമായ ഇടപെടലുകളിലൂടെ ജനകീയ അവബോധം സൃഷ്ടിക്കണം.●

# ഡോളറാധിപത്യം നേരിടുന്ന ഭീഷണികൾ





പ്രഭാത് പട്നായിക്

അമേരിക്ക അതിന്റെ ശത്രുരാജ്യങ്ങൾക്കുമേൽ  ചുമത്തുന്ന ഉപരോധങ്ങൾ മൂലം ഒരു ആഗോള റിസർവ് കറൻസി എന്ന നിലയ്ക്കുള്ള ഡോളറിന്റെ ആധിപത്യത്തിന് അപകടം നേരിടുന്നതായി അമേരിക്കൻ ട്രഷറി സെക്രട്ടറി ജാനെറ്റ് യെലൻ അവസാനം സമ്മതിച്ചിരിക്കുന്നു. ഏതെങ്കിലും രണ്ടു രാജ്യങ്ങൾക്കു മേലാണ് ഉപരോധം അടിച്ചേൽപ്പിക്കുന്നതെങ്കിൽ കാര്യങ്ങൾ ഇങ്ങനെയാകില്ലായിരുന്നു. എന്നാൽ സമീപകാലത്ത് അമേരിക്കൻ ഒരു ഡസൻ രാജ്യങ്ങളെയാണ് ലക്ഷ്യം വച്ചിരിക്കുന്നത്. അതോടെ ഈ രാജ്യങ്ങൾ ഒന്നുചേർന്ന് ഉപരോധം മറികടക്കാനുള്ള ബദൽ മാർഗങ്ങൾ കണ്ടെത്താൻ കൂട്ടായ ശ്രമം നടത്തുകയാണ്. അമേരിക്കയുടെ ആധിപത്യമുള്ള ലോകക്രമത്തിന്റെ സവിശേഷതയായ ഡോളറാധിപത്യത്തെ ക്ഷയിപ്പിക്കാനാണ് ഫലത്തിൽ ഇത്തരമൊരു ബദൽ മാർഗം കാരണമാകുക.

വൈരുധ്യമെന്നു പറയട്ടെ, ഇക്കാര്യം ജാനെറ്റ് യെലൻ സമ്മതിക്കുമ്പോൾ തന്നെയും തന്റെ രാജ്യം ശത്രുരാജ്യങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുന്ന ഉപരോ

**ഉപരോധത്തിലൂടെ അമേരിക്ക ലക്ഷ്യം വയ്ക്കുന്ന റഷ്യ പഴയ സോവിയറ്റ് കാലത്തെ ഓർമിപ്പിക്കും വിധം വിവിധ രാജ്യങ്ങളുമായി ഉഭയകക്ഷി സംവിധാനങ്ങൾ സ്വീകരിച്ചു കഴിഞ്ഞു. കമ്പോളത്തിൽ പ്രാദേശിക കറൻസിയും റൂബിളും കൈമാറ്റം ചെയ്ത് ഇടപാടുകൾ നടത്തുകയും ഡോളറിന് പകരം ഇരു കറൻസികളും തമ്മിലുള്ള എക്സ്ചേഞ്ച് നിരക്ക് ഉറപ്പിക്കുകയും ചെയ്യുന്ന പഴയ രീതിയാണ് അവലംബിക്കുന്നത്. ലോകത്തിന്റെ ഒരു ഭാഗത്ത് വാണിജ്യ വിനിമയത്തിനുള്ള മാധ്യമം എന്ന നിലയിൽ ഡോളറിനുള്ള പ്രാധാന്യം കുറയുമ്പോൾ വാസ്തവത്തിൽ ആ കറൻസിയുടെ ആധിപത്യം വെല്ലുവിളിക്കപ്പെടുകയാണ്.**

ധങ്ങളെ അവർ ന്യായീകരിക്കുകയാണ്. ബൈഡൻ ഭരണകൂടത്തിലെ മുതിർന്ന അംഗത്തിൽനിന്ന് അത്തരമൊരു പ്രതികരണം ആരെയും അത്ഭുതപ്പെടുത്തുന്നില്ല.

അമേരിക്കയ്ക്ക് താൽപര്യമില്ലാത്ത നയങ്ങൾ നടപ്പാക്കുന്ന രാജ്യങ്ങൾക്കെതിരെയാണ് തങ്ങൾ ഉപരോധം അടിച്ചേൽപ്പിക്കുന്നതെന്നും അവർ സമ്മതിച്ചിട്ടുണ്ട്. നയങ്ങൾ മാറ്റാൻ ആ രാജ്യങ്ങൾ തയ്യാറല്ല. അതുകൊണ്ടു തന്നെ തങ്ങൾ ലക്ഷ്യം വയ്ക്കുന്ന രാജ്യങ്ങളിലെ ജനങ്ങൾക്ക് ദുരിതം സൃഷ്ടിക്കുകയാണ് അമേരിക്ക. അതിനായി ഇറാനെയാണ് അവർ ഉദ്ധരിക്കുന്നത്. വർഷങ്ങളായി ഉപരോധം തുടരുകയാണ്. അമേരിക്കയ്ക്ക് താൽപര്യമില്ലാത്ത നയങ്ങൾ, സ്വന്തം ജനതയ്ക്ക് വലിയ ദുരിതങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും ഇറാൻ തുടരുകയാണ്.

അവർ പറയുന്നു: "ഞങ്ങളുടെ ഉപരോധങ്ങൾ ഇറാനിൽ വലിയ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഇറാന് ഉപരോധം മൂലം സാമ്പത്തിക പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അത് അവരുടെ സ്വഭാവത്തിൽ മാറ്റം വരുത്തിയോ? അതിനുത്തരം ഞങ്ങൾ താൽപര്യപ്പെടുന്നതിലും എത്രയോ താഴെയാണ്." ഈ തിരിച്ചറിവു പോലും ഇറാനുമേലുള്ള അമേരിക്കൻ ഉപരോധത്തെ തടയുന്നതിനെ പിന്തുണയ്ക്കുന്നതിൽ അവരെ പിന്തിരിപ്പിക്കുന്നില്ല. അതിനു വിരുദ്ധമായി ഇറാനെതിരെയുള്ള ഉപരോധം കൂടുതൽ ശക്തിപ്പെടുത്തുമെന്നാണ് അമേരിക്ക പറയുന്നത്.

അമേരിക്ക ശത്രുപക്ഷത്ത് നിർത്തി ഉപരോധം അടിച്ചേൽപ്പിച്ച രാജ്യങ്ങൾ അമേരിക്കൻ ആധിപത്യമുള്ള ലോകക്രമത്തെ മറികടക്കാൻ ബദൽ സംവിധാനങ്ങൾ സ്വീകരിച്ചു എന്നത് വർത്തമാനകാലത്തെ വസ്തുതയാണ്. ഉപരോധത്തിലൂടെ അമേരിക്ക ലക്ഷ്യം വയ്ക്കുന്ന റഷ്യ പഴയ സോവിയറ്റ് കാലത്തെ ഓർമിപ്പിക്കും വിധം വിവിധ രാജ്യങ്ങളുമായി ഉഭയകക്ഷി സംവിധാനങ്ങൾ സ്വീകരിച്ചു കഴിഞ്ഞു. കമ്പോളത്തിൽ പ്രാദേശിക കറൻസിയും റൂബിളും കൈമാറ്റം ചെയ്ത് ഇടപാടുകൾ നടത്തുകയും ഡോളറിന് പകരം ഇരു കറൻസികളും തമ്മിലുള്ള എക്സ്ചേഞ്ച് നിരക്ക് ഉറപ്പിക്കുകയും ചെയ്യുന്ന പഴയ രീതിയാണ് അവലംബിക്കുന്നത്. ലോകത്തിന്റെ ഒരു ഭാഗത്ത് വാണിജ്യ വിനിമയത്തിനുള്ള മാധ്യമം എന്ന നിലയിൽ ഡോളറിനുള്ള പ്രാധാന്യം കുറയുമ്പോൾ വാസ്തവത്തിൽ ആ കറൻസിയുടെ ആധിപത്യം വെല്ലുവിളിക്കപ്പെടുകയാണ്. ലോകവ്യാപാരത്തിൽ അക്കൗണ്ടിന്റെ യൂണിറ്റ് എന്ന നിലയിൽ ഡോളറിന്റെ പങ്ക്, അതായത്, ഡോളറിന്റെ അടിസ്ഥാനത്തിൽ വിലകൾ നിർണ്ണയിക്കപ്പെടുന്നു എന്നത് വലിയ അനന്തരഫലങ്ങളൊന്നും ഉണ്ടാക്കുന്നില്ല; ആധിപത്യം അതിൽ അന്തർഭവിക്കുന്നുമില്ല. എന്നാൽ സാമ്പത്തിക ഇടപാടുകൾക്ക് ഡോളർ ആവശ്യമാണെന്നിരിക്കെ അത് ഡോളറിനു അനന്യമായ സ്ഥാനം ലഭിക്കുകയും ചെയ്യുന്നു.

വാസ്തവത്തിൽ, ഉപരോധങ്ങൾ മാത്രമല്ല ഡോളറിന്റെ ആധിപത്യപരമായ പങ്കിൽ നിന്ന് സ്ഥാനചലനം സംഭവിക്കാനുള്ള കാരണം. ഈ ആധിപത്യത്തിൽ നിന്ന് കരകയറാൻ ആഗ്രഹിക്കുന്ന, അല്ലെങ്കിൽ തങ്ങളുടെ വ്യാപാര സാദ്ധ്യതകൾ വിപുലീകരിക്കാൻ ആഗ്രഹിക്കുന്ന പല രാജ്യങ്ങളും സ്വമേധയാ പണമിടപാട് മാധ്യമമെന്ന നിലയിൽ ഡോളറിനെ ഒഴിവാക്കുന്ന ക്രമീകരണങ്ങളിൽ ഏർപ്പെട്ടേക്കാം. സോവിയറ്റ് യൂണിയന്റെ കാലത്തു ആ രാജ്യത്തിന് ഇന്ത്യയുമായും തിരിച്ചുമുള്ള ഉഭയകക്ഷി വ്യാപാരബന്ധം ഉണ്ടായത് ഡോളർ ആധിപത്യത്തെ മറികടക്കാൻ ഉപരോധ പ്രേരിതമായ താല്പര്യങ്ങൾ കൊണ്ടല്ല. ഡോളറാധിപത്യമുള്ള ഒരു വ്യവസ്ഥയ്ക്ക് അപ്പുറത്തേക്ക് വ്യാപാരം ഉണ്ടാകണമെന്ന താല്പര്യമായിരുന്നു അതിനു പിന്നിൽ. എന്നാൽ നവലിബറൽ സൈദ്ധാന്തികൻ ഇത്തരം ഉഭയകക്ഷി കരാറുകൾക്കെതിരെ വലിയ പ്രത്യയശാസ്ത്ര യുദ്ധം നയിച്ചത് ഡോളറാധിപത്യത്തിനു വെല്ലുവിളി ഉയരാനുള്ള സാധ്യതകളെ ഇല്ലാതാക്കാൻ വേണ്ടിയായിരുന്നു എന്നത് ഒട്ടും അദ്ഭുതപ്പെടുത്തുന്ന കാര്യമല്ല. ചുരുക്കത്തിൽ അവർക്ക് ഒരു പ്രത്യയശാസ്ത്ര അജണ്ട ഉണ്ടായിരുന്നുവെങ്കിലും ഉഭയകക്ഷി വ്യാപാര കരാറുകൾ ഇല്ലായിരുന്നു. ഇപ്പോൾ പോലും ചൈനയും ബ്രസീലും ഏർപ്പെട്ട




വ്യാപാരകരാറുകൾ അവരവരുടെ കറൻസികൾ അടിസ്ഥാനപ്പെടുത്തിയാണ്. ഈ രണ്ടു രാജ്യങ്ങൾക്കുമെതിരെ അമേരിക്കൻ ഉപരോധം ഇല്ല എന്നുമോർക്കണം. ബ്രിക്സ് ബാങ്കിന്റെ പ്രസിഡന്റായി നിയമിതയായ മുൻ ബ്രസീലിയൻ പ്രസിഡന്റ് ദിൽമ റൂസഫ് പ്രഖ്യാപിച്ചത് 2022 നും 2026 നുമിടയിൽ അംഗരാജ്യങ്ങൾക്കിടയിലെ ബ്രിക്സ് ബാങ്കിന്റെ ലോണുകൾ പ്രാദേശിക കറൻസിയിൽ ആയിരിക്കുമെന്നാണ്. ഈ സമ്പദ്ഘടനകളെ ഡോളർ മുക്തമാക്കുക എന്ന പൊതു ലക്ഷ്യത്തെ മുൻനിർത്തിയാണ് ഈ പ്രഖ്യാപനം; പ്രത്യേകമായ ഏതെങ്കിലും നിർബന്ധിതാവസ്ഥയിൽ കൈക്കൊണ്ടതല്ല.

ഡോളറിന്റെ ആധിപത്യം അമേരിക്കയ്ക്ക് നൽകുന്ന നേട്ടങ്ങൾ ഇവിടെ ഓർക്കേണ്ടതാണ്. രണ്ട് വ്യക്തമായ ഗുണങ്ങളുണ്ട്: ഒന്ന്, ഡോളർ കരുതൽ കറൻസിയാകുന്നു എന്നതാണ്. മറ്റ് രാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി പേയ്മെന്റ് ബാലൻസ് പ്രശ്നങ്ങളെക്കുറിച്ച് യുഎസിന് വിഷമിക്കേണ്ടതില്ല.

മറ്റു രാജ്യങ്ങൾക്ക് ഐഒയു ആയി പേയ്മെന്റുകൾ സെറ്റിൽ ചെയ്യാനാകും. ഡോളർ രൂപത്തിലുള്ള ഐഒയു സമ്പത്ത് സൂക്ഷിക്കുന്നതിൽ ഏറ്റവും സുരക്ഷിതമാണ്. ഇക്കാരണം കൊണ്ടുതന്നെ ഇപ്പോൾ കൈകാര്യം ചെയ്യുന്നപോലെ ലോകസമ്പദ്ഘടനയെ തന്നെ ഉത്തേജിപ്പിക്കാൻ അതിനു സാധിക്കും. രണ്ടാമത്തെ കാര്യം, അമേരിക്കൻ ബാങ്കുകളുടെ ബിസിനസ് വൻതോതിൽ വർധിക്കും എന്നതാണ്. ഡോളർ ഇടപാടുകൾ അമേരിക്കൻ ബാങ്കുകളിൽ മാത്രമായി പരിമിതപ്പെടുന്നില്ല എന്നത് സത്യം തന്നെ. എന്നാൽ ലോകവ്യാപാരത്തിന്റെ മാധ്യമമായി ഡോളർ വിതരണം ചെയ്യപ്പെടുമ്പോൾ തീർച്ചയായും അതിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ അമേരിക്കൻ ബാങ്കുകൾ തന്നെയാണ്.

വ്യക്തമായ ഈ അനുബന്ധ കാരണങ്ങൾ കൊണ്ടുതന്നെ മെട്രോപൊളിറ്റൻ മുതലാളിത്ത ലോകത്തിനാകെ ഡോളറാധിപത്യം പലവിധ ഗുണങ്ങൾ ചെയ്യുന്നുണ്ട്. അടിസ്ഥാന ചരക്കുകൾ ഉല്പാദിപ്പിക്കുന്ന മൂന്നാം ലോകരാജ്യങ്ങളെ നിയന്ത്രിക്കാനും സാധന വില വർധിക്കാതെ മെട്രോപൊളിറ്റൻ രാജ്യങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനും അതുകൊണ്ട് സാധിക്കും.

ഈ പ്രക്രിയ ഇനി പറയും പ്രകാരം പ്രവർത്തിക്കും. മൂന്നാം ലോകത്ത് ഉൽപ്പാദിപ്പിക്കുന്ന ചില പ്രാഥമിക ചരക്കുകൾക്ക് വർധിച്ച ഡിമാൻഡ് ഉണ്ടാകുമ്പോൾ, പ്രാദേശിക കറൻസിയുടെ അടിസ്ഥാനത്തിൽ അതിന്റെ വില ഉയരുന്നു. ഇത് ലോകത്തിന്റെ കരുതൽ കറൻസിയുമായി താരതമ്യം ചെയ്യുമ്പോൾ അതിന്റെ വിനിമയ നിരക്കിന്റെ മൂല്യത്തകർച്ചയെക്കുറിച്ചുള്ള പ്രതീക്ഷകൾ സൃഷ്ടിക്കുന്നു, കാരണം ഈ കറൻസി കരുതൽ കറൻസിയിൽ നിന്ന് വ്യത്യസ്തമാണ്. ആ മൂന്നാം ലോക സമ്പദ്ഘടനയിൽ നിന്ന് മെട്രോപൊളിറ്റൻ സമ്പദ്ഘടനയിലേക്കുള്ള ധനത്തിന്റെ ഒരു പ്രവാ

ഹത്തിന് ഇത് തീവ്രത കൂട്ടുന്നതോടെ യഥാർത്ഥ കറൻസിയുടെ മൂല്യത്തകർച്ചയ്ക്ക് കാരണമാകുന്നു. ഇതിനോടുള്ള പ്രതികരണമായി രാജ്യം അതിന്റെ പലിശ നിരക്ക് ഉയർത്തുകയും 'ചെലവ് ചുരുക്കൽ' നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പ്രാദേശിക വരുമാനം കുറയാനും ആ ഉൽപന്നങ്ങളുടെ പ്രാദേശികമായ ഉപഭോഗം ഇടിയാനും ഈ നടപടികൾ കാര്യമാകുന്നു. അതോടെ പ്രാഥമിക ഉൽപന്നങ്ങൾ മെട്രോപൊളിറ്റൻ രാജ്യങ്ങളിൽ ആവശ്യത്തിനുള്ള അളവിൽ ലഭ്യമാകുകയും അധിക ഡിമാൻഡ് കുറയുകയും ആദ്യ വില നിലനിൽക്കുകയും ചെയ്യും.

മുതലാളിത്ത ലോകത്തിലെ നിലവിലുള്ള കറൻസി ക്രമീകരണം കൊളോണിയൽ കാലത്തു അസംസ്കൃത വസ്തുക്കൾ മൂന്നാംലോകത്തു നിന്ന് ഊറ്റിയെടുത്ത കൊളോണിയൽ കാലത്തെ ലക്ഷ്യങ്ങൾ തന്നെയാണ് നേടിയെടുക്കുന്നത്. കൊളോണിയൽ കാലത്തേതു പോലെ വില കൂട്ടാതിരിക്കുക, പ്രാദേശിക ഉപഭോഗം പരിമിതപ്പെടുത്തുക, എന്നിവയൊക്കെത്തന്നെയാണ് ഇപ്പോഴും നടക്കുന്നത് എന്നതുകൊണ്ടുതന്നെ സമകാല കറൻസി ക്രമീകരണം ചുരുക്കത്തിൽ സാമ്രാജ്യത്വത്തിന്റെ ഒരു പ്രകടനം തന്നെയാണ്. അടിസ്ഥാന ഉത്പന്നങ്ങൾ നിർമിക്കുന്ന ഏതു രാജ്യത്തെയോ ഒരു കൂട്ടം രാജ്യങ്ങളിലെയോ കറൻസിയെ ആധിപത്യം പുലർത്തിയിരിക്കുന്നതിനു ശ്രദ്ധിക്കുന്നു. സാമ്രാജ്യത്വ ഘടനയെയോ അതിനു അടിത്തറയായ സമകാല മുതലാളിത്തത്തെയോ അപകടപ്പെടുത്താതെയാണ് ഈ പ്രക്രിയ. ഈ കറൻസി ക്രമീകരണത്തിന്റെ നിർണായക ഘടകം ഡോളറാധിപത്യമാണ്.

ഇപ്പോൾ നമ്മൾ സാക്ഷിയാകുന്നു ഡോളർ നിരാകരണം അതുകൊണ്ടുതന്നെ മെട്രോപൊളിറ്റൻ ആധിപത്യത്തിന്റെ അടിവേരിലാണ് ആഞ്ഞടിക്കുന്നത്. കറൻസി ക്രമീകരണത്തെ മറ്റൊന്നുകൊണ്ട് പകരം വയ്ക്കുന്നോ എന്ന പ്രശ്നം മാത്രമല്ല, പകരം മൂന്നാം ലോകരാജ്യങ്ങളെ ഊറ്റിക്കുടിച്ചു അതിന്മേൽ പണിതുയർത്തിയ മൊത്തം വ്യവസ്ഥയുടെ സ്ഥിരത ചോദ്യം ചെയ്യപ്പെടുന്നുണ്ടോ എന്നതാണ് പ്രശ്നം. അതുകൊണ്ടാണ് ഡോളർ നിരാകരണത്തിനെതിരെ അമേരിക്ക മാത്രമല്ല മൊത്തം മുതലാളിത്ത മെട്രോപൊളിറ്റൻ ലോകം തന്നെ വീറോടെ രംഗത്ത് വന്നത്. ഡോളർ മുക്തമാകാൻ ശ്രമിക്കുന്ന രാജ്യങ്ങൾക്കെതിരെയുള്ള അവരുടെ ശ്രമങ്ങളിൽ സാമ്പത്തികേതര ബലപ്രയോഗങ്ങളും ഉൾപ്പെട്ടേക്കാം.

മുതലാളിത്തത്തിന്റെ സമകാല പ്രതിസന്ധിയുടെ ലക്ഷണങ്ങളിൽ ഒന്നുകൂടിയാണ് ഡോളർ മുക്തമാകാനുള്ള ചില രാജ്യങ്ങളുടെ ശ്രമങ്ങൾ. അക്കാരണം കൊണ്ട് തന്നെ മുതലാളിത്തം അതിന്റെ ഏറ്റവും നീചമായ ശ്രമങ്ങളുമായി രംഗത്ത് വരും.

## ജനസംഖ്യയിൽ ഇന്ത്യ ഒന്നാമത്

ജനസംഖ്യയിൽ ചൈനയെ മറികടന്ന് ഇന്ത്യ ഒന്നാമത്. ഐക്യരാഷ്ട്ര സംഘടനയുടെ റിപ്പോർട്ട് പ്രകാരം ഈ വർഷം ജൂണിൽ ഇന്ത്യൻ ജനസംഖ്യ 142.86 കോടിയാകും. ചൈനയേക്കാൾ (142.57 കോടി) 29 ലക്ഷം കൂടുതൽ. അമേരിക്ക മൂന്നാംസ്ഥാനത്തെത്തും (34 കോടി). ലോകത്തെയാകെ ജനസംഖ്യ 804.5 കോടി. ഫെബ്രുവരിവരെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ടിന്റെ റിപ്പോർട്ട്. എന്നാൽ, യുഎൻ ഡാറ്റ വിശകലനം ചെയ്ത ജനസംഖ്യാ വിദഗ്ധർ ഇന്ത്യയുടെ ജനസംഖ്യ ഏപ്രിലിൽ ചൈനയെ മറികടക്കുമെന്ന് പ്രവചിച്ചു.

യുഎൻ കണക്ക് പ്രകാരം ജനസംഖ്യയിൽ ഇന്ത്യ ചൈനയെ മറികടക്കുന്നത് ഇതാദ്യം. 1950 മുതലാണ് യുഎൻ ജനസംഖ്യാവിവരം ശേഖരിച്ചു തുടങ്ങിയത്.കഴിഞ്ഞവർഷം ഇന്ത്യയുടെ ജനസംഖ്യ 140.66 കോടിയും ചൈനയുടേത് 144.85 കോടിയുമായിരുന്നു. കഴിഞ്ഞ വർഷം, ആറു പതിറ്റാണ്ടിനിടെ ആദ്യമായി ചൈനയിലെ ജനസംഖ്യ കുറഞ്ഞു. പുതിയ കണക്കനുസരിച്ച് ഇന്ത്യയിലെ പ്രത്യുൽപാദനനിരക്ക് രണ്ടും ചൈനയുടേത് 1.2ഉം ആണ്. ഇന്ത്യയും ചൈനയും ചേർന്നാൽ ലോകജനസംഖ്യയുടെ മൂന്നിലൊന്ന് വരും.

ഇന്ത്യയിൽ പുരുഷന്റെ ശരാശരി ആയുർദൈർഘ്യം 71ഉം സ്ത്രീയുടേത് 74ഉം ആണ്. ചൈനയിൽ ഇത് 76ഉം 82ഉം ആണ്. ഇന്ത്യൻ ജനസംഖ്യയിൽ 68 ശതമാനം പേർ 15നും 64നും ഇടയിൽ പ്രായമുള്ളവരും ഏഴുശതമാനം 65 വയസ്സിന് മുകളിലുള്ളവരുമാണ്. ഇന്ത്യൻ ജനസംഖ്യയുടെ നാലിലൊന്നും 14 വയസ്സിൽതാഴെയുള്ളവരാണ്. മൂന്നുദശകമായി കുതിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യൻ ജനസംഖ്യ 165 കോടിവരെ എത്തുമെന്നും അതിനുശേഷം കുറഞ്ഞുതുടങ്ങുമെന്നും വിവിധ ഏജൻസികൾ ചൂണ്ടിക്കാട്ടുന്നു. 2011ലാണ് ഇന്ത്യയിൽ അവസാനമായി സെൻസസ് നടന്നത്.

International
Labour
Organization

# ഫാക്ടറികളിൽ സമ്പത്തുണ്ട്, ജീവിതമില്ല



വിജയ് പ്രഷാദ്

2022ന്റെ ഒടുവിൽ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ഐഎൽഒ) ലോകമാകെയുള്ള തൊഴിൽ സമയം, തൊഴിൽ ജീവിത സന്തുലനം എന്ന പേരിലുള്ള രസകരമായ ഒരു റിപ്പോർട്ടിൽ പ്രധാനമായും പറയുന്നത് തൊഴിൽ സമയം നീട്ടുന്നതിനുള്ള ശ്രമങ്ങളെക്കുറിച്ചാണ്. 2019ൽ അതായത് കോവിഡ് മഹാമാരിയുടെ തുടക്കത്തിൽ തൊഴിൽ സമയം ചെലവാക്കിയതിന്റെ ആഗോള സ്ഥിതിവിവരക്കണക്കുകൾ ആ റിപ്പോർട്ടിൽ സ്വരൂപിച്ചിട്ടുണ്ട്. ലോകത്തിലെ തൊഴിൽ ശക്തിയുടെ മൂന്നിലൊന്ന് അതായത് 35.4 ശതമാനവും ഒരാഴ്ചയിൽ 48 മണിക്കൂറിലധികം ജോലി ചെയ്യുന്നുണ്ടെന്ന് ഐഎൽഒ കണ്ടെത്തി. പ്രതിവാരം 35 മണിക്കൂറിൽ താഴെ ദൈർഘ്യമുള്ള ഗിഗ് വർക്ക് പോലുള്ള പാർട്ടൈം ജോലികളും ഇതിലുൾപ്പെട്ടിരുന്നു. കൂടുതൽ തൊഴിൽ സമയ ശരാശരിയുള്ള തൊഴിൽ ഗ്രൂപ്പുകൾ പ്രധാനമായും പ്ലാന്റും മെഷീനും കൈകാര്യം ചെയ്യുന്നവരും അസംബിൾ ചെയ്യുന്നവരുമാണ്. അവർ പ്രതിവാരം ശരാശരി 48.2 മണിക്കൂർ ജോലി ചെയ്യുന്നുണ്ടെന്ന് റിപ്പോർട്ട് പറയുന്നു.

തൊഴിൽ സമയത്തിന്റെ പരിധി ഇല്ലാതാക്കണമെന്ന കാര്യത്തിൽ ഇന്ത്യയിലിപ്പോൾ ഒരു ചർച്ച നടക്കുന്നുണ്ട്. ഫാക്ടറീസ് ആക്ട് 1948 ഭേദഗതി ചെയ്യാൻ

**2022ന്റെ ഒടുവിൽ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ഐഎൽഒ) ലോകമാകെയുള്ള തൊഴിൽ സമയം, തൊഴിൽ ജീവിത സന്തുലനം എന്ന പേരിലുള്ള രസകരമായ ഒരു റിപ്പോർട്ടിൽ പ്രധാനമായും പറയുന്നത് തൊഴിൽ സമയം നീട്ടുന്നതിനുള്ള ശ്രമങ്ങളെക്കുറിച്ചാണ്. 2019ൽ അതായത് കോവിഡ് മഹാമാരിയുടെ തുടക്കത്തിൽ തൊഴിൽ സമയം ചെലവാക്കിയതിന്റെ ആഗോള സ്ഥിതിവിവരക്കണക്കുകൾ ആ റിപ്പോർട്ടിൽ സ്വരൂപിച്ചിട്ടുണ്ട്. ലോകത്തിലെ തൊഴിൽ ശക്തിയുടെ മൂന്നിലൊന്ന് അതായത് 35.4 ശതമാനവും ഒരാഴ്ചയിൽ 48 മണിക്കൂറിലധികം ജോലി ചെയ്യുന്നുണ്ടെന്ന് ഐഎൽഒ കണ്ടെത്തി. പ്രതിവാരം 35 മണിക്കൂറിൽ താഴെ ദൈർഘ്യമുള്ള ഗിഗ് വർക് പോലുള്ള പാർട്ടൈം ജോലികളും ഇതിലുൾപ്പെട്ടിരുന്നു. കൂടുതൽ തൊഴിൽ സമയ ശരാശരിയുള്ള തൊഴിൽ ഗ്രൂപ്പുകൾ പ്രധാനമായും പ്ലാന്റും മെഷിനും കൈകാര്യം ചെയ്യുന്നവരും അസംബിൾ ചെയ്യുന്നവരുമാണ്. അവർ പ്രതിവാരം ശരാശരി 48.2 മണിക്കൂർ ജോലി ചെയ്യുന്നുണ്ടെന്ന് റിപ്പോർട്ട് പറയുന്നു.**

വേണ്ടി ഒരു തമിഴ്നാട് സർക്കാരിന്റെ ഒരു ബില്ലിലെ ആവശ്യം ഫാക്ടറികളിൽ നിലവിലുള്ള എട്ടു മണിക്കൂർ തൊഴിൽ പന്ത്രണ്ട് മണിക്കൂറായി ദീർഘിപ്പിക്കണമെന്നാണ്. തമിഴ്നാട് നിയമസഭയിൽ മന്ത്രി സി വി ഗണേശൻ പറഞ്ഞത്, രാജ്യത്ത് ഏറ്റവും കൂടുതൽ ഫാക്ടറികളുള്ള തമിഴ്നാട്ടിൽ വിദേശ നിക്ഷേപം കൂടുതൽ എത്തണമെങ്കിൽ തൊഴിൽ സമയത്തിലെ നിബന്ധനകൾ ലഘൂകരിക്കണമെന്നാണ്. ബിൽ പാസാക്കണമെന്ന് ബിസിനസ് ലോബി(വണിഗർ സംഘങ്ങളിൻ പേരമൈപ്പ്)യുടെ സമ്മർദമുണ്ടായെങ്കിലും ഇടതുപക്ഷ ട്രേഡ് യൂണിയനുകളുടെ പ്രതിഷേധത്തെ തുടർന്ന് സർക്കാർ പിന്തിരിഞ്ഞിരിക്കയാണ്. സമാനമായ ഒരു ബിൽ കഴിഞ്ഞ ഫെബ്രുവരിയിൽ കർണാടക നിയമസഭ പാസാക്കിയിരുന്നു. കർണാടകയിലെ ഇലക്ട്രോണിക്സ്, ഐടി, ബയോടെക്നോളജി മന്ത്രി ഡോ. അശ്വത് നാരായൺ പറഞ്ഞത് നിക്ഷേപം ആകർഷിക്കാനുള്ള മത്സരത്തിൽ മറ്റു രാജ്യങ്ങളെ തോൽപ്പിക്കണമെങ്കിൽ ഇന്ത്യയുടെ തൊഴിൽ നിയമങ്ങൾ ഉദാരമാക്കിയാൽ മാത്രമേ സാധിക്കൂ എന്നാണ്.

ട്രൈകോൺടിനെന്റൽ: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ റിസർച്ച്, അതിന്റെ മെയ് ഡോസിയറിലെ 'ഇന്ത്യൻ തൊഴിലാളികളുടെ സാഹചര്യത്തെക്കുറിച്ചുള്ള ഈ സംവാദത്തിൽ അണിചേരുകയാണ്.

2020ലെ രണ്ടു സംഭവങ്ങളിലൂടെയാണ് ഡോസിയർ ആരംഭിക്കുന്നത്. ഒന്ന് മഹാമാരിയുടെ തുടക്കമാണ്. അന്ന് രാജ്യത്തെ ദശലക്ഷക്കണക്കിന് തൊഴിലാളികളോട് ഗ്രാമങ്ങളിലേക്ക് തിരിച്ചുപോകാൻ സർക്കാർ ഒരു കരുണയുമില്ലാതെ നിർദേശിച്ചു. രണ്ട്, കാർഷികോൽപ്പന്ന കമ്പോളങ്ങൾ (മണ്ഡി) വൻകിട കോർപറേറ്റുകൾക്ക് കൈമാറുന്നതിനെതിരെ ഇന്ത്യയിലെ കർഷകർ അതിശക്തമായ പ്രക്ഷോഭം ആരംഭിച്ചു. തങ്ങളെ ചൂഷണം ചെയ്യുകയും അടിച്ചമർത്തുകയും ചെയ്യുന്നവർക്കെതിരെ ചെറുത്തുനിൽക്കുന്ന തൊഴിലാളികളോടും കർഷകരോടും സർക്കാരും കോർപറേറ്റുകളും പുലർത്തുന്ന നിർദാക്ഷിണ്യ സമീപനത്തിന്റെ പ്രതിഫലനമാണ് ഈ രണ്ടു സംഭവങ്ങളും.

1991ൽ സാമ്പത്തിക പ്രതിസന്ധി ദേശീയ വികസനത്തിന്റെ വ്യവസ്ഥാപിത ഘടനയെ ബാധിച്ചപ്പോഴാണ് ഇന്ത്യൻ സമ്പദ്ഘടന വിദേശ നിക്ഷേപത്തിനായി തുറന്നിട്ടുകൊടുത്തത്. ഉദാരവൽക്കരണം എന്നത് ഇന്ത്യയിൽ മൂലധന ശക്തികൾക്ക് ഗണ്യമായ നേട്ടമുണ്ടാക്കുന്നതും തൊഴിലിനും തൊഴിൽ സംരക്ഷണ ഉപാധികൾക്കും പരിക്കേൽപ്പിക്കുന്നതുമായി മാറി. തൊഴിലാളി വർഗവും കർഷകരും പൊരുതി നേടിയ അവകാശങ്ങൾ ഘട്ടം ഘട്ടമായി പിൻവലിക്കപ്പെട്ടു.

ഈ പ്രവണത മനസ്സിലാക്കി ഇന്ത്യൻ തൊഴിലാളികൾ പ്രതിഷേധത്തിന്റെ ഒരു പരമ്പര തന്നെ തീർത്ത് അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ മുൻകൈയെടുത്തു. ലേബർ മാർക്കറ്റിന്റെ സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായിട്ടായിരുന്നു അവകാശങ്ങൾ കവർന്നത്. വഴക്കം (ഫ്ളക്സിബിലിറ്റി) എന്ന വാക്കിനർഥം നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപകർക്ക് ലാഭമുണ്ടാക്കുന്നതിനും തൊഴിലാളികൾ അവരുടെ അമൂല്യമായ അവകാശങ്ങളത്രയും അടിയറ വയ്ക്കുക എന്നതായി. തൊഴിലാളികൾ തന്നെ സമ്മർദത്തിലൂടെയും വില പേശലിലൂടെയും ഇളവുകൾ വരുത്തിയത് നവലിബറൽ സംവിധാനം സൃഷ്ടിച്ച തൊഴിലുകളിൽ നിരാശ സൃഷ്ടിക്കുന്നതായിരുന്നു.

വാഗ്ദാനം ചെയ്യപ്പെട്ട തരത്തിൽ വൻതോതിലുള്ള വ്യാവസായിക നിക്ഷേപമോ ഉയർന്ന നിലവാരത്തിലുള്ള തൊഴിലുകളോ ഗണ്യമായ രീതിയിൽ സാക്ഷാത്കരിക്കപ്പെട്ടില്ല. മാത്രവുമല്ല, സാമ്പത്തിക




എന്നിവയെല്ലാമാണ്. കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ ഉൽപ്പാദനപരമായ തൊഴിലിനുള്ള അവകാശവും സുരക്ഷിതമായ തൊഴിൽ സാഹചര്യങ്ങളും സാമൂഹ്യമായ സുരക്ഷിതത്വവും കൂട്ടായ വിലപേശലും എന്നൊക്കെ തന്നെ.

ഐഎൽഒയുടെ നിർദേശങ്ങൾ മിക്കവാറും രാജ്യങ്ങൾ ഗൗരവത്തിൽ എടുത്തിട്ടില്ല എന്നതാണ് സമീപകാല അനുഭവങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. ട്രേഡ് യൂണിയനുകളും തൊഴിലാളിവർഗത്തിന്റെ മറ്റ് സംഘടനകളും സെക്ടർ തല യൂണിയനുകളും ചേർന്നാണ് ഐക്യത്തോടെയും വിമോചന സാധ്യതകളുള്ള ഒരേയൊരു വേദി സൃഷ്ടിക്കുന്നത്. അത്തരം ശ്രമങ്ങൾ വിജയിപ്പിക്കുന്നതിൽ കോൺഫെഡറേഷനുകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നുമുണ്ട്. 1978-ലെ വ്യവസായ ബന്ധ നിയമങ്ങളിലെ വ്യവസ്ഥകൾ ദുർബലപ്പെടുത്തി അതിൽ വരുത്താനിരിക്കുന്ന മാറ്റങ്ങൾ സമരം നടത്താനുള്ള അവകാശത്തെ ഇല്ലാതാക്കും. ഈ നീക്കം ചെറുക്കുന്നതിന് ട്രേഡ് യൂണിയനുകളുടെ ദേശീയ കോ-ഓഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പോരാടിയിട്ടുണ്ട്. തൊഴിലാളി സംഘടനകളെ ദുർബലപ്പെടുത്തുന്നതിനുള്ള മറ്റൊരു ശ്രമമായിരുന്നു എസൻഷ്യൽ സർവീസ് മെയിന്റനൻസ് ആക്ട് (1981) അടിച്ചേൽപ്പിക്കൽ. ഈ കോ-ഓഡിനേഷൻ കമ്മിറ്റി 1982ൽ അതിനെതിരെ പൊതു പണിമുടക്കിന് നേതൃത്വം നൽകി. 1991 മുതൽ ഈ കമ്മിറ്റിയും കേന്ദ്ര ട്രേഡ് യൂണിയനുകളുടെ കോഓഡിനേഷനും ചേർന്ന് 22 പൊതു പണിമുടക്കുകൾ നടത്തി. ഓരോ പണിമുടക്കും തൊട്ടുമുമ്പത്തേതിനേക്കാൾ ശക്തവും വിപുലവുമായിരുന്നു.

2022 മാർച്ചിൽ വ്യവസായ മേഖലയിലെയും കെയർ മേഖലയിലെയും 200 ദശലക്ഷം തൊഴിലാളികൾ നടത്തിയ പണിമുടക്കിൽ രാജ്യം ഏറെക്കുറെ അടച്ചുപൂട്ടിയ സ്ഥിതിയിലായി. ഈ പണിമുടക്കുകളിൽ വൻ പങ്കാളിത്തമുണ്ടാകാൻ കാരണം അസംഘടിത മേഖലയിലെ തൊഴിലാളികളുടെ പോരാട്ടം കൂടി ഏറ്റെടുക്കായതിന്റെ ഫലമാണെന്ന് സിഐടിയു പ്രസിഡന്റ് കെ ഹേമലത പറഞ്ഞിട്ടുണ്ട്. ഈ വർഗസമരം സജീവവും ഗംഭീരവുമാണെങ്കിലും ഇക്കാലത്ത് ഇത്തരം ജനമുന്നേറ്റങ്ങളെ അനായാസം ഒരു രാഷ്ട്രീയ ശക്തിയായി പരിവർത്തനം ചെയ്യാനാവുന്നില്ല എന്ന ദൗർബല്യം നിലനിൽക്കുന്നുണ്ട്. സാമ്പത്തിക ശക്തികൾക്ക് ജനാധിപത്യത്തെ ദുർബലമാക്കാനും മതമൗലികവാദം പോലുള്ള വിഷലിപ്തമായ വലതുപക്ഷ ആശയങ്ങളെ കെട്ടഴിച്ചു വിടാനും സാധിക്കുന്നുണ്ട്. ഈ ആശയങ്ങൾക്ക് കൂട്ടായ ജീവിതത്തെ ക്രമേണ തകർക്കുന്ന വിധത്തിൽ സമുദായങ്ങളെ സ്വാധീനിക്കാൻ സാധിക്കുന്നുണ്ട്. എന്നിരുന്നാലും ഈ വർഗസമരത്തിൽ തൊഴിലാളികൾ ഊർജസ്വലരായി തന്നെ രംഗത്തുണ്ട്.•

വ്യാവസായിക വളർച്ചയിൽ മുരടിപ്പ് തുടർന്നു. അത് നിക്ഷേപത്തിന്റെ അഭാവംകൊണ്ടു മാത്രമല്ല, മറിച്ച് ഇന്ത്യൻ ജനതയിൽ നിന്നുള്ള ആവശ്യങ്ങൾ അടിച്ചമർത്തപ്പെട്ടതുകൊണ്ടു കൂടിയായിരുന്നു. ആവശ്യങ്ങൾ കുറഞ്ഞത് നിരാശാജനകമാം വിധം വേതനം കുറഞ്ഞതുകൊണ്ടും പൊതു ചെലവിന് പ്രത്യേകിച്ച് കാർഷിക മേഖലയിൽ നവലിബറൽ നയം കൊണ്ടുവന്ന തടസ്സങ്ങൾ കൊണ്ടുമാണ്.

ലോകത്തിന്റെ മറ്റിടങ്ങളിലേതു പോലെ തന്നെ ഇന്ത്യയിലും തൊഴിലാളികൾ അനിശ്ചിതത്വത്തിന്റെ ആഴങ്ങളിലേക്ക് പതിക്കുകയാണ്. മഹാമാരിയോടെ താൽക്കാലികവും അസ്ഥിരവുമായ തൊഴിലുകൾ ഗണ്യമായി വർധിച്ചതായി ഐഎൽഒയുടെ പ്രാദേശിക പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഈജിപ്ത് ഒരുദാഹരണം. അവിടെ അനിശ്ചിതമായ തൊഴിലുകൾ തീവ്രമായി വർധിക്കുകയും ലേബർ മാർക്കറ്റ് ഫ്ളക്സിബിലിറ്റി എന്നൊക്കെയുള്ള സാങ്കേതിക നാമങ്ങൾ ചാർത്തിക്കൊടുത്ത് തൊഴിലാളികൾക്കെതിരെ നിർദയമായ യുദ്ധം നടത്തുകയും ചെയ്യുന്നു.

2015ൽ പതിനേഴ് സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കായി ഐക്യരാഷ്ട്ര സഭ പാസാക്കിയ സുപ്രധാന പ്രമേയത്തിൽ ഒരുമിച്ച് ചേർന്നു നിൽക്കുന്നതും സുസ്ഥിരവും എല്ലാത്തിനെയും ഉൾച്ചേർക്കുന്നതുമായ സാമ്പത്തിക വികസനത്തെയും സമ്പൂർണവും ഉൽപ്പാദനക്ഷമവുമായ തൊഴിലിനെക്കുറിച്ചും എല്ലാവർക്കും വേണ്ട അന്തസ്സുള്ള തൊഴിലിനെക്കുറിച്ചും വ്യക്തമായി പറയുന്നുണ്ട്. അന്തസ്സുള്ള തൊഴിൽ എന്നതിൽ ഐഎൽഒ അർഥമാക്കുന്നത് പൂർണവും ഉൽപ്പാദനക്ഷമവുമായ തൊഴിൽ, തൊഴിലിനുള്ള അവകാശം, സാമൂഹ്യമായ സുരക്ഷിതത്വം, സാമൂഹ്യമായ സംവാദങ്ങളെ പ്രോത്സാഹിപ്പിക്കൽ




# തൊഴിലിന്റെ ഭാവി
## ലോക സാമ്പത്തികഫോറം റിപ്പോർട്ട്

2016 മുതൽ ലോക സാമ്പത്തിക ഫോറം തൊഴിലിന്റെ ഭാവി സംബന്ധിച്ച റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. 2023 മെയ് മാസം പുറത്തുവന്ന റിപ്പോർട്ട് ഇതിൽ നാലാമത്തേതാണ്. തൊഴിൽ മേഖലയിൽ അതിവേഗം നടന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും അതുമൂലം തൊഴിൽ ലഭ്യതയിൽ വരുന്ന കുറവും തൊഴിലിന്റെ ഘടനയിൽ വരുന്ന മാറ്റങ്ങളും റിപ്പോർട്ട് വിശദീകരിക്കുന്നു.

45 രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന 803 കമ്പനികളിലായി ജോലി ചെയ്യുന്ന 1.13 കോടി തൊഴിലാളികളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ പഠനം നടത്തിയിട്ടുള്ളത്. കൂടുതലും വികസിത രാജ്യങ്ങളിലെ വ്യവസായങ്ങളെ കുറിച്ചാണെങ്കിൽപ്പോലും ഈ പഠനത്തിലെ നിഗമനങ്ങൾ മിക്ക വ്യവസായങ്ങളെ സംബന്ധിച്ചും മിക്ക രാജ്യങ്ങളെ സംബന്ധിച്ചും ശരിയാണ്. തൊഴിൽ മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ മൂലം 8.3 കോടി തൊഴിൽ ഇല്ലാതാകുമെന്നും എന്നാൽ 6.9 കോടി തൊഴിൽ പുതുതായി സൃഷ്ടിക്കപ്പെടുമെന്നുമാണ് കണക്കാക്കപ്പെടുന്നത്. സമീപകാലത്ത് തന്നെ തൊഴിൽ ലഭ്യതയിൽ ഏറ്റവും കുറഞ്ഞത് 2 ശതമാനത്തിന്റെ കുറവുണ്ടാകും. തൊഴിലില്ലായ്മ ഇപ്പോൾ തന്നെ രൂക്ഷമായിരിക്കുന്ന ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ അഭ്യസ്തവിദ്യർക്ക് തൊഴിൽ ലഭിക്കാനുള്ള സാധ്യത ഇനിയും കുറയും.

പഠനവുമായി സഹകരിച്ച മിക്ക കമ്പനികളും പറയുന്നത് വിവിധ തരം ജോലികൾ ചെയ്യുന്നതിനായി അവർ കൂടുതലായി നിർമ്മിതബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ഉപയോഗിക്കും എന്നാണ്. ഇതുവഴി താഴ്ന്ന നിലവാരത്തിലുള്ള ജോലികൾ മാത്രമല്ല, ഉന്നതനിലവാരത്തിലുള്ള തൊഴിലുകളും പല വ്യവസായങ്ങളിലും കുത്തനെ ഇടിയും.

പൊതുമേഖലയെന്നോ സ്വകാര്യമേഖലയെന്നോ ഉള്ള വ്യത്യാസമില്ലാതെ ഇന്ത്യയിലെ കമ്പനികളിലും ഈ സ്ഥിതി സംജാതമാകും. തൊഴിലിന്റെ എണ്ണത്തിൽ മാത്രമല്ല ഇടിവുണ്ടാവുക, പരമ്പരാഗത തൊഴിലിന്റെ കൂലിയിലും ഇടിവുണ്ടാകും എന്നാണ് സൂചന. ചുരുക്കം ചില വളരെ ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ളവർക്ക് വലിയ ശമ്പളം ലഭിക്കും. എന്നാൽ സാങ്കേതിക വിജ്ഞാനം കുറഞ്ഞവർക്ക് തൊഴിൽ പോകുമെന്ന് മാത്രമല്ല, കൂലിയിലും ഇടിവുണ്ടാകും. ആഗോള തലത്തിൽ തന്നെ തൊഴിലിന്റെ ഭാവി വലിയ ഭീഷണിയിലാണ്.

വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ നിരീക്ഷണങ്ങൾ സർക്കാരുകൾ വളരെ ഗൗരവത്തിൽ കാണേണ്ടതാണ്. തൊഴിലില്ലായ്മ ഉയരുകയും ഉള്ള തൊഴിലിന്റെ കൂലി കുറയുകയും ചെയ്യുന്നത് സർക്കാരിന്റെ സാമ്പത്തിക നിലയിൽ തന്നെ പ്രശ്നങ്ങൾ ഉണ്ടാക്കും. ഉപഭോഗം കുത്തനെ ഇടിയുന്നതുവഴി നികുതിയിൽ കുറവുണ്ടാകാം. തൊഴിലില്ലാത്തവരെ സംരക്ഷിക്കാൻ കൂടുതൽ പണം കണ്ടെത്തേണ്ടിവരും.

ഇതിനെല്ലാം പുറമേ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം സമൂഹത്തിൽ വർദ്ധിക്കുന്നത് സാമൂഹികമായ സംഘർഷങ്ങൾക്കും കാരണമാകും. ചില രാജ്യങ്ങളിൽ ജനസംഖ്യയിൽ ഇടിവുണ്ടാകുന്നെങ്കിലും ലോകമാകെ എടുത്താൽ ജനസംഖ്യ ഉയർന്നുകൊണ്ടിരിക്കുകയാണ്. അത് 800 കോടിയിലേക്ക് എത്തും എന്നാണ് ഐക്യരാഷ്ട്രസഭയുടെ പോപ്പുലേഷൻ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്.

# സുഡാനിലെ കലാപം

സുഡാൻ വീണ്ടും അശാന്തമായിരിക്കുന്നു. 70 ലക്ഷം പേർ വസിക്കുന്ന തലസ്ഥാനമായ ഖാർത്തൂം 'പിശാചുക്കളുടെ നഗരമായി' മാറിയെന്നാണ് 'മിഡിൽ ഈസ്റ്റ് ഐ' റിപ്പോർട്ട് ചെയ്യുന്നത്. നിലവിലെ ഭരണാധികാരിയും സൈനിക മേധാവിയുമായ അബ്ദേൽ ഫത്തഹ് ബുർഹാനും ഉപ ഭരണാധികാരിയും അർധ സൈനിക സംഘമായ റാപിഡ് സപ്പോർട്ട് ഫോഴ്സ് (ആർഎസ്എഫ്) മേധാവി ജനറൽ മുഹമ്മദ് ഹംദാൻ ദഗാലോ എന്ന ഹമേത്തിയും തമ്മിലുള്ള അധികാരവടംവലിയാണ് ആഭ്യന്തരയുദ്ധത്തിന് വഴിമരുന്നിട്ടത്. ഇതിനു പിന്നിൽ പ്രത്യയശാസ്ത്രപരമായതർക്കങ്ങളോമതപരമോ ഭൂമിശാസ്ത്രപരമോ ആയ ഭിന്നതകളോ ഇല്ലെന്നർഥം. എന്നാൽ, പാശ്ചാത്യ ശക്തികളുടെ ഇടങ്കോലിടൽ നയം ഇതിനു പിന്നിലുണ്ട്.

ഏപ്രിൽ 15ന് ആരംഭിച്ച പോര് ഇതെഴുതുമ്പോഴും തുടരുകയാണ്. 424 പേർ മരിച്ചെന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്ക്. നാലായിരത്തോളം പേർക്ക് പരിക്കേറ്റു. പതിനായിരക്കണക്കിന് ജനങ്ങൾ സുഡാനിൽനിന്ന് പലായനം ചെയ്യുകയാണിപ്പോൾ. ഈദിനു പോലും വെടിനിർത്താൻ ഇരുവിഭാഗവും തയ്യാറായില്ല. ഖാർത്തൂം കേന്ദ്രീകരിച്ചാണ് പ്രധാന പോരാട്ടം നടക്കുന്നത്. വിമാനത്താവളവും പ്രധാന യുദ്ധകേന്ദ്രമാണ്. വിദേശപൗരന്മാരെ ഒഴിപ്പിക്കാൻ ആരംഭിച്ചിട്ടുണ്ടെന്നത് മാത്രമാണ് പ്രതീക്ഷ നൽകുന്ന കാര്യം.

2018 ഡിസംബറിലാണ് സുഡാനിൽ ജനാധിപത്യപ്രക്ഷോഭം ആരംഭിച്ചത്. റൊട്ടിക്കും പെട്രോളിനും വില വർധിപ്പിച്ച ഒമർ അൽ ബഷീർ സർക്കാരിന്റെ നടപടിയാണ് ജനങ്ങളെ പ്രകോപിപ്പിച്ചത്. സുഡാൻ കമ്യൂണിസ്റ്റ് പാർടി ഉൾപ്പെടെ 22 രാഷ്ട്രീയ പാർടിയുടെ കൂട്ടായ്മ നടത്തിയ സമരത്തിന്റെ ഫലമായി 2019 ഏപ്രിൽ 19ന് മൂന്ന് പതിറ്റാണ്ടു നീണ്ട ഒമർ അൽ ബഷീറിന്റെ സ്വേച്ഛാധിപത്യവാഴ്ചയ്ക്ക് അന്ത്യമായി. എന്നിട്ടും അധികാരം ജനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടില്ല. 2021ൽ ബുർഹാനും ഹമേത്തിയും കൈകോർത്താണ് അബ്ദല്ല ഹംദോക്കിന്റെ സിവിലിയൻ സർക്കാരിനെ അട്ടിമറിച്ച് അധികാരം കൈക്കലാക്കിയത്. സൈനിക നേതൃത്വത്തിന്റെ കൈകളിൽത്തന്നെ അധികാരത്തിന്റെ കടിഞ്ഞാൺ ലഭിച്ചു. അതിപ്പോഴും തുടരുന്നു.



ജനാധിപത്യ പ്രക്ഷോഭത്തിൽ പങ്കെടുത്ത യാഥാസ്ഥിതിക വലതുപക്ഷ കക്ഷികൾ ഫോഴ്സ് ഓഫ് ഫ്രീഡം ആൻഡ് ചെയിഞ്ച് (എഫ്എഫ്സി)എന്ന പേരിൽ ഇതേ സൈന്യവുമായി അനുരഞ്ജനത്തിൽ ഏർപ്പെടുകയും അതിന്റെ ഭാഗമായി ഒരു ഇടക്കാല സർക്കാരിന് ഏപ്രിലിൽ രൂപം നൽകാനും ധാരണയായിരുന്നു. എഫ്എഫ്സിയുടെ ഈ കീഴടങ്ങൽ നയത്തിൽ പ്രതിഷേധിച്ച് സുഡാൻ കമ്യൂണിസ്റ്റ് പാർടിയും മറ്റ് ഇടതുപക്ഷ കക്ഷികളും സഖ്യത്തിൽനിന്ന് പുറത്തുവന്നിരിക്കുകയാണ്. ജനാധിപത്യ സർക്കാരിനായുള്ള തുടർച്ചയായ പ്രക്ഷോഭത്തിലാണ് സുഡാൻ ഇടതുപക്ഷം.

ഇടക്കാല സർക്കാരിൽ എന്തിനാണ് രണ്ട് സൈന്യമെന്ന ബുർഹാന്റെ ചിന്താഗതിയാണ് പുതിയ പ്രതിസന്ധിക്ക് കാരണമായതെന്ന് പറയാം. അർധ സൈനിക സേനയായ ആർഎസ്എഫിനെ സൈന്യത്തിന്റെ ഭാഗമാക്കിയാൽ സമ്പൂർണാധികാരം നേടാൻ കഴിയുമെന്ന് ബുർഹാൻ മനസ്സിലാക്കി. അതിന്റെ ഭാഗമായി ആർഎസ്എഫിനെ സൈന്യത്തിലേക്ക് റിക്രൂട്ട് ചെയ്യാനുള്ള പദ്ധതിയും തയ്യാറാക്കപ്പെട്ടു. നാലരക്കോടിയിലധികം ജനസംഖ്യയുള്ള സുഡാനിൽ നാല് ലക്ഷത്തോളം പേരാണ് സൈന്യത്തിലുള്ളത്. ആർഎസ്എഫിൽ രണ്ട് ലക്ഷത്തിൽ താഴെയും. രണ്ട് വർഷത്തിനകം എല്ലാ ആർഎസ്എഫുകാരെയും സൈന്യത്തിന്റെ ഭാഗമാക്കണമെന്നാണ് ബുർഹാന്റെ വാദം.

എന്നാൽ, ആർഎസ്എഫ് സൈന്യത്തിന്റെ ഭാഗമാകുന്നതോടെ തന്റെ സ്ഥിതിയെന്താകുമെന്ന ആകുലത ഹമേത്തിയെ വേട്ടയാടി. കുറെക്കാലമായി രാജ്യത്തെ നമ്പർ ടു ആയി എണ്ണപ്പെടുന്നയാളാണ് ഹമേത്തി. തന്റെ കീഴിലുള്ള അർധ സൈനിക സേന മുഴുവൻ സൈന്യത്തിന്റെ ഭാഗമായാൽ നിലവിലുള്ള അധികാരവും പണസ്രോതസ്സും ഇല്ലാതാകുമെന്ന് ഹമേത്തി തിരിച്ചറിഞ്ഞു. തന്റെ ചിറകരിയാനാണ് ബുർഹാന്റെ പദ്ധതിയെന്ന് മനസ്സിലാക്കിയതോടെയാണ് പരസ്യമായ ഏറ്റുമുട്ടലിന് ഹമേത്തി തയ്യാറായത്.



കാലാവസ്ഥാവ്യതിയാനം

# WMO, IPCC റിപ്പോർട്ടുകൾ ഒരു മുന്നറിയപ്പ്



ജോസ് ടി എബ്രഹാം

2023 മാർച്ച്- ഏപ്രിൽ മാസങ്ങളിലായി കാലാവസ്ഥയും പാരിസ്ഥിതിക പ്രശ്നങ്ങളും സംബന്ധിച്ച് പ്രധാനപ്പെട്ട രണ്ട് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. ഒന്ന് ഏപ്രിൽ 21ന് പ്രസിദ്ധീകരിച്ച വേൾഡ് മെറ്റീരിയോളജിക്കൽ ഓർഗനൈസേഷന്റെ (WMO) 'State of the Climate 2022' റിപ്പോർട്ട്. രണ്ട് യുണൈറ്റഡ് നേഷൻസിന്റെ InterGovernmental Panel on Climate Change (IPCC)ന്റെ 'AR 6 Synthesis Report'. എ.ആർ 6 സിന്തസിസ് റിപ്പോർട്ട് കഴിഞ്ഞ 5 വർഷമായി IPCCപ്രസിദ്ധീകരിച്ച ആഗോള താപനം സംബന്ധിച്ചും ഹരിതഗൃഹ വാതകങ്ങൾ പരിസ്ഥിതിയിലുണ്ടാക്കുന്ന മാറ്റങ്ങൾ സംബന്ധിച്ചുമുള്ള റിപ്പോർട്ടുകളുടെ ഒരു സംഗ്രഹമാണ്.

## സ്റ്റേറ്റ് ഓഫ് ദി ക്ലൈമറ്റ് റിപ്പോർട്ട് 2022

വേൾഡ് മെറ്റീരിയോളജിക്കൽ ഓർഗനൈസേഷന്റെ സ്റ്റേറ്റ് ഓഫ് ദി ക്ലൈമറ്റ് റിപ്പോർട്ട് 2022 പറയുന്നത് പർവ്വതങ്ങളുടെ ശിഖരങ്ങൾ മുതൽ കടലിന്റെ അടിത്തട്ട് വരെ 2022 കാലത്തും കാലാവസ്ഥാ വ്യതിയാനം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു എന്നാണ് സൂചിപ്പിക്കുന്നത്. വരൾച്ച, വെള്ളപ്പൊക്കം ഉഷ്ണക്കാറ്റുകൾ എന്നിവ എല്ലാ ഭൂഖണ്ഡങ്ങളെയും ബാധിച്ച് കോടാനുകോടി ഡോളറിന്റെ നഷ്ടവും സംഭവിച്ചു. അന്റാർട്ടിക്കയിലെ ഐസ് പാളികൾക്ക് ചരിത്രത്തിലെ ഏറ്റവും വലിയ ഉരുകൽ സംഭവിച്ചത് 2022ലാണ്. അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതകങ്ങളുടെ ഏറ്റവും ഉയർന്ന അളവ് വർഷവുമായിരുന്നു 2022. ചരിത്രത്തിലെ ഏറ്റവും ഉയർന്ന താപനില രേഖപ്പെടുത്തിയ 8 വർഷങ്ങളാണ് 2015 മുതൽ 2022 വരെയുള്ള കാലം. ഐസ് പാളികൾ ഏറ്റവും കൂടുതൽ ഉരുകുകയും കടലിലെ ജലനിരപ്പ് ഏറ്റവും കൂടുതൽ ഉയരുകയും ചെയ്ത വർഷവുമാണ് 2022. ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം അനുസ്യൂതം ഉയർന്നുകൊണ്ടിരിക്കുന്നതോടൊപ്പം കാലാവസ്ഥയും അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ലോകമാകെയുള്ള ജനസമൂഹത്തിന് ഇതിന്റെ പ്രത്യാഘാതങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്നുണ്ട്.

അനേകം വിദഗ്ധരും സംഘടനകളും ബന്ധപ്പെട്ടാണ് 2022ലെ സ്റ്റേറ്റ് ഓഫ് ദി ക്ലൈമറ്റ് റിപ്പോർട്ട് തയ്യാറാക്കിയത്. വേൾഡ് ക്ലൈമറ്റ് റിസർച്ച് പ്രോഗ്രാം, ഗ്ലോബൽ അറ്റ്മോസ്ഫിയർ വാച്ച്, ഫുഡ് ആന്റ് അഗ്രികൾചറൽ ഓർഗനൈസേഷൻ, ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷൻ ഫോർ മൈഗ്രേഷൻ, യു.എൻ ഹൈകമ്മീഷൻ ഫോർ റഫ്യൂജീസ്, വേൾഡ് ഫുഡ് പ്രോഗ്രാം തുടങ്ങിയ പ്രധാനപ്പെട്ട സംഘടനകളെല്ലാം ഈ റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചിട്ടുണ്ട്.

2022ലെ താപനില 1850 - 1900 കാലത്തെ ശരാശരി താപനിലയേക്കാൾ 1.15 ഡിഗ്രി സെൽഷ്യസ് ഉയർന്നാണ് നിൽക്കുന്നത്. അന്തരീക്ഷത്തിൽ കാർബൺ ഡയോക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് എന്നീ ഹരിതഗൃഹവാതകങ്ങളുടെ സാന്ദ്രത 2021ൽ റിക്കോർഡ് നിലയിലെത്തി. 2022ലും ഹരിതഗൃഹ വാതകങ്ങളുടെ സാന്ദ്രത ഉയർന്നുകൊണ്ടിരിക്കുകയാണെന്നാണ് റിപ്പോർട്ട്.

## ഉയർന്നുകൊണ്ടിരിക്കുന്ന സമുദ്രനിരപ്പ്

1990ന് ശേഷം സമുദ്ര ജലനിരപ്പിന്റെ ഉയർച്ചാനിരക്ക് ഇരട്ടിയായി മാറിയിട്ടുണ്ട്. 1990കൾ മുതൽ ശാസ്ത്രജ്ഞന്മാർ ഉപഗ്രഹങ്ങളുടെ സഹായത്തോടെ സമുദ്രജലനിരപ്പ് നിരീക്ഷിച്ചുവരുന്നുണ്ട്. റഡാർ പൾസുകൾ ഉപയോഗിച്ചാണ് ഇത് നിർണ്ണയിച്ചിരുന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള സമുദ്രജലനിരപ്പ് ഉപഗ്രഹ സഹായത്തോടെ നിർണ്ണയിച്ചാണ് സമുദ്രജലനിരപ്പിന്റെ ഉയർച്ചയുടെ നിരക്ക് കണ്ടെത്തുന്നത്. വേൾഡ് മെറ്റീരിയോളജിക്കൽ ഓർഗനൈസേഷന്റെ റിപ്പോർട്ട് പ്രകാരം കഴിഞ്ഞ 30 വർഷമായി സമുദ്രജലനിരപ്പ് ക്രമേണ ഉയർന്നുകൊണ്ടിരിക്കുകയാണ്. 1993നും 2022നുമിടയിൽ 2.27 മില്ലി മീറ്ററാണ് ഓരോ വർഷവും ശരാശരി ഉയർന്നത്. എന്നാൽ 2013നും 2022നുമിടയിലെ ശരാശരി ഉയർച്ചാനിരക്ക് 4.62 മില്ലിമീറ്ററാണ്.

സമുദ്രനിരപ്പ് ഉയരാൻ പ്രധാന കാരണങ്ങൾ സമുദ്രത്തിലെ താപനില ഉയരുന്നതും ഐസ് പാളികൾ ഉരുകുന്നതുമാണ്. ഭൂമിയുടെ ജലനിരപ്പും സമുദ്രജലനിരപ്പിനെ ബാധിക്കും. 2005നും 2019നുമിടയിൽ ഉണ്ടായ സമുദ്ര ജലനിരപ്പിലെ ഉയർച്ചയുടെ 36 ശതമാനവും സംഭവിച്ചത് ഐസ് പാളികൾ ഉരുകുന്നതുമൂലമാണ്. കടലിലെ താപനിലയുടെ ഉയർച്ച മൂലമാണ് സമുദ്രനിരപ്പ് 55 ശതമാനവും ഉയർന്നത്. ഭൂമിയിലെ ജലനിരപ്പിലെ വ്യതിയാനം മൂലം 10 ശതമാനമാണ് സമുദ്രജലനിരപ്പ് ഉയർന്നത്.

സമുദ്രജലനിരപ്പ് ഇങ്ങനെ ഉയരുന്നതുമൂലം കരയുടെ അളവ് സ്വാഭാവികമായും കുറയാൻ കാരണമാകും. തീരദേശവാസികളെ ഇത് സാരമായി ബാധിക്കും. പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടതും ദരിദ്രരുമായ വിഭാഗങ്ങളെ.

## ഭക്ഷ്യസുരക്ഷ

2021ൽ 230 കോടിയോളം പേർ ഭക്ഷ്യസുരക്ഷ ഇല്ലാത്തവരായി മാറി. അതിൽ 92.4 കോടി ജനങ്ങൾ രൂക്ഷമായ ഭക്ഷ്യക്ഷാമത്തിന് വിധേയരായി. ഇതിൽ പകുതിയും ഏഷ്യയിലും ആഫ്രിക്കയിലും വസിക്കുന്ന ജനങ്ങളാണ്. 2022ലെ ഉഷ്ണക്കാറ്റ് മൂലം പാകിസ്ഥാനിലും ഇന്ത്യയിലും ഭക്ഷ്യ വിളവിൽ വലിയ ഇടിവുണ്ടായി. റഷ്യ–യുക്രൈൻ യുദ്ധവും ഭക്ഷ്യലഭ്യതയെ പ്രതികൂലമായി ബാധിച്ചു.

## എ.ആർ.6 സിന്തസിസ് റിപ്പോർട്ട്

മുൻപ് സൂചിപ്പിച്ചതുപോലെ കഴിഞ്ഞ അഞ്ചുവർഷമായി പ്രസിദ്ധീകരിച്ചുവരുന്ന റിപ്പോർട്ടുകളുടെ ഒരു തുടർച്ചയാണ് എ.ആർ. 6 സിന്തസിസ് റിപ്പോർട്ട്. ഈ റിപ്പോർട്ടിന്റെ പ്രധാന നിരീക്ഷണങ്ങൾ ചുവടെ പറയുന്നവയാണ്.

- മനുഷ്യന്റെ ഇടപെടലുകൾ മൂലമുള്ള കാലാവസ്ഥാ വ്യതിയാനം വലിയതോതിലുള്ള നാശനഷ്ടങ്ങൾ പ്രകൃതിക്കും മനുഷ്യ രാശിക്കുമുണ്ടാക്കുന്നുണ്ട്.
- ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം ആഗോളതാപനം 2030നും 2035നുമിടയിൽ ഒന്നര ഡിഗ്രിയെങ്കിലും ഉയരാൻ കാരണമാകും. ഇപ്പോൾ തന്നെ ആഗോള താപനം 1.1 ഡിഗ്രി സെൽഷ്യസ് ഉയർന്നുകഴിഞ്ഞു. ഈ രൂപത്തിൽ തുടർന്നാൽ 2100 ഓടെ അത് 3.2 ഡിഗ്രി ഉയരും.
- ആഗോള താപനം 1.5 ഡിഗ്രി സെൽഷ്യസ് പരിധിയിൽ നിർത്തണമെങ്കിൽ 2030 ഓടെ ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം 2019മായി താരതമ്യപ്പെടുത്തുമ്പോൾ 43 ശതമാനമെങ്കിലും കുറയ്ക്കണം.
- ആഗോള താപനവും കാലവസ്ഥാ വ്യതിയാനവും മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഏറ്റവും കൂടുതലായി ബാധിക്കുന്നത് ദരിദ്ര ജനവിഭാഗങ്ങളെയാണ്; പ്രത്യേകിച്ച് ആഫ്രിക്കയും ഇന്ത്യയും പോലുള്ള അവികസിതവും വികസ്വരവുമായ രാജ്യങ്ങളെ.
- കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കാൻ ഊർജ്ജ ഉപഭോഗത്തിന്റെ രീതിയാകെ മാറണം. പെട്രോളിയം വസ്തുക്കളുടെ ഉപയോഗം ഏറ്റവും കുറയ്ക്കണം. കാലാവസ്ഥാ വ്യതിയാനവും അതിന്റെ പ്രത്യാഘാതങ്ങളും സംബന്ധിച്ച് വേൾഡ് മെറ്റീരിയോളജിക്കൽ ഓർഗനൈസേഷനും ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ചും പല വർഷങ്ങളായി അനേകം റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ റിപ്പോർട്ടുകൾ മനുഷ്യന്റെ പ്രകൃതിയിലെ ഇടപെടലും അതിന്റെ പ്രത്യാഘാതങ്ങളും സംബന്ധിച്ച് മുന്നറിയിപ്പുകൾ നൽകുകയും ചെയ്തിട്ടുണ്ട്. എങ്കിലും അതിലെ നിർദ്ദേശങ്ങളൊന്നും പ്രവൃത്തിഫലത്തിൽ വന്നിട്ടില്ല. മുൻപ് പലപ്പോഴും ഈ കോളത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ മുതലാളിത്ത സാമ്പത്തിക വ്യവസ്ഥിതി നിലനിൽക്കുന്നിടത്തോളം കാലം പരിസ്ഥിതി പ്രശ്നങ്ങൾക്കും ശാശ്വതമായ ഒരു പരിഹാരം ഉണ്ടാകില്ല എന്നതാണ് വസ്തുത.•

# പുര കത്തുമ്പോൾ വാഴവെട്ടുന്നവർ



ബിജെപി ഭരണമുള്ള വടക്കു കിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ പ്രബലമായ മെയ്ത്തി സമുദായക്കാരും ഗോത്രവിഭാഗമായ കുക്കികളും തമ്മിലുള്ള ഏറ്റുമുട്ടൽ തടയാനാകാതെ പകച്ചിരിക്കയാണ് ബിജെപി സർക്കാർ. തലസ്ഥാനമായ ഇംഫാൽ, ചുരാചന്ദ്പുർ, ഇംഫാൽ വെസ്റ്റ്, കാക്ചിങ്, തൗബൽ, ജിരിബാം, ബിഷ്ണുപുർ, കാങ്പോക്പി കാക്കിങ്മേഖലകളിൽ സംഘർഷം രൂക്ഷമായ സാഹചര്യത്തിൽ ഈ ജില്ലകളിൽ കർഫ്യൂ പ്രഖ്യാപിച്ചു. മൊബൈൽ ഇന്റർനെറ്റ് സേവനങ്ങളും നിരോധിച്ചു. കലാപകാരികളുടെ ആക്രമണത്തിൽ ബിജെപി എംഎൽഎ വുങ്സാഗിൻ വൽത്തയ്ക്കും പരിക്കേൽക്കുകയുണ്ടായി. പൊലീസ് പരിശീലനകേന്ദ്രത്തിലേക്ക് ഇരച്ചുകയറിയ അക്രമികൾ ആയുധങ്ങൾ കൊള്ളയടിച്ചു. ഏറ്റുമുട്ടലുകളിലും പൊലീസ് നടപടികളിലും നിരവധിപേർ മരിച്ചതായി വാർത്തയുണ്ട്. അക്രമികളെ കണ്ടാലുടൻ വെടിവയ്ക്കാൻ ഗവർണർ അനുസിയ ഉയ്കെ കലക്ടർമാർ അടക്കമുള്ളവർക്ക് നിർദേശം നൽകിയിരിക്കയാണ്.1973ലെ ക്രിമിനൽ കോഡ് പ്രകാരമാണ് ഉത്തരവ്. സംഘർഷമേഖലകളിൽ കരസേന ഫ്ളാഗ് മാർച്ച് നടത്തി. ദ്രുതകർമസേനയെ വ്യോമമാർഗം എത്തിച്ചു. നിരവധി വീടുകളും സ്വത്തുക്കളും വാഹനങ്ങളും ആരാധനാലയങ്ങളും അക്രമികൾ തകർത്തു. ജനസംഖ്യയിൽ ഭൂരിപക്ഷമായ മെയ്ത്തികളെ പട്ടികവർഗ വിഭാഗത്തിൽപ്പെടുത്താനുള്ള നീക്കത്തിനെതിരെ ഗോത്രവിഭാഗമായ കുക്കികൾ നീങ്ങിയതാണ് കലാപത്തിന്റെ കാരണം. ഈ സംഘർഷത്തെ വർഗീയമാക്കാൻ കാവിപ്പട ആകുന്ന നിലയിലെല്ലാം ശ്രമിക്കുകയാണ്. കലാപം ആളിക്കത്തിയതോടെ സംസ്ഥാനത്തേക്കുള്ള എല്ലാ ട്രെയിനും റെയിൽവേ റദ്ദാക്കി. കലാപം അരക്ഷിതാവസ്ഥ തീർത്ത പ്രദേശങ്ങളിൽനിന്ന് ഒമ്പതിനായിരത്തിലധികം ആളുകളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റിയതും പ്രശ്നത്തിന്റെ തീവ്രതയുടെ തെളിവാണ്.

2023 ഏപ്രിൽ അവസാനമാണ് ജനസംഖ്യയുടെ 53 ശതമാനം വരുന്ന മെയ്ത്തി സമുദായത്തെ ഗോത്രവർഗത്തിൽ ഉൾപ്പെടുത്തണമെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചത്. ആ വിധിക്കെതിരെ ഗോത്രവിഭാഗമായ ഓൾ ട്രൈബൽ സ്റ്റുഡന്റ് യൂണിയൻ മണിപ്പൂർ (എടിഎസ് യുഎം) ചുരാചന്ദ്പുരിലെ തോർബങ്ങിൽ നടത്തിയ റാലിക്ക് പിന്നാലെയാണ് സംഘർഷം പൊട്ടിപ്പുറപ്പെട്ടത്. ആയിരക്കണക്കിന് പ്രക്ഷോഭകർ പങ്കെടുത്ത റാലി ബിഷ്ണുപുരിൽ എത്തിയപ്പോൾ ചില വിഭാഗങ്ങളുമായി ഏറ്റുമുട്ടലുണ്ടായി. അത് പരസ്പര ആക്രമണത്തിലേക്ക് നയിച്ചു. തുടർന്നാണ് ആദിവാസിവിഭാഗങ്ങൾ 10 മലയോര ജില്ലകളിൽ പ്രതിഷേധം പ്രഖ്യാപിച്ചത്. തുടർന്ന് സംസ്ഥാനത്തുടനീളം കലാപം വ്യാപിപ്പിച്ചു. ആക്രമണങ്ങൾ തടയാൻ സൈന്യത്തെയും അർധസൈനിക വിഭാഗത്തെയുംകൂടി വിന്യസിച്ചിട്ടുണ്ട്. മണിപ്പൂരിന്റെ മനഃശാസ്ത്രവും വൈകാരികതയും തന്ത്രപ്രാധാന്യവും വകവയ്ക്കാതെ ഉപദേശങ്ങളെയും പ്രഖ്യാപനങ്ങളെയും ബലപ്രയോഗത്തെയും ആശ്രയിക്കുകയാണ് കേന്ദ്ര സർക്കാരും ബിജെപി നേതാക്കളും. കൂടിയാലോചനയിലൂടെ രാഷ്ട്രീയ പരിഹാരം തേടുന്നതിനു പകരം തെരഞ്ഞെടുപ്പുപര്യടനങ്ങളുടെ തിരക്കിലാണ് നരേന്ദ്ര മോദിയും അമിത് ഷായും മറ്റും. അധികാരംമാത്രം ലക്ഷ്യമാക്കിയുള്ളവർ 'പുരകത്തുമ്പോൾ വാഴ വെട്ടുകയാണ്' എന്നുപറയാം.



# പുൽവാമയുടെ കാണാപ്പുറങ്ങൾ



നാൽപ്പത് ധീരജവാൻമാരെ കൊലയ്ക്കുകൊടുത്തിട്ട് എന്തുനേടിയെന്ന ചോദ്യത്തിന്റെ ഉത്തരം സുവ്യക്തമാണ്. നരേന്ദ്ര മോദി തുടർഭരണം നേടി. അതെ, 2019 ഫെബ്രുവരി 14ന് സിആർപിഎഫ് ജവാൻമാരുടെ ശരീരം തുണ്ടുതുണ്ടായി ചിതറിത്തെറിക്കുമ്പോൾ, ലോക്സഭാ തെരഞ്ഞെടുപ്പിന് അവശേഷിച്ചിരുന്നത് എട്ട് ആഴ്ചമാത്രം. ജമ്മു കശ്മീരിലെ പുൽവാമയിൽ അർധസൈനികരെ കൂട്ടക്കൊല ചെയ്തതിന്റെ പന്ത്രണ്ടാംനാൾ ഇന്ത്യൻ പോർവിമാനങ്ങൾ പാകിസ്ഥാനിലേക്ക് ഇരച്ചുകയറി ഭീകരത്താവളമായ ബാലാകോട്ട് തുരുതുരാ ബോംബുകൾ വർഷിച്ചു. പുൽവാമയിൽ ഒഴുക്കിയ രക്തത്തിന് ഇന്ത്യ പ്രതികാരം ചെയ്തു. 300 തീവ്രവാദികളെ കൊലപ്പെടുത്തിയെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തത്. ഔദ്യോഗിക ഭാഷ്യത്തിന് തെളിവു ചോദിക്കാൻ ആരും ധൈര്യപ്പെട്ടില്ല. ദേശദ്രോഹിയെന്ന ചാപ്പകുത്തൽ ആർക്കാണു സഹിക്കാനാകുക.

പുൽവാമ ഉൾപ്പെടെ നിരവധി ദുരന്തങ്ങൾ കശ്മീരും ഇന്ത്യയും ഏറ്റുവാങ്ങിയ കാലത്ത് ജമ്മു കശ്മീർ ഗവർണറായിരുന്ന സത്യപാൽ മലിക് 'ദ വയർ' ഓൺലൈൻ ചാനലിന് നൽകിയ അഭിമുഖമാണ് മോദി ഭരണത്തിലെ കുടിലതകൾ വീണ്ടും ചർച്ചാ വിഷയമാക്കിയത്. അന്നുതന്നെ പുറത്തുവന്ന ഞെട്ടിപ്പിക്കുന്ന വസ്തുതകൾ ഇപ്പോൾ ഏറ്റുപറഞ്ഞു എന്നതിലപ്പുറമുള്ള പ്രാധാന്യമൊന്നും മലിക്കിന്റെ വെളിപ്പെടുത്തലിന് കൽപ്പിക്കേണ്ടതില്ല. എന്നാൽ, പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും ദേശീയ സുരക്ഷാ ഉപദേഷ്ടാവുമെല്ലാം സംസ്ഥാന ഭരണത്തലവനായ ഗവർണറെ ഭീഷണിപ്പെടുത്തി അടക്കിനിർത്തിയെന്ന തുറന്നുപറച്ചിലിൽ പുതുമയുണ്ട്.

ഭീകരാക്രമണ ഭീഷണിയുള്ള അതിസുരക്ഷാ മേഖലയിൽ 2547 സിആർപിഎഫ് ജവാൻമാരുമായി 78 വാഹനത്തിന്റെ കോൺവോയ് കടന്നുവരുമ്പോൾ ഇടറോഡിൽനിന്ന് കുതിച്ചെത്തിയ ഒരു വാഹനം സൈനിക ട്രക്കിൽ ഇടിച്ചുകയറ്റുകയായിരുന്നു. 300 കിലോയിലേറെ സ്ഫോടകവസ്തു സൃഷ്ടിച്ച ഭയാനക സ്ഫോടനത്തിൽ നാടിന്റെ കാവൽഭടൻമാരായ 40 യുവാക്കൾ പൊലിഞ്ഞുപോയപ്പോൾ, ഇന്ത്യയുടെ ശിരസ്സാണു കുനിഞ്ഞത്. ഇത്രയും ദുർബലമോ നമ്മുടെ സുരക്ഷാ കരുതലുകൾ. ഇത്രയേയുള്ളോ നമ്മുടെ രഹസ്യാന്വേഷണ സംവിധാനം. ഉത്തരം ലളിതമാണ്. ലോകോത്തരമാണ് ഇന്ത്യയുടെ സു

രക്ഷാ ഇന്റലിജൻസ് സംവിധാനങ്ങൾ. പക്ഷേ, സംഭവിച്ചത് സുരക്ഷാ വീഴ്ചയല്ല. സുരക്ഷാ അട്ടിമറിയാണ്. ഭീകരാക്രമണങ്ങൾ തുടർക്കഥയായ കശ്മീർ താഴ്വരയിൽ ഇത്രയും വലിയ സൈനിക കോൺവോയ് നീങ്ങുമ്പോൾ ഇടറോഡുകളിൽ ഭീകരർ ബോംബുകൂമ്പാരവുമായി സഞ്ചരിച്ചതെങ്ങനെ. സംഭവത്തിന്റെ തലേന്നത്തേത് ഉൾപ്പെടെ പതിനൊന്ന് ഇന്റലിജൻസ് റിപ്പോർട്ട് നേരിട്ടുള്ള ഭീകരാക്രമണ സാധ്യതയെക്കുറിച്ചുള്ളതായിരുന്നു. ഒന്നുപോലും ഉത്തരവാദപ്പെട്ടവർ ഗൗനിച്ചില്ല. മാത്രമല്ല, ബോംബു നിറച്ച ഈ വാഹനം കശ്മീരിൽ പന്ത്രണ്ടു ദിവസം കറങ്ങിയതായി പിന്നീട് തെളിവ് ലഭിച്ചു. അക്രമികൾക്കു നേരെ കണ്ണടയ്ക്കാൻ ഏത് അധികാര കേന്ദ്രത്തിൽനിന്നാണ് നിർദേശം പോയത്. സിആർപിഎഫ് ആവശ്യപ്പെട്ടിട്ടും വിമാനങ്ങൾ നൽകാതിരുന്നതെന്തുകൊണ്ട്. ഇന്റലിജൻസ് സുരക്ഷാ വീഴ്ചയെക്കുറിച്ച് ആരാഞ്ഞ ഗവർണറുടെ വായടപ്പിച്ചവരല്ലേ ഇതിന് മറുപടി പറയേണ്ടത്.

കശ്മീരിനെ ഒരു പ്രശ്ന സംസ്ഥാനമാക്കി നിലനിർത്താൻ ആഗ്രഹിച്ച ബിജെപി ഭരണം ഒടുവിൽ 370-ാം വകുപ്പ് എടുത്തുകളഞ്ഞതിനെക്കുറിച്ച് മലിക് പറയുന്നത്, മോദി കശ്മീരിനെക്കുറിച്ച് അജ്ഞനെന്നാണ്. എന്നാൽ, തങ്ങളുടെ 'രാഷ്ട്രീയ ദേശീയത'യുടെ മറുവശത്ത് കശ്മീരിനെ പ്രതിഷ്ഠിച്ച് നേട്ടം കൊയ്യുന്നത് മോദിയുടെ അതിബുദ്ധിയാണെന്ന് ഓരോ വെളിപ്പെടുത്തലും തെളിയിക്കുന്നു. ജവാൻമാരുടെ രക്തസാക്ഷിത്വവും പാകിസ്ഥാനോടുള്ള പ്രതികാരവും തെരഞ്ഞെടുപ്പും തുടർഭരണവുമെല്ലാം ഇത്തരത്തിൽ ചേർത്തു വായിക്കാവുന്നതാണ്. ഇതുസംബന്ധിച്ച് ഗൗരവതരമായ അന്വേഷണമോ തുടർനടപടികളോ ഉണ്ടാകാത്തതും യാദൃച്ഛികമല്ല. ഹിന്ദുത്വ രാഷ്ട്രീയത്തിനായി എന്തു വഴിവിട്ട നീക്കം നടത്താനും സംഘപരിവാറിന് മടിയില്ല. അതിൽ പ്രത്യക്ഷമായതും ഗൂഢമായതുമുണ്ട്. യുപിയിൽ ഗുണ്ടാവേട്ടയെന്ന ലേബലിൽ നടക്കുന്ന തെരുവുകൊലപാതകങ്ങളിലും സംഘപരിവാർ അജൻഡ വ്യക്തമാണ്. ഹിറ്റ്ലറും മുസോളിനിയുമാണ് അവരെ നയിക്കുന്നത്. ഓരോ തെരഞ്ഞെടുപ്പിലും ബിജെപി രാജ്യത്തിനുമേൽ കെട്ടിയേൽപ്പിക്കുന്ന ദുരന്തങ്ങൾ വർധിച്ചുവരികയാണ്. ഈ ഫാസിസ്റ്റ് ശൈലി രാജ്യത്തിന് അത്യന്തം അപകടകരവുമാണ്.

## മാധ്യമസ്വാതന്ത്ര്യ സൂചികയിൽ ഇന്ത്യ 161-ാമത്

മോദി ഭരണത്തിൽ നാവരിയപ്പെടുന്ന ഇന്ത്യൻ മാധ്യമങ്ങളുടെ ദുരവസ്ഥ വ്യക്തമാക്കി ലോക മാധ്യമസ്വാതന്ത്ര്യ സൂചിക. 180 രാജ്യങ്ങളുടെ പട്ടികയിൽ ഇക്കൊല്ലം ഇന്ത്യ 161-ാം സ്ഥാനത്തായി. 2022ലെ 150ാം സ്ഥാനത്തേക്കാൾ 11 ഇടം പിറകിൽ. പാരീസ് ആസ്ഥാനമായ റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സാണ് (ആർഎസ്എഫ്) റിപ്പോർട്ട് പുറത്തിറക്കിയത്. ഭീകരസംഘടനയായ താലിബാൻ ഭരിക്കുന്ന അഫ്ഗാനിസ്ഥാൻപ്പോലും മാധ്യമസ്വാതന്ത്ര്യത്തിൽ ഇന്ത്യയേക്കാൾ വളരെ മുന്നിൽ; 152-ാം സ്ഥാനം.

മാധ്യമപ്രവർത്തകരുടെ അവസ്ഥ അതിദയനീയമെന്ന് സംഘടന വിലയിരുത്തുന്ന 31 രാഷ്ട്രങ്ങളുടെ പട്ടികയിലാണ് നിലവിൽ ഇന്ത്യ. ഏഷ്യയിൽ മാധ്യമസ്വാതന്ത്ര്യത്തിൽ ഇന്ത്യ ഏറ്റവും പിന്നിൽ. ബംഗ്ലാദേശ്: 163, പാകിസ്ഥാൻ: 150, ഭൂട്ടാൻ: 90, ശ്രീലങ്ക: 135 സ്ഥാനങ്ങളിൽ. നോർവേ, അയർലൻഡ്, ഡെന്മാർക്ക് എന്നിവയാണ് സൂചികയിൽ ആദ്യ മൂന്നുസ്ഥാനത്ത്.

കുറച്ച് വർഷങ്ങളായി ഇന്ത്യയിൽ മാധ്യമസ്വാതന്ത്ര്യം മോശമായി. 2016ൽ 133-ാം സ്ഥാനത്തായിരുന്നത് 2021ൽ 142ൽ എത്തി. '2014 മുതൽ നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ ഭരിക്കുന്ന ഇന്ത്യയിൽ മാധ്യമസ്വാതന്ത്ര്യം പ്രതിസന്ധിയിലാണ്. മാധ്യമപ്രവർത്തകർക്കുനേരെ കൂടിവരുന്ന ആക്രമണം, മാധ്യമങ്ങൾക്കിടയിലെ രാഷ്ട്രീയ ഭിന്നതകൾ, മാധ്യമ ഉടമസ്ഥതയുടെ കേന്ദ്രീകരണം തുടങ്ങിയവയെല്ലാം ഇക്കാലയളവിൽ ഇന്ത്യൻ മാധ്യമങ്ങളെ ശോചനീയ അവസ്ഥയിലാക്കി' റിപ്പോർട്ട് പറയുന്നു.

മോദി സർക്കാരും കോർപറേറ്റുകളും തമ്മിലുള്ള പരസ്പര സഹായ ധാരണയാണ് മാധ്യമങ്ങളെ അപകടത്തിലാക്കിയതെന്ന് മോദി- മുകേഷ് അംബാനി കൂട്ടുകെട്ട് ഉദാഹരണമാക്കി റിപ്പോർട്ട് ചൂണ്ടിക്കാട്ടി. റിലയൻസ് ഇൻഡസ്ട്രീസ് ഗ്രൂപ്പ് രാജ്യത്ത് 70 മാധ്യമ സ്ഥാപനങ്ങൾ സ്വന്തമാക്കി. മോദിയുടെ മറ്റൊരു സുഹൃത്തായ ഗൗതം അദാനി എൻഡിടിവി കൈപ്പിടിയിലാക്കിയതും റിപ്പോർട്ട് ചൂണ്ടിക്കാട്ടി.മാധ്യമപ്രവർത്തകരുടെ സുരക്ഷയിലാണ് ഇന്ത്യ ഏറ്റവും മോശം(172-ാം സ്ഥാനം). 180 രാജ്യങ്ങളിൽ ഇന്ത്യയേക്കാൾ പിന്നിൽ ചുരുക്കം രാജ്യങ്ങൾ മാത്രം.

# മാധ്യമ സ്വാതന്ത്ര്യം



കെ.എസ്.സുനിൽകുമാർ

കേന്ദ്രസർക്കാർ രാജ്യത്ത് നിരന്തരമായി ജനവിരുദ്ധ തൊഴിലാളി വിരുദ്ധ സമീപനങ്ങളാണ് സ്വീകരിച്ചുപോരുന്നത്. തൊഴിലാളികൾക്കും കർഷകർക്കും സാധാരണ ജനങ്ങൾക്കുമെതിരായി ദ്രോഹനയങ്ങൾ നടപ്പിലാക്കാനും ജനാധിപത്യത്തെ വെല്ലുവിളിക്കാനുമാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. ജനങ്ങളുടെ ജീവിതത്തെ അസ്ഥിരപ്പെടുത്തുന്ന നയങ്ങളിലൂടെ രാജ്യത്തിന്റെ സാമ്പത്തികാവസ്ഥ തന്നെ തകർക്കപ്പെട്ടിരിക്കുകയാണ്.

വർക്കിങ് ജേണലിസ്റ്റ് ആക്റ്റ് എന്നത് ഇന്ത്യൻ പത്രപ്രവർത്തകരുടെ അവകാശം സംരക്ഷിക്കുന്ന ഏറ്റവും സുപ്രധാനമായ നിയമമായിരുന്നു. സാമൂഹ്യസുരക്ഷ ബിൽ പാർലമെന്റ് പാസാക്കിയതോടെ ഇന്ത്യൻ പത്രപ്രവർത്തകരുടെ പ്രതീക്ഷയായിരുന്ന വർക്കിങ് ജേണലിസ്റ്റ് ആക്ടിൽ ഇല്ലാതായി. വർക്കിങ് ജേണലിസ്റ്റ് ആക്റ്റിൽ വ്യവസ്ഥ ചെയ്തതിന്റെ ബലത്തിലായിരുന്നു മാധ്യമപ്രവർത്തകർക്കുവേണ്ടി കേന്ദ്ര സർക്കാർ വേജ് ബോർഡുകളെ നിയമിച്ചിരുന്നത്. വേജ് ബോർഡിലെ പുതിയ വ്യവസ്ഥകൾ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ തയ്യാറാകാത്ത മാധ്യമ കോർപ്പറേറ്റുകളുടെ താൽപര്യങ്ങൾക്ക് അനുസൃതമാണ്.

കേന്ദ്രസർക്കാരിനെ സംരക്ഷിക്കുക എന്നുള്ളത് കോർപ്പറേറ്റുകളുടെ ബാധ്യതയാണ്. ജനങ്ങളുടെ ശബ്ദമാക്കേണ്ട മാധ്യമങ്ങൾ കോർപ്പറേറ്റുകൾ പിടിച്ചെടുക്കുകയും അവയെ കേന്ദ്രസർക്കാരിന്റെ താല്പര്യങ്ങളെ സംരക്ഷിക്കുന്ന തരത്തിൽ ഉപയോഗിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. അത്തരത്തിലുള്ള മാറ്റങ്ങളെ മാധ്യമ സ്ഥാപനങ്ങളിലെ തൊഴിലാളികൾ ചെറുത്തു. അവർ സമരങ്ങളും ഭേദഗതിക്കു മുമ്പുണ്ടായിരുന്ന തൊഴിൽ നിയമങ്ങളും കൊണ്ടു പ്രതിരോധം തീർത്തു. അത്തരമൊരു ഘട്ടത്തിലാണ് തൊഴിൽ നിയമങ്ങളെ ഭേദഗതി ചെയ്യുന്നതിലൂടെ നിലപാടുള്ള തൊഴിലാളികളെ നിശബ്ദരാക്കാനുള്ള നീക്കം കോർപ്പറേറ്റുകൾക്ക് വേണ്ടി കേന്ദ്രസർക്കാർ നടത്തിയത്. നിഷ്പക്ഷമായി തൊഴിലെടുക്കേണ്ട മാധ്യമപ്രവർത്തകർക്ക് അതിനുള്ള അവസരം നിഷേധിക്കപ്പെടുകയും മാധ്യമ മുതലാളിമാർ നിശ്ചയിക്കുന്ന അജണ്ടകൾ അതേപടി നടപ്പിലാക്കാനുള്ള ഉപകരണങ്ങൾ മാത്രമായി മാറുകയും ചെയ്തു.

ഒപ്പം നിർത്താൻ ശ്രമിക്കുക വഴങ്ങുന്നില്ലെങ്കിൽ പിടിച്ചെടുക്കുകയും ഇല്ലാതാക്കുകയും ചെയ്യുക എന്നതാണ് സംഘപരിവാർ ഇന്ത്യയിൽ നടപ്പിലാക്കിവരുന്ന രീതി. ജനാധിപത്യത്തിന്റെ മഹാശബ്ദമാകേണ്ട പല മാധ്യമങ്ങളും മോദി സർക്കാർ രണ്ടാമത് അധികാരത്തിൽ എത്തിയതോടെ ഭയപ്പെട്ടു. ആർ.എസ്.എസ് മുൻകൈയെടുത്ത് ജനാധിപത്യപരമായി പ്രവർത്തിക്കുന്ന മാധ്യമങ്ങളിൽ തങ്ങളുടെ ആളുകളെ ഉൾപ്പെടുത്താനുള്ള ശ്രമം നടത്തുന്നുണ്ട്. മറ്റു ചില മാധ്യമങ്ങൾ ഞങ്ങൾ നിങ്ങളുടെ ആളുകളെ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങളിലേക്കു കൊണ്ടുവരാൻതയ്യാറാണെന്ന് പ്രഖ്യാപിക്കുകയാണ്. കേന്ദ്ര ഭരണാധികാര സംവിധാനങ്ങൾ ഉപയോഗിച്ചുള്ള നേരിട്ടുള്ള ഇടപെടലുകളും സംഘപരിവാർ നടത്തുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ കീഴിലാണ് പത്ര സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ രജിസ്ട്രേഷനുകളും നടക്കുന്നത്. തങ്ങളുടെ ഭരണകൂട സംവിധാനങ്ങൾ ഉപയോഗിച്ച് തങ്ങൾക്കെതിരായ മാധ്യമ ഓഫീസുകൾ റെയ്ഡ് ചെയ്യുന്ന സംഭവമടക്കം സമീപകാലത്ത് നടന്നു.

കോർപ്പറേറ്റുകൾ വ്യക്തമായ സ്വകാര്യതാൽപര്യങ്ങളോടുകൂടി ഇന്ത്യൻ ജനാധിപത്യത്തിന്റെ നാലാം തൂണായ മാധ്യമങ്ങളെ വിലയ്ക്കെടുക്കുന്നതിന്റെ സമീപകാല ഉദാഹരണങ്ങളിൽ ഒന്നാണ് ഇന്ത്യയിൽ ഫാസിസ്റ്റ് മുന്നണിക്കെതിരെ ശക്തമായ പ്രതിരോധമായി നിലനിന്ന എൻഡിടിവിയെ നിഗൂഢ ലക്ഷ്യങ്ങളോടുകൂടി പിൻവാതിലിലൂടെ ഉടമസ്ഥാവകാശം കരസ്ഥമാക്കിയ രീതി. ഇന്ത്യയിൽ ഫാസിസത്തിനെതിരെ ജനാധിപത്യ തുരുത്തായി പൊരുതി നിൽക്കുന്ന കേരളത്തിൽ ഇതേ കോർപ്പറേറ്റുകൾ കൃത്യമായ മൂലധന താല്പര്യത്തോടുകൂടി അതിഭീകരമായ രീതിയിൽ മാധ്യമ രംഗത്തേക്ക് പണം ഒഴുക്കുന്നതിന്റെ ഉദാഹരണങ്ങൾ വന്നു തുടങ്ങിയിട്ടുണ്ട്.

പുരോഗമനപരവും വസ്തുനിഷ്ഠാപരവുമായി വാർത്തകൾ ജനങ്ങളിലേക്ക് എത്തിക്കാനുള്ള ഉത്തരവാദിത്വം മാധ്യമങ്ങൾക്കുണ്ട്. ഇന്ത്യയുടെ ജനാധിപത്യത്തെയും ബഹുസ്വരതയെയും നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ചരിത്രപരമായ ഉത്തരവാദിത്വമുള്ളവരാണ് മാധ്യമങ്ങൾ. കോർപ്പറേറ്റുകളും ഭരണകൂടവും ഒന്നിച്ച് നിന്ന് ജനങ്ങളെ വഞ്ചിക്കാൻ ശ്രമിക്കുമ്പോൾ തൊഴിലാളികളായ മാധ്യമപ്രവർത്തകർ അതിശക്തമായ പ്രതിരോധം തീർക്കേണ്ടതുണ്ട്.

വന്ദേ ഭാരത് ട്രെയിൻ



# പ്രചണ്ഡ പ്രചരണത്തിന് പിന്നിൽ

**ആർ ജി പിള്ള**

പ്രസിഡന്റ്, റെയിൽവേ കോൺട്രാക്ട് കാറ്ററിംഗ് ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ

ഇന്ത്യയുടെ സ്വന്തമായി നിർമിച്ച സെമി ഹൈസ്പീഡ് ട്രെയിൻ ആയ വന്ദേ ഭാരത് എക്സ്പ്രസ്സ് ഓടിത്തുടങ്ങിയത് ന്യൂഡൽഹി കാൺപൂർ അലഹബാദ് വാരാണസി റൂട്ടിലാണ്. 2019 ഫെബ്രുവരി 15ന്. ചെന്നൈ പെരമ്പൂരിൽ ഉള്ള ഇന്റഗ്രൽ കോച്ച് ഫാക്ടറിയിൽ 18മാസം കൊണ്ടാണ് അതിന്റെ ഡിസൈനും നിർമാണവും കമ്പ്യൂട്ടർ മോഡലിംഗും എല്ലാം പൂർത്തിയാക്കിയത്. റെയിൽവേയുടെ തന്നെ ലക്നൗവിലുള്ള RDSO (ResearchDesign andstandard Organisation)യുമായി ചേർന്നാണ് ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. വന്ദേ ഭാരത് എക്സ്പ്രസ്സ് 160കിലോമീറ്റർ സ്പീഡ് വരെ ആർജിക്കാൻ കഴിയുമെങ്കിൽ സെപ്തംബർ 30നു ഇറക്കിയ അതിന്റെ രണ്ടാം പതിപ്പിന് (vandhebharath2)180 കി.മീ. സ്പീഡ് ആർജിക്കാനാകും. മറ്റൊട്ടേറെ സാങ്കേതിക മെച്ചപ്പെടുത്തലുകളും കൈവരിക്കാനായിട്ടുണ്ട്. സ്പീഡ് മാത്രമല്ല യാത്ര കൂടുതൽ സുഖകരവും സുരക്ഷിതവുമാക്കുന്നതിലും വന്ദേ ഭാരത് പുതിയ മാനങ്ങൾ കുറിക്കുന്നുണ്ട്. അതുമാത്രമല്ല സമാന ട്രെയിൻ സെറ്റുകൾക്ക് ആഗോളതലത്തിൽ കൊടുക്കേണ്ടി വരുന്നതിന്റെ പകുതി വിലക്ക് സ്വന്തമായി നിർമിക്കുവാൻ കഴിയുന്നു എന്നതാണ് അതിന്റെ പ്രത്യേകത. എന്നാൽ ഈ നേട്ടം കൈവരിച്ചത് മോഡി സർക്കാരിന്റെ make in india അഥവാ ആത്മനിർഭര ഭാരത് പദ്ധതിയുടെ വിജയമായി കൊട്ടി ഘോഷിക്കുന്നതിൽ എന്ത് സാംഗത്യമാണുള്ളത്. ഇന്ത്യൻ റെയിൽവേയുടെ ഉടമസ്ഥതയിലുള്ള കോച്ചു ഫാക്ടറികളും ഡീസൽ, ഇലക്ട്രിക്ക് എൻജിൻ നിർമാണ യൂണിറ്റുകളും വീൽ നിർമ്മാണയൂണിറ്റുകളും വർക് ഷോപ്പുകളും എല്ലാം ലോകോത്തര നിലവാരത്തിലുള്ളതും ഉല്പാദനക്ഷമതയിലും സാങ്കേതികമികവിലും മുൻപന്തിയിലാണെന്നതും ഏറ്റവും ചെലവ് കുറഞ്ഞതാണെന്നതും അവിതർക്കിതമാണ്. അതുകൊണ്ടാണ് 1991-ലെ വ്യവസാ

**സ്പീഡ് മാത്രമല്ല യാത്ര കൂടുതൽ സുഖകരവും സുരക്ഷിതമാക്കുന്നതിലും വന്ദേ ഭാരത് പുതിയ മാനങ്ങൾ കുറിക്കുന്നുണ്ട്. അതുമാത്രമല്ല സമാന ട്രെയിൻ സെറ്റുകൾക്കു ആഗോളതലത്തിൽ കൊടുക്കേണ്ടി വരുന്നതിന്റെ പകുതി വിലയ്ക്ക് സ്വന്തമായി നിർമിക്കുവാൻ കഴിയുന്നു എന്നതാണ് അതിന്റെ പ്രത്യേകത. എന്നാൽ ഈ നേട്ടം കൈവരിച്ചത് മോഡി സർക്കാരിന്റെ make in india അഥവാ ആൽമ നിർഭര ഭാരത് പദ്ധതിയുടെ വിജയമായി കൊട്ടി ഘോഷിക്കുന്നതിൽ എന്ത് സാംഗത്യമാണുള്ളത്.**

യനയപ്രഖ്യാപനത്തിൽ റെയിൽവേ പൊതു മേഖലയിൽ നില നിർത്തുന്നതിനു തീരുമാനിച്ചിട്ടുള്ളത്. മാത്രമല്ല ചിലവുകുറഞ്ഞ ഗതാഗതഉപാധിയായി റെയിൽവേയെ നിലനിർത്താനാകുന്നതിൽ സ്വന്തം ഉപയോഗത്തിനുള്ള കോച്ചുകളും എൻജിനുകളും മറ്റും സ്വയം നിർമിക്കുന്നത് മൂലമാണെന്നും എടുത്തു പറഞ്ഞിരുന്നു. പെരമ്പൂർ കോച്ചു ഫാക്ടറി തുടങ്ങിയത് 1955ലാണ്. ഉല്പാദനക്ഷമതയിലും സാങ്കേതികമായ വൈദഗ്ധ്യം കൈവരിക്കുന്നതിലും അഭൂതപൂർവമായ പുരോഗതിയാണ് അത് ഇതഃപര്യന്തം ആർജ്ജിച്ചിട്ടുള്ളത്. അതാകട്ടെ റയിൽവെയുടെ തന്നെ RDSO യുമായും മറ്റ് സ്ഥാപനങ്ങളുമായും ചേർന്നുകൊണ്ടാണ് ഒറ്റപ്പെട്ട നിലയിലല്ല. റെയിൽവേ എല്ലാ മേഖലയിലും പുതിയ സാങ്കേതിക വിദ്യ സാംശീകരിച്ച സ്വയപര്യാപ്തമായ വളർച്ച കൈവരിച്ചത് ദേശീയ വ്യവസായനയത്തിൽ 50 കളുടെ മധ്യത്തോടെ സോവിയറ്റ് സഹായത്തോടെ പൊതു മേഖലക്ക് പ്രാമുഖ്യം നൽകിയ അന്നത്തെ കേന്ദ്ര ഗവണ്മെന്റ് നയത്തിന്റെ പശ്ചാത്തലത്തിലുമാണ് അത് റയിൽവേയിൽ മാത്രമല്ല പ്രതിരോധ മേഖലയിൽ, ഘന വ്യവസായമേഖലയിൽഎല്ലാം മുന്നേറ്റം സൃഷ്ടിച്ചു. പിന്നീട് LIC, ബാങ്ക് ദേശസാൽക്കരണത്തിലൂടെ ആ പ്രക്രിയ പൂർത്തീകരിക്കപ്പെട്ടു സമ്പദ് വ്യവസ്ഥയിൽ പൊതുമേഖലയുടെ പങ്കിനു മുൻതൂക്കം ലഭിച്ചു. 2008ലും അടുത്തിടേയും ഉണ്ടായ ലോക സാമ്പത്തിക കുഴപ്പത്തിൽ നമുക്ക് പിടിവള്ളിയായത് അതാണെന്ന് ഭരണാധികാരികളും സാമ്പത്തിക വിദഗ്ധരുമൊരുപോലെ സമ്മതിക്കുന്നതല്ലേ! എന്നാൽ ഇന്നു make in ഇൻഡ്യയെ പറ്റിയും വന്ദേഭാരതിന്റെയും പേരിൽ ഊറ്റം കൊള്ളുന്ന മോദി സർക്കാരിന്റെ ട്രാക്ക് റെക്കോർഡ് എന്താണ്!

അധികാരത്തിൽ വന്ന ഉടൻ 2014 ജൂലൈ 24ന് തന്നെ ഇന്ത്യൻ റെയിൽവേ നിർമാണവും പരിപാലനവും ഉൾപ്പെടെ എല്ലാ മേഖലയിലും 100ശതമാനം വിദേശ നിക്ഷേപം അനുവദിച്ചു നോട്ടിഫിക്കേഷൻ ഇറക്കുകയല്ലേ ചെയ്തത്. പിന്നീട് ഡിഫെൻസ് മേഖലയിലെ പോലെ റെയിൽവേ പ്രൊഡക്ഷൻ യൂണിറ്റുകൾ corporatise ചെയ്യാനല്ലേ ശ്രമിച്ചത് വാരണാസിയിൽ പ്രധാനമന്ത്രിയുടെ മണ്ഡലത്തിലടക്കം തൊഴിലാളികൾ ഒറ്റക്കെട്ടായി ഉയർത്തിയ ചെറുത്തുനില്പിനെ തുടർന്നല്ലേ അത് ഇനിയും നടപ്പാക്കാതെ പോയത് .

ഇനി നമുക്ക് വന്ദേ ഭാരതിന്റെ വിജയ ഗീതത്തിലേക്കു കടക്കാം. 2019 ഫെബ്രു. 15ന് ആദ്യ ട്രെയിൻ ഉൽഘാടനം ചെയ്തു. 2021 ആഗസ്റ്റ് 15ന് പ്രധാനമന്ത്രി സ്വാതന്ത്ര്യത്തിന്റെ 75–ാം വർഷത്തിൽ 75 ആഴ്ച കൊണ്ട് 75 വന്ദേ ഭാരത് ട്രെയിൻ രാജ്യത്തിന് സമർപ്പിക്കുമെന്ന് പ്രഖ്യാപിച്ചു. 2022സെപ്തംബർ 30ന് വന്ദേ ഭാരത് 2 പുറത്തിറക്കി. 2022-23 ബഡ്ജറ്റിൽ മൂന്നു വർഷം കൊണ്ട് 400 ട്രെയിൻ സെറ്റുകൾ നിർമിക്കുമെന്ന് പ്രഖ്യാപിച്ചു. ഇന്നുവരെ പുറത്തിറക്കിയത് 15ട്രെയിൻ സെറ്റുകൾ. സാങ്കേതികവിദ്യ സ്വന്തമായിട്ടും എന്ത് കൊണ്ട് മറ്റ് കോച്ചു ഫാക്ടറികളെ നിർമാണ ചുമതല ഏല്പിച്ചില്ല. എന്ത് കൊണ്ട് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയില്ല. എന്തുകൊണ്ട് കഞ്ചിക്കോട് കോച്ചു ഫാക്ടറിക്ക് ഏറ്റെടുത്തു കൈവശപ്പെടുത്തിയ ഭൂമിയിൽ കല്ലിട്ട കോച്ചു ഫാക്ടറിനിർമാണം വേണ്ടെന്നു വച്ചു. ഇന്ന് പ്രധാനമന്ത്രിയുടെ make in india വിജയം ആഘോഷിക്കുമ്പോൾ 120 ട്രെയിൻ സെറ്റുകൾ നിർമിക്കുവാൻ ആഗോള ടെൻഡർ വിളിച്ചത് എന്തിനു വേണ്ടി! ICF ൽ 100കോടി യിൽ താഴെ ചെലവിൽ ട്രെയിൻ സെറ്റ് നിർമ്മിച്ചിരിക്കെ 120ട്രെയിൻ സെറ്റുകൾക്കായി റഷ്യൻ കമ്പനി ട്രാൻസ്മാഷ് കമ്പനിയുമായി 52000 കോടി രൂപയ്ക്കു കരാർ ഒപ്പു വക്കുന്നത് എന്തിനു വേണ്ടി. റെയിൽവേകോച്ചു ഫാക്ടറികളും മെയിന്റെനൻസ് ഡിപ്പോകളും ഉപയോഗപ്പെടുത്തി കോച്ചു നിർമാണവും പരിപാലനവും നടത്തുന്നതിന് സാങ്കേതിക വിദ്യ സ്വായത്തമായിരിക്കെ വിദേശകമ്പനികളെ വിളിച്ചു വരുത്തുന്നതോ മോദി മോഡൽ Make in India. അതോ കൊളോണിയൽ മോഡൽ കപ്പം കൊടുക്കലോ? തീർച്ചയായും കേരളത്തിൽ 15മത്തെ വന്ദേ ഭാരത് ട്രെയിൻ ചൂളം വിളി ഉയരുമ്പോൾ ആത്മനിർഭർ ഭാരതത്തെ പറ്റി ഈ വക ചിന്തകൾ പങ്കു വക്കുന്നത് എത്രയും ഉചിതമെന്നു കരുതട്ടെ !

# ബിൽക്കിസ് ബാനു കേസ്: ഗുജറാത്ത് സർക്കാരിനെ രൂക്ഷമായി വിമർശിച്ച് സുപ്രീംകോടതി

ഗുജറാത്ത് വംശഹത്യാവേളയിലെ ബിൽക്കിസ് ബാനു കേസിലെ 11 പ്രതികളെ ശിക്ഷാഇളവ് നൽകി വിട്ടയച്ച സംസ്ഥാന സർക്കാരിനെതിരെ അതിരൂക്ഷ വിമർശവുമായി സുപ്രീംകോടതി. എന്തടിസ്ഥാനത്തിലാണ് പ്രതികളെ വിട്ടയച്ചതെന്നും ഇന്ന് ബിൽക്കിസ് ബാനുവിന് സംഭവിച്ചത് നാളെ മറ്റാർക്കും സംഭവിച്ചേക്കാമെന്നും ജസ്റ്റിസ് കെ എം ജോസഫ് അധ്യക്ഷനായ ബെഞ്ച് ഗുജറാത്ത് സർക്കാരിനെ ഓർമിപ്പിച്ചു. ഒരാളെ കൊന്ന കേസിലെ പ്രതിക്ക് ശിക്ഷാഇളവ് നൽകുന്നതുപോലെയല്ല ഗർഭിണിയെ കൂട്ടബലാത്സംഗത്തിന് ഇരയാക്കി നിരവധിപേരെ കൊലപ്പെടുത്തിയ കേസിലെ പ്രതികൾക്ക് ശിക്ഷാഇളവ് അനുവദിക്കുന്നത്. ഇത്തരം കുറ്റകൃത്യങ്ങൾ മുഴുവൻ സമൂഹത്തിനും ജനങ്ങൾക്കും എതിരാണെന്നും കോടതി പറഞ്ഞു. ബിൽക്കിസ് ബാനുവിന്റെ ഹർജി പരിഗണിച്ചാണ് ശിക്ഷാഇളവ് തീരുമാനിച്ച ഗുജറാത്ത് സർക്കാരിനെയും അത് ശരിവച്ച കേന്ദ്ര സർക്കാരിനുമെതിരെ കോടതിയുടെ നിശിത വിമർശം.

പൊതുസമൂഹത്തെ വലിയരീതിയിൽ ബാധിച്ച ഹീനമായ കേസിൽ ശിക്ഷാഇളവ് നൽകുംമുമ്പ് പൊതുജനതാൽപ്പര്യംകൂടി പരിഗണിക്കേണ്ട ഉത്തരവാദിത്വം സർക്കാരുകൾക്ക് ഉണ്ടെന്നും ജസ്റ്റിസ് ബി വി നാഗരത്നകൂടി അംഗമായ ബെഞ്ച് ഓർമിപ്പിച്ചു.

അതിനിടെ, ശിക്ഷാഇളവിന്റെ ഫയലുകൾ ഹാജരാക്കണമെന്ന നിർദേശം പാലിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും പുനഃപരിശോധനാ ഹർജി നൽകുന്നത് പരിഗണനയിലാണെന്നും ഗുജറാത്ത് സർക്കാർ കോടതിയെ അറിയിച്ചു. ഇതോടെ ഫയലുകൾ ഹാജരാക്കിയില്ലെങ്കിൽ അതില്ലാതെ ഉത്തരവ് പുറപ്പെടുവിക്കാൻ നിർബന്ധിതരാകുമെന്ന് ജസ്റ്റിസ് കെ എം ജോസഫ് പ്രതികരിച്ചു.

# സ്ത്രീകൾ പ്രതിദിനം അഞ്ചു മണിക്കൂർ വേതനമില്ലാത്ത തൊഴിൽ ചെയ്യുന്നു

15 വയസ്സിനും 29 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള ശരാശരി ഇന്ത്യൻ സ്ത്രീകൾ പ്രതിദിനം 5.5 മണിക്കൂർ സമയം വേതനമില്ലാതെ തൊഴിലെടുക്കുന്നു. അതേസമയം ഇതേ പ്രായത്തിലുള്ള പുരുഷന്മാർ അമ്പതു മിനിട്ട് സമയമാണ് വേതനമില്ലാതെ തൊഴിലെടുക്കുന്നത്.

ഉദാഹരണത്തിന് ഒരു പെൺകുട്ടി ഒരാൺകുട്ടിയെക്കാൾ 21 മിനുട്ട് വേതനമില്ലാത്ത തൊഴിലെടുക്കുന്നു. അവർ 15 വയസ്സ് പിന്നിടുമ്പോൾ വ്യത്യാസം വളരെ പ്രകടമാകുന്നു. ഒരു ഘട്ടത്തിൽ ഒരു പെൺകുട്ടി, (സ്ത്രീയല്ല) തന്റെ സഹോദരൻ ചെയ്യുന്നതിനെക്കാൾ ആറു മണിക്കൂർ സമയം വേതനമില്ലാത്ത തൊഴിൽ ചെയ്യുന്നു. വീട്ടുജോലികളും കുട്ടികളെയും കുടുംബാംഗങ്ങളെയും പരിപാലിക്കലുമെല്ലാം ഇതിൽ പെടുന്നു. സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം പുറത്തിറക്കിയ 'വിമൻ ആന്റ് മെൻ ഇൻ ഇന്ത്യ 2022' എന്ന റിപ്പോർട്ടിലാണ് ഇക്കാര്യമുള്ളത്.

15 വയസ്സിനും 29 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള ശരാശരി ഇന്ത്യൻ സ്ത്രീകൾ വേതനമില്ലാതെ അഞ്ചര മണിക്കൂർ ജോലി ചെയ്യുമ്പോൾ ഇതേ പ്രായത്തിലുള്ള പുരുഷന്മാർ അമ്പതു മിനിട്ടാണ് വേതനമില്ലാതെ തൊഴിലെടുക്കുന്നത്. 2021 ൽ ഓക്സ്ഫാം പുറത്തുവിട്ട റിപ്പോർട്ടിൽ സമാനമായ വിവരങ്ങളുണ്ട്. കുട്ടികളെ പരിചരിക്കലും വീടുനോക്കലുമായി സ്ത്രീകൾ വേതനമില്ലാതെ തൊഴിൽ ചെയ്യുന്ന ജോലിയുടെ കണക്ക് ജിഡിപിയുടെ 3.1 ശതമാനത്തിനു തുല്യമായ തുകയാണ്. 60 വയസ്സിനു മുകളിലുള്ള ഒരു മുതിർന്ന സ്ത്രീ ശരാശരി നാലു മണിക്കൂർ വേതനമില്ലാത്ത ജോലി ചെയ്യുന്നുണ്ട്. ഈ പ്രായത്തിലുള്ള പുരുഷനാകട്ടെ വേതനമില്ലാത്ത ജോലി ചെയ്യുന്നത് ഒന്നര മണിക്കൂറും.

ഷെഡ്യൂൾഡ് ആൻഡ് കൊമേർഷ്യൽ ബാങ്കുകളിലെ വ്യക്തിഗത നിക്ഷേപങ്ങളിൽ സ്ത്രീകളുടേത് 35 ശതമാനം മാത്രമാണെന്നും ഈ റിപ്പോർട്ടിലുണ്ട്. ഇവർ നിക്ഷേപിച്ച പണത്തിന്റെ മൂല്യമെന്നത് ആ ബാങ്കുകളിലെ മൊത്തം നിക്ഷേപത്തിന്റെ 20 ശതമാനം മാത്രമാണ്.

# ആധുനിക വ്യവസായ രംഗത്തെ തൊഴിൽ മാറ്റങ്ങൾ



എൻ.പത്മലോചനൻ

സോവിയറ്റ് സാർവദേശീയ തൊഴിലാളിവർഗ്ഗ സംവിധാനത്തിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്നായിരുന്നു രാജ്യാന്തര പിരിമുറുക്കം അയക്കുകയെന്നത്. സോവിയറ്റ് ട്രേഡ് യൂണിയൻ നയത്തിന്റെ ജനാനുകൂല സങ്കൽപ്പനത്തെപ്പറ്റി യൂറോപ്യൻ വോട്ടർമാരിലും രാഷ്ട്രീയക്കാരിലും മതിപ്പുണ്ടാക്കുന്നതിനുള്ള വാഹകരായാണ് സോവിയറ്റുകൾ തൊഴിലാളി മുന്നേറ്റത്തെ ഉപയോഗിച്ചത്. സോവ്യറ്റുകളും അതിന്റെ സഖ്യകക്ഷികളും വൻതോതിലുള്ള ആശയവിനിമയത്തിനായി വലിയ അളവിൽ ഊർജ്ജവും പണവും ചിലവാക്കിയിരുന്നു. 1970 ൽ പടിഞ്ഞാറൻ ജർമ്മനിയിൽ കൈമാറ്റ നടപടി നാടകീയമായിട്ടായിരുന്നു. ഉദാഹരണത്തിന് 1970 ൽ പടിഞ്ഞാറൻ ജർമ്മനിയിലേയും കിഴക്കൻ യൂറോപ്പിലേയും 50 യൂണിയൻ നേതാക്കൾ അങ്ങോട്ടും ഇങ്ങോട്ടും സഞ്ചരിച്ചു. ബ്രിട്ടീഷ് യൂണിയനുകളും അതുപോലെ അനുകരിച്ചു. 1975 ൽ മാത്രം ബ്രിട്ടീഷ് യൂണിയനിൽ നിന്നുള്ള 30ൽ അധികം പ്രതിനിധി സംഘങ്ങൾ സോവിയറ്റ് ചേരി സന്ദർശിച്ചു. സോവിയറ്റുകളും കിഴക്കൻ യൂറോപ്യൻമാരും അനേകം പ്രതിനിധി സംഘങ്ങളെ ബ്രിട്ടനിലേക്കയച്ചു. ഇതുകൂടാതെ സോവിയറ്റുകളും ഡബ്ല്യൂഎഫ്ടിയുവും വിദ്യാഭ്യാസപരമായ കോൺഫ്രൻസുകളും സെമിനാറുകളും മിക്കവാറും എല്ലാമാസത്തിലും സംഘടിപ്പിച്ചിരുന്നു.

ഡബ്ല്യൂഎഫ്ടിയുവും മുതലാളിത്തത്തിലെ വൈരുദ്ധ്യങ്ങളെ കൃത്യമായി ഉപയോഗിച്ചുകൊണ്ട് പടിഞ്ഞാറൻ സമൂഹത്തിലെ പിരിമുറുക്കങ്ങളേയും ആയാസങ്ങളേയും ചോദ്യം ചെയ്യുന്നതിനായി തൊഴിലാളികളെ സംഘടിപ്പിക്കാൻ ശ്രമിച്ചു. യൂറോപ്പിൽ ഇതുകൊണ്ടർത്ഥമാക്കിയത് യൂണിയനുകളെയും കമ്മ്യൂണിസ്റ്റ് പാർട്ടികളെയും ശക്തിപ്പെടുത്തികൊണ്ട് മുതലാളിത്ത പ്രതിസന്ധിഘട്ടത്തിൽ അതിൽ നിന്നും പ്രയോജനമുണ്ടാക്കാമെന്നാണ്.

അന്താരാഷ്ട്ര സംഘർഷ ലഘൂകരണങ്ങളുടെ ഈ കാലഘട്ടത്തിൽ അവർക്കു കുറേയേറെ മുന്നോട്ടു പോകാതായി. ഐസിയുടിയു ഒരു സ്ഥാപനമെന്ന നിലയിൽ ഡബ്ല്യൂഎഫ്ടിയുമായി സഹകരിക്കാൻ വിസമ്മതിച്ചു. ഫ്രഞ്ച് സിജിടിയെയും കിഴക്കൻ യൂറോപ്യൻ ട്രേഡ് യൂണിയൻ കോൺഗ്രസ്സിൽ ഉൾപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിസ്റ്റുകൾ ഗവൺമെന്റുകളിലേക്ക് പ്രവേശിക്കുന്നതിന് തൊട്ടടുത്തെത്തിയ ഇറ്റലിയിൽ പോലും കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണിസ്റ്റിതരരും ഉൾപ്പെടുന്ന തൊഴിലാളി സംഘടനകളുടെ സുസംഘടിത ഐക്യം കൈവരിക്കാൻ കഴിഞ്ഞില്ല.

പടിഞ്ഞാറൻ, വടക്കൻ യൂറോപ്പിലും, പടിഞ്ഞാറൻ ജർമ്മനി, ബ്രിട്ടൺ എന്നിവിടങ്ങളിലെ യൂണിയനുകളിൽ പ്രധാന സ്വാധീനശക്തി ഉറപ്പാക്കാൻ സോവിയറ്റ് ചേരിക്ക് കഴിഞ്ഞിട്ടില്ല. സാർവദേശീയ തൊഴിലാളിവർഗ്ഗ ഐക്യത്തെ സംബന്ധിച്ച് ശരിയായ ഒരു ധാരണയിൽ എത്തിച്ചേരേണ്ടതാണ് പ്രധാനം. അത് ഒരു രാജ്യത്ത് മാത്രമായി പരിമിതപ്പെടുത്താനാവില്ല. ഈ ഐക്യത്തിലേക്കെത്താൻ വർഗ്ഗസമരവും വർഗ്ഗഐക്യവും അന്താരാഷ്ട്രതലത്തിൽ എത്തിക്കുക എന്നത് ഡബ്ല്യൂഎഫ്ടിയുവിന്റെ മുഖ്യകടമയായിരുന്നു. 1945 ൽ ഡബ്ല്യൂഎഫ്ടിയു സ്ഥാപിക്കുന്നതിൽ സോവിയറ്റ് യൂണിയനുകൾ വലിയ പങ്കു വഹിച്ചു. അത് അവരുടെ അടിസ്ഥാന കടമയായി ഏറ്റെടുത്ത് ലോകമാകമാനം സമരോത്സുകവും വിപ്ലവാത്മകവുമായ ട്രേഡ് യൂണിയൻ ശൃംഖലകൾ ശക്തിപ്പെടുത്തി.

### ആധുനിക തൊഴിലാളി വർഗ്ഗത്തിന്റെ വ്യത്യസ്ത ഘടനാരൂപം

രണ്ട്, മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് പാശ്ചാത്യ രാജ്യങ്ങളിൽ ലഭ്യമായിരുന്ന സ്ഥിതി വിവരകണക്കുകൾ കണക്കിലെടുത്തുകൊണ്ട്, നമുക്ക് നമ്മുടെ വിശകലനവുമായി മുന്നോട്ട് പോകാം. ആധുനികവ്യവസായ തൊഴിലാളിവർഗ്ഗം മുൻതലമുറകളിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നത്, വൻകിടസ്ഥാപനങ്ങളിലുള്ള അതിന്റെ ഉയർന്ന അനുപാതത്തിലുള്ള കേന്ദ്രീകരണത്തിലൂടെയാണ്. 1972 ൽ അമേരിക്കയിലെ നിർമ്മാണ വ്യവസായത്തിലെ എല്ലാതൊഴിലാളികളും വെള്ളകോളർ ജീവനക്കാരിലുംപെട്ട 28.7 ശതമാനം പേരും 1000 അധികതൊഴിലാളികളെ വച്ചു പ്രവർത്തിക്കുന്ന വൻകിട സ്ഥാപനങ്ങളിലാണ് കേന്ദ്രീകരിക്കപ്പെട്ടിരുന്നത്. ജപ്പാനിലാകട്ടെ 1977 ൽ അത്തരം വ്യവസായ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്നത് മൊത്തം തൊഴിലാളികളുടെയും വെള്ളകോളർ ജീവനക്കാരുടെയുടെയും 31.7% ആണ്.

വൻകിട സ്ഥാപനങ്ങൾക്കുള്ള സുപ്രധാന പങ്കിനെക്കുറിച്ച്, ലെനിൻ, ഇങ്ങനെ ചൂണ്ടിക്കാണിക്കുക ഉണ്ടായി "വൻകിടഫാക്ടറികളും (മില്ലുകളും) എണ്ണ കണക്കിൽ മാത്രമല്ല, അതിനെക്കാൾ പ്രധാനമായി സ്വാധീനത്തിന്റെയും വളർച്ചയുടേയും സമരശേഷിയുടെയും കാര്യത്തിലും തൊഴിലാളിവർഗ്ഗത്തിന്റെ ഏറ്റവും പ്രബലമായ വിഭാഗത്തെ ഉൾക്കൊള്ളുന്നു" വ്യത്യസ്ത പശ്ചാത്തലങ്ങളിൽ വരുന്ന തൊഴിലാളികളുടെ സംയോജനത്തെ ഊട്ടി വളർത്തുന്നതാണ്, വൻകിടസ്ഥാപനങ്ങളിലെ പരിതസ്ഥിതികൾ മൗലികമായും കൃഷിക്കാരായിരുന്നവർ, പെറ്റി ബൂർഷ്വാസിയിലെ പാപ്പരായ കുടുംബങ്ങളിൽ നിന്നുള്ളവർ, പാരമ്പര്യമായി തൊഴിലാളികളായിരുന്നവർ, വ്യത്യസ്ത പ്രായക്കാരായ തൊഴിലാളികൾ, പുരുഷന്മാർ, സ്ത്രീകൾ, വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർ ഇങ്ങനെ വിവിധ പശ്ചാത്തലങ്ങളിൽ നിന്നും വന്നവർ മുതലാളിമാർക്കും മാനേജ്മെന്റിനും എതിരായി ഒരൊറ്റ ഉൽപാദനസംഘമായി പ്രവർത്തിക്കുന്നു. അവരുടെ പൊതുവായ വിധിയും ക്രൂരമായ ഉൽപ്പാദനരീതികൾക്ക് അടിപ്പെടേണ്ടി വരുന്ന അവസ്ഥയും കാരണം തൊഴിലാളിവർഗ്ഗ ഐക്യദാർഢ്യത്തെ സംബന്ധിച്ച വികാരങ്ങളും തങ്ങളുടെ താല്പര്യങ്ങളും മുതലാളിമാരുടെ താൽപര്യങ്ങളും, പരസ്പരവിരുദ്ധമാണെന്ന ബോധവും അവരിൽ ജനിക്കുന്ന അധ്വാനിക്കുന്ന ജനങ്ങളുടെ ഏറ്റവും ശക്തമായ ട്രേഡ് യൂണിയൻ സംഘടനകൾ ഉണ്ടാക്കുന്നതും അവരുടെ വർഗ്ഗപരമായ ഐക്യദാർഢ്യം ഏറ്റവും ശക്തമായി മുൻപന്തിയിലെത്തുന്നതും, അധികാര സ്ഥാപനങ്ങളെ എതിർക്കാനുള്ള അവരുടെ കഴിവും നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള കഴിവും കാണപ്പെടുന്നതും വൻകിടസ്ഥാപനങ്ങളിൽ തന്നെയാണെന്നത് യാദൃശ്ചികമായി ഒരുമിച്ചുണ്ടാകുന്ന സംഭവങ്ങളല്ല.

മുതലാളിത്ത രാജ്യങ്ങളിൽ 1970കളിൽ, പ്രത്യേകിച്ചും 1973-74 നു ശേഷം, മറ്റൊരു പ്രവണതയും ദൃശ്യമായി. നിർമ്മാണ (മാനുഫാക്ചറിംഗ്) വ്യവസായത്തിൽ മൊത്തത്തിലും മുമ്പ് വളർച്ച കാണിച്ചിരുന്ന മറ്റ് പല വ്യവസായ ശാഖകളിലും ജോലിക്ക് നിയമിതരായ തൊഴിലാളികളുടെ സംഖ്യ കുറയുന്നതാണത്. 1979 കാലഘട്ടത്തിൽ നിർമ്മാണ വ്യവസായത്തിൽ ജോലി ചെയ്തിരുന്നവരുടെ സംഖ്യ 1,37,70,000 ൽ നിന്നും 1,33,30,000 ആയും കുറഞ്ഞു. ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനിയിൽ 1,03,09,000 നിന്ന് 88,06,000 ആയും ബ്രിട്ടണിൽ 84,65,000 ൽ നിന്ന് 72,76,000 ആയും ഫ്രാൻസിൽ 56,77,000 ൽ നിന്ന് 54,96,000 ആയും ഇറ്റലിയിൽ 58,68,000 ൽ നിന്ന് 54,25,000 ആയും അത് ഇതേ കാലയളവിൽ കുറഞ്ഞു.

ശാസ്ത്രസാങ്കേതിക പുരോഗതി, തൊഴിലാളി വർഗ്ഗത്തിൽ കണ്ടുവരുന്ന വൈരുദ്ധ്യത്തിന്റെയും യോഗ്യതയുടെയും നിലവാരത്തിൽ കാര്യമായ മാറ്റമുണ്ടാക്കിതീർത്തു. തൊഴിലാളിവർഗ്ഗം നിർവഹിച്ചുവന്ന തൊഴിലിന്റെ പ്രധാന ഊന്നൽ, ഇപ്പോൾ ഉൽപ്പാദന പ്രക്രിയയുടെ പ്രത്യക്ഷ നിർവഹണത്തിൽ നിന്ന് അതിന്റെ സാങ്കേതികമായ മെയിന്റനൻസിലേക്കും നിയന്ത്രണത്തിലേക്കും മാറ്റപ്പെട്ടു. അതായത് സാങ്കേതിക പ്രക്രിയകളുടെ മാനേജ്മെന്റ് പ്രോഗ്രാമുകളുടെ വിശദമായ വ്യാപനവും അതിന്റെ ഫലമയി തൊഴിൽ സേനയിൽ സാങ്കേതിക വിദഗ്ധരുടെയും ചില വിദഗ്ധ തൊഴിലാളി വിഭാഗങ്ങളുടെയും ദ്രുതഗതിയിലുള്ള വളർച്ച ഉണ്ടാക്കി. വിവിധ മേഖലകളിൽ നടത്തപ്പെട്ട ഗവേഷണ പ്രവർത്തനങ്ങളുടെ അളവിലുണ്ടായ വർദ്ധനവും അതിന്റെ അനന്തര ഫലമായി ഉൽപ്പാദനത്തിലുണ്ടായ ദ്രുതഗതിയിലുള്ള ഘടനാപരമായ മാറ്റങ്ങളും പുതിയ രൂപത്തിലുള്ള ഉൽപ്പന്നങ്ങൾ പ്രത്യക്ഷപ്പെടുന്നതിനും ഇടയാക്കി.

ഓരോരോ തൊഴിലിനുള്ളിൽ തന്നെയും സുപ്രധാനമായ മാറ്റങ്ങൾ സംഭവിക്കുകയുണ്ടായി. വ്യോമഗതാഗതം റേഡിയോയും ടെലിവിഷനും കമ്പ്യൂട്ടറുകളുടെ ഉൽപ്പാദനവും മെയിന്റനൻസും തുടങ്ങി പുതിയ സാങ്കേതിക വിദ്യാ മേഖലകളിൽ എത്രയോ കൂടുതൽ മെക്കാനിക്കുകളും അറ്റകുറ്റ പണി ചെയ്യുന്ന തൊഴിലാളികളുമുണ്ടായി.

മെഷീൻ ഓപ്പറേറ്റർമാർ, അഡ്ജസ്റ്റർമാർ, താഴുണ്ടാക്കുന്ന കൊല്ലന്മാർ, പാറ്റേൺമേക്കർമാർ തുടങ്ങിയവർ ഉൾപ്പെടുന്ന വിദഗ്ധ ലോഹതൊഴിലാളി വിഭാഗത്തിനിടയിൽ സങ്കീർണമായ പ്രക്രിയകൾ സംഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു.

ഉൽപ്പാദന പ്രക്രിയയിൽ യന്ത്രങ്ങൾ വഴി സ്വയമേവയേയും ചില രൂപത്തിലുള്ള യന്ത്രവൽക്കരണവും ശാരീരികമായ ശക്തിയെ ആസ്പദിച്ചുകൊണ്ടുള്ള ലോഹസംസ്കരണത്തിനു പകരം പഞ്ചിംഗ് വഴിയും മറ്റുമുള്ള യന്ത്രവൽക്കരണവും നടപ്പാക്കിയതും തൊഴിൽ ഓപ്പറേറ്റർമാരെ ഭാഗികമായി ഒഴിവാക്കുന്നതിനും വിദഗ്ധ തൊഴിൽ സേനയിലെ അവരുടെ വിഹിതം വെട്ടിക്കുറയ്ക്കുന്നതിനും ഇടയാക്കി. അപ്പോഴും ഈ പ്രക്രിയ അഡ്ജസ്റ്റർമാരുടേയോ മെഷീൻ ട്യൂണർമാരുടെയോ സ്ഥാനത്തെ ബാധിക്കുക ഉണ്ടായില്ല. കാരണം ഇലക്ട്രോണിക്കലായി പ്രോഗ്രാം ചെയ്യപ്പെട്ടിരുന്ന മെഷീൻ ഉപകരണങ്ങളും വ്യവസായത്തിൽ ഉപയോഗിക്കപ്പെട്ടിരുന്ന മറ്റ് സാങ്കേതികവിദ്യകളും കൂടുതൽ സങ്കീർണമായി തീർന്നതുകൊണ്ട് അവയുടെ പങ്ക് കൂടുതൽ പ്രധാനമാവുകയും എണ്ണം വർദ്ധിക്കുകയുമാണുണ്ടായത്.



# ഇരിപ്പിടാവകാശം അട്ടിമറിക്കപ്പെടുന്നു ! ഷോപ്പ് തൊഴിലാളികൾ പ്രക്ഷോഭത്തിലേക്ക്



അഡ്വ.പി.സജി

സ്ത്രീ തൊഴിലാളികൾ ഏറ്റവും അധികം ജോലി ചെയ്യുന്ന മേഖലയാണ് വ്യാപാര മേഖല. 2018 ൽ സ: പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി. എഫ്. ഗവർമെന്റാണ് തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ഇരിപ്പിടാവകാശം ലഭ്യമാക്കുന്ന ചരിത്ര പ്രധാനമായ നിയമ നിർമ്മാണം നടത്തിയത്. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960 ഭേദഗതി ചെയ്താണ് പുതിയ നിയമനിർമ്മാണം നടത്തിയത്. സ്ത്രീകളുടെ ജോലി സമയത്തെപ്പറ്റിയും ഈ നിയമത്തിൽ വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാന ഗവർമെന്റ് ചരിത്ര പ്രധാനമായ ഇത്തരം ഒരു നിയമനിർമ്മാണം നടത്തിയത്. ടെക്സ്റ്റയിൽസ് ഷോപ്പുകൾ, ജ്യൂവലറികൾ തുടങ്ങിയ വ്യാപാര സ്ഥാപനങ്ങളിൽ രാവിലെ മുതൽ വൈകിട്ടു വരെ ഒരേനിൽപ്പു നിന്ന് ജോലി ചെയ്തു വന്നിരുന്ന സ്ത്രീതൊഴിലാളികളുടെ അന്തസ്സ് ഉയർത്തിയ നിയമമായിരുന്നു ഇത്. തൊഴിലാളികൾ നടത്തിയ ചരിത്രപരമായ നിരവധി സമരങ്ങളുടെ ഉൽപ്പന്നമാണ് ഈ നിയമം. എന്നാൽ ഇന്ന് പല സ്ഥാപനങ്ങളിലും ഈ അവകാശം നിഷേധിക്കപ്പെടുകയാണ്. ലേബർ ഇൻസ്പെക്ഷൻ കാര്യക്ഷമമായി നടക്കുന്നില്ല. നിയമത്തിൽ പ്രതിപാദിക്കുന്നപോലെ തൊഴിലിടങ്ങളിൽ എല്ലാ തൊഴിലാളികൾക്കും ഇരിപ്പിടം ലഭ്യമാക്കേണ്ടതുണ്ട്.

ഷോപ്പ് മേഖലയിലെ തൊഴിലാളികൾക്ക് ആശ്വാസപരമായ നിലപാട് എടുത്തിട്ടുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവർമെന്റുകളാണ്. 2006ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവർമെന്റ് വ്യാപാരവാണിജ്യ തൊഴിലാളികൾക്കായി കൊണ്ടുവന്ന കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് ഈ രംഗത്തെ തൊഴിലാളികൾക്ക് ഏറെ ആശ്വാസം നൽകുന്നതായിരുന്നു. ഇപ്പോൾ 15 ലക്ഷം തൊഴിലാളികൾ ഈ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാണ്. നിരവധി ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് വഴി ലഭ്യമാക്കാൻ സർക്കാർ പരിശ്രമിക്കുന്നുണ്ട്. എന്നാൽ വാണിജ്യവ്യാപാര സ്ഥാപനങ്ങളിലെ ബഹുഭൂരിപക്ഷം തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളല്ല. സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയിൽ ചേർക്കാൻ തയ്യാറാകുന്നില്ല. ഷോപ്പ് തൊഴിലാളികൾക്ക് നിർഭയം ക്ഷേമനിധിയിൽ ചേരാൻ കഴിയുന്ന അവസ്ഥ ഉണ്ടാകണം. എല്ലാ ഷോപ്പ് തൊഴിലാളികളെയും ക്ഷേമനിധിയിൽ ചേർക്കാൻ ബന്ധപ്പെട്ടവർ തയ്യാറാകേണ്ടതുണ്ട്.

ഷോപ്പ് മേഖലയിൽ നടക്കുന്ന നിയമ നിഷേധത്തിനെതിരെ തൊഴിലാളികൾ വലിയ പ്രക്ഷോഭത്തിന് തയ്യാറെടുക്കുകയാണ്.




# കേരളത്തിനെതിരെ ഹീനയുദ്ധം

നുണകൾ പറഞ്ഞുപറഞ്ഞ് വിശ്വസിപ്പിച്ചാണ് ഫാസിസം എന്നും എവിടെയും ആധിപത്യം നേടിയിട്ടുള്ളത്. യൂറോപ്പിൽ രൂപപ്പെട്ട ക്ലാസിക്കൽ ഫാസിസത്തിന്റെ കാലംമുതൽ ഈ രീതി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണുന്നതാണ്.

സംവിധായകൻ സുദീപ്തോ സെൻ തയ്യാറാക്കിയിട്ടുള്ള സിനിമ 'ദ കേരള സ്റ്റോറി'. കേൾക്കുമ്പോൾത്തന്നെ ആർക്കും അസംബന്ധമെന്ന് ബോധ്യപ്പെടുന്ന ചില 'വിവരങ്ങൾ' ആണ് സംവിധായകൻ ഈ ചിത്രത്തിലൂടെ പറയുന്നതെന്ന് ഇതിനകം വ്യക്തമായിട്ടുണ്ട്. കേരളം ഇസ്ലാമിക തീവ്രവാദികളുടെ കേന്ദ്രമാണെന്നാണ് സ്ഥാപിക്കാൻ ശ്രമിക്കുന്നത്. ഇവിടെനിന്ന് 32,000 യുവതികളെ ഇസ്ലാമിക തീവ്രവാദികൾ മതംമാറ്റി സിറിയ, യമൻ, അഫ്ഗാനിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലേക്ക് കടത്തി എന്നായിരുന്നു മാസങ്ങളായി പ്രചരിക്കുന്ന ദൃശ്യഭാഗങ്ങളിലൊന്നിൽ പറഞ്ഞത്. പരാതികൾ ഉയരുകയും കേന്ദ്ര ഫിലിം സെൻസർ ബോർഡ് ഇടപെടാൻ നിർബന്ധിതമാകുകയും ചെയ്തപ്പോൾ യുവതികളുടെ എണ്ണം വെറും മൂന്നാക്കി വെട്ടിക്കുറച്ചെങ്കിലും പച്ചക്കള്ളമടങ്ങുന്ന ട്രെയിലർ വീഡിയോ ഇപ്പോഴും പ്രചാരത്തിലുണ്ട്. നിർമാതാവ് യുട്യൂബിലിട്ട ഔദ്യോഗിക ട്രെയിലർ ദിവസങ്ങൾക്കകം ഒന്നേമുക്കാൽ കോടിയാളുകളാണ് കണ്ടത്. എന്നാൽ, മാസങ്ങളായി അനൗദ്യോഗികമായി സംഘപരിവാർ പ്രവർത്തകരും അണികളും വാട്സാപ്പിലൂടെ കുടുംബ, പ്രാദേശിക ഗ്രൂപ്പുകളിലും മറ്റും പ്രചരിപ്പിക്കുന്ന വീഡിയോ എത്രയോ കോടിക്കണക്കിന് ആളുകൾ കണ്ടിട്ടുണ്ടാകും.

പ്രത്യക്ഷത്തിൽ മുസ്ലിംവിരുദ്ധ സിനിമയെന്ന് തോന്നുമെങ്കിലും മലയാളികളോട് പൊതുവിലും കമ്യൂണിസ്റ്റുകാരോട് വിശേഷിച്ചും മറ്റുള്ളവരിൽ വെറുപ്പും വിദ്വേഷവും ഉണ്ടാക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ചലച്ചിത്രകലയെന്ന ഭാവത്തിലുള്ള ഈ വികൃതസൃഷ്ടി. രാഷ്ട്രീയനേട്ടത്തിനുവേണ്ടി ജനങ്ങളെ ഭിന്നിപ്പിക്കുന്ന സംഘപരിവാറിന്റെ കള്ളക്കഥകൾ പ്രചരിപ്പിക്കാൻ കഴിഞ്ഞവർഷം മാർച്ചിൽ ഇറങ്ങിയ കശ്മീർ ഫയൽസിന്റെ ചുവടുപിടിച്ചുള്ളതാണ് ഇത്. കേന്ദ്ര സർക്കാരിന്റെ ഒത്താശയോടെയും സംഘപരിവാറിനെ സന്തോഷിപ്പിക്കാൻ എന്തും ചെയ്യുന്ന 'നിഷ്പക്ഷ' മാധ്യമങ്ങളുടെ സഹായത്തോടെയും ശതകോടിക്കണക്കിന് രൂപയാണ് കശ്മീർ ഫയൽസ് വാരിക്കൂട്ടിയത്.

പൊതു തെരഞ്ഞെടുപ്പിന് ഒരുവർഷംമാത്രം അവശേഷിക്കെ കൃത്യമായ രാഷ്ട്രീയ താൽപ്പര്യത്തോടെയാണ് ഇപ്പോൾ കേരള സ്റ്റോറി ഇറക്കുന്നത്. മലയാളികൾക്കാകെ അനുഭവത്തിലൂടെ ബോധ്യപ്പെടുന്ന കേരളത്തിന്റെ മഹിമയെ ഇകഴ്ത്തുകയും കേരളത്തിനെതിരെ രാജ്യത്തിന്റെ മറ്റിടങ്ങളിൽ തെറ്റിദ്ധാരണയും വെറുപ്പും ഉണ്ടാക്കുകയുമാണ് ലക്ഷ്യം. ബിജെപിക്കെതിരെ ദേശീയതലത്തിൽ വളരുന്ന യോജിപ്പിന്റെ മുൻനിരയിൽ കേരളവും ഇടതുപക്ഷവും ഉണ്ടാകും. ഈ സാഹചര്യത്തിൽ കേരളത്തിനെതിരെ മറ്റിടങ്ങളിൽ വിരോധമുണ്ടാക്കുന്ന സംഘപരിവാറിന്റെ ദേശദ്രോഹ അജൻഡയുടെ ഭാഗമാണിത്. വിഭജനങ്ങൾക്കെതിരെ ജനങ്ങളുടെ ജാഗ്രതയാണ് ഇത്തരം സിനിമകൾ പ്രചരിപ്പിക്കുന്ന ആശയങ്ങളെ നേരിടാനുള്ള മാർഗം.

# 'കടം കൊണ്ട് രാഷ്ട്രീയം കളിക്കുന്ന കേന്ദ്ര ഭരണം'



പി.ബി.ഹർഷകുമാർ

ധനമന്ത്രി നിർമ്മല സീതാരാമന് പാർലമെന്റിൽ മറുപടി പറയേണ്ടി വന്നു. '155.8 ലക്ഷം കോടി രൂപയാണ് നമ്മുടെ രാജ്യത്തിന്റെ പൊതുകടം'. ഇത് ആഭ്യന്തര വരുമാനത്തിന്റെ 57.3% വരും. ഈ കടത്തിന്റെ ഒരു വർഷത്തെ പലിശ ഭാരം മാത്രം 9.4 ലക്ഷം കോടി രൂപയാണ്. കഴിഞ്ഞ ഒരു വർഷം മാത്രം 16 ലക്ഷം കോടി രൂപയുടെ കടമാണ് വർദ്ധിച്ചത്. നമ്മുടെ രാജ്യത്തിന്റെ തന്നാണ്ടത്തെ ബഡ്ജറ്റ് 45 ലക്ഷം കോടി (അതിൽ 27 ലക്ഷം കോടിയും കടമായിരുന്നു) യുടേതാണെന്നറിയുമ്പോഴാണ്, അതിന്റെ മൂന്നിരട്ടിയിലേറെയുള്ള പൊതുകടത്തിന്റെ ബീഭൽസത എന്തെന്ന് നമ്മൾ അറിയുന്നത്.

അപായം ചൂണ്ടിക്കാട്ടിയവരെ എല്ലാം പരിഹസിക്കാനും ആക്രമിക്കാനുമാണ്, സർക്കാരും ചങ്ങാത്ത മുതലാളിമാരും അവരുടെ മാധ്യമ ശിങ്കിടികളും ആവും മട്ട് വിയർത്തു പണിയെടുത്തത്. ധനമന്ത്രിയാകട്ടെ കോവിഡിന് മുകളിൽ പഴിചാരി രക്ഷപ്പെടാനാണ് പരിശ്രമിച്ചത്.

2017-18 ൽ തന്നെ 82.9 ലക്ഷം കോടിയിലേക്ക് കടം കയറിയിരുന്നു. 2018-2019 ൽ അത് 92.5 ലക്ഷം കോടിയും, 2019-20 ൽ 105.2 ലക്ഷം കോടിയുമായി വളർന്നു. 2021-22 ൽ 138.9 ലക്ഷം കോടിയിലേക്കാണ് വളർന്നു പടർന്നു കയറിയത്, ക്രമാനുഗതമായ വളർച്ചയാണ് അടയാളപ്പെടുത്തുന്നത്.

2019-20 ൽ കോർപ്പറേറ്റ് നികുതി 22% ആക്കി ഇളവു ചെയ്യതിലൂടെ മാത്രം ആ വർഷം 1.84 ലക്ഷം കോടി രൂപയുടെ ഇടിവാണ് ഖജനാവിന് ഉണ്ടായത്. ഇത്തവണത്തെ ബഡ്ജറ്റിൽ കോർപ്പറേറ്റ് നികുതി വീണ്ടും 15 ശതമാനമാക്കി, കോർപ്പറേറ്റ് വിടുവേല തന്നെയാണ് തങ്ങളുടെ അജണ്ട എന്ന് മോദി സർക്കാർ അർത്ഥശങ്കക്കിടയില്ലാതെ വ്യക്തമാക്കി. കോർപ്പറേറ്റുകൾക്ക് നൽകിയ 11 ലക്ഷം കോടി രൂപയുടെ വായ്പയാണ് കേന്ദ്രസർക്കാർ എഴുതിത്തള്ളിയത്. 4 ലക്ഷം കോടി രൂപയുടെ നികുതിയിളവുകളാണ് കോർപ്പറേറ്റുകൾക്ക് ദാനമായി നൽകിയത്.

പൊതുമേഖല വിറ്റഴിക്കലിന്റെ ഭാഗമായുള്ള വരുമാന ഇടിവും കടം പെരുകുന്ന ഘടകങ്ങളിലൊന്നാണ്. ഇതിന്റെ പരിഹാരമായി ജിഎസ്ടി (ചരക്കുസേവന നികുതി) നിരക്കിൽ ഭീമമായ വർദ്ധനവ് വരുത്തി സാധാരണക്കാരെ പിഴിഞ്ഞ് എടുക്കുകയാണ്. ഈ പ്രക്രിയ വരുമാന ഇടിവ് നേരിടുന്ന തൊഴിലാളികളുടെയും, കൃഷിക്കാരുടെയും, ജീവനക്കാരുടെയും വാങ്ങൽ ശേഷിയെ മരവിപ്പിക്കുകയും അതുവഴി കമ്പോളത്തിൽ പണലഭ്യതയ്ക്ക് ദൗർലഭ്യം സൃഷ്ടിക്കുകയും ചെയ്യുന്നു. ചോദനയുടെ മങ്ങലിനെയാണ് യഥാർത്ഥത്തിൽ മാന്ദ്യം എന്നുപറയുന്നത്.



പൊതുമേഖല വിറ്റഴിക്കലിന്റെ ഫലമായി ആ മേഖലയിലെ തൊഴിലവസരങ്ങൾ ഗണ്യമായ വെട്ടിക്കുറക്കൽ ഉണ്ടായി. സ്വകാര്യവൽക്കരിക്കപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന തസ്തികകൾ തന്നെ വെട്ടിച്ചുരുക്കപ്പെടുകയോ കൂട്ടപ്പിരിച്ചുവിടലുകളിലൂടെ അപ്രത്യക്ഷമാക്കുകയോ ചെയ്യപ്പെടുന്നു.

ഫാസിസത്തിന്റെ ഒഴിച്ചുകൂടാൻ ആവാത്ത ചേരുവകളിൽ ഒന്നായ 'രാജ്യസ്നേഹം' ശിങ്കിടി മാധ്യമങ്ങളിലൂടെ യഥേഷ്ടം വിളമ്പിയാണ് ഇല്ലാത്ത

യുദ്ധ ത്വര സൃഷ്ടിക്കുന്നത്. റഫേൽ യുദ്ധ വിമാനം വാങ്ങൽ കരാറിന്റെ സംശയപ്പുക ഇനിയും അടങ്ങി യിട്ടില്ല. ഇടപാടിലെ സുതാര്യത വിശദീകരിക്കാൻ ആവാതെ കേന്ദ്രഭരണം ഇപ്പോഴും ഇരുട്ടിൽ തപ്പി ത്തടയുകയാണ്.

ഇങ്ങനെ കൂനിന്മേൽ കുരുവും പിന്നെ അതിലൊരു വ്രണവുമായി നിൽക്കുന്ന കേന്ദ്രഭര ണമാണ് കേരളം ഉൾപ്പെടെയുള്ള ബിജെപി ഇതര ഭരണസംസ്ഥാനങ്ങൾക്കു നേരെ കടമെടുപ്പിന് വി ലങ്ങുമായി വരുന്നത്. ആകെ വരുമാനത്തിന്റെ 57.3 ശതമാനം കടമുള്ള മോദി ഭരണമാണ് 37 ശതമാനം മാത്രം കടമുള്ള കേരളത്തെ ഗുണദോഷിപ്പിച്ച് വി ലക്കാൻ ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്.

പ്രളയകാലത്തും, കോവിഡ് കാലത്തും വരുമാന ലഭ്യത ഇല്ലാഞ്ഞിട്ടും ക്ഷേമ നടപടികളിൽ ഒന്നു പോലും നിർത്തിയില്ലെന്ന് മാത്രമല്ല സൗജന്യറേ ഷൻ, ചികിത്സ, പെൻഷൻ എല്ലാം വർദ്ധമാനമായ തോതിൽ നൽകുന്നതിൽ ഒരു ലോപവും കാട്ടിയ തുമില്ല. കേന്ദ്രം നിരവധി തടസ്സങ്ങൾ മുന്നിലേക്ക് വലിച്ചിട്ടിട്ടും, കേരള ജനസംഖ്യയുടെ ആറിലൊന്ന് പേർക്കും ഒരു മുടക്കവും കൂടാതെ ക്ഷേമപെൻഷ നുകൾ നൽകിക്കൊണ്ടിരിക്കുന്നു.

അൽപത്തത്തിന്റെ തിണ്ണമിടുക്കാണ് കേന്ദ്രം കേരളത്തോട് കാണിക്കുന്നത്. ലക്കുകെട്ട മോദി സർക്കാരിന്റെ ഇരട്ടത്താപ്പിനെയും വേട്ടയാടലിനെ യും തുറന്നു കാണാതെ കണ്ണടച്ചുപിടിച്ച മാധ്യമ മൗനമാണ് കേരളം നോക്കിക്കാണുന്ന വർത്തമാന കാല രാഷ്ട്രീയ കൗതുകം. പ്രതിരോധവും, പ്രതികര ണവുമല്ലാതെ ജീവിതമില്ല എന്ന നിലയിലേക്കാണ് മലയാളികളായ നമുക്കിനി പോകേണ്ടത്.




# ചരിത്രത്തിനുമേൽ സർജിക്കൽ സ്ട്രൈക്ക്

പന്ത്രണ്ടാം ക്ലാസിലേതടക്കമുള്ള പാഠപുസ്ത കങ്ങളിൽനിന്ന് നീക്കം ചെയ്യാനുള്ള നാഷണൽ കൗൺസിൽ ഓഫ് എജ്യൂക്കേഷണൽ റിസർ ച്ചി(എൻസിഇആർടി)ന്റെ തീരുമാനം ചരിത്ര ത്തെ ആയുധവൽക്കരിക്കാനുള്ള ആക്രമ ണോത്സുകമായ നീക്കമാണ്. മഹാമാരിയുടെ പശ്ചാത്തലത്തിൽ കുട്ടികൾക്കുള്ള പഠനഭാരം ലഘൂകരിക്കണമെന്ന ന്യായം പറഞ്ഞാണ് കരി ക്കുലത്തിൽനിന്ന് മുഗൾ ഭരണത്തെക്കുറിച്ചും 2002ലെ ഗുജറാത്ത് വംശഹത്യയെക്കുറിച്ചും, അടിയന്തരാവസ്ഥയെക്കുറിച്ചുമൊക്കെയുള്ള പാഠഭാഗങ്ങൾ മാറ്റാൻ എൻസിഇആർടി തീരു മാനിച്ചത്. ഒപ്പം ദളിത് എഴുത്തുകാരെക്കുറിച്ചും സമത്വത്തിനായുള്ള പോരാട്ടങ്ങളെക്കുറിച്ചുള്ള പാഠഭാഗങ്ങളും നീക്കം ചെയ്തിട്ടുണ്ട്. ആറു മുതൽ 12 വരെയുള്ള ക്ലാസുകളിലെ കരിക്കുലത്തിൽ നിന്നാണ് ഈ ഒഴിവാക്കൽ നടന്നിട്ടുള്ളത്. ബാ ലിശമായ കാരണങ്ങൾ പറഞ്ഞാണ് ചരിത്രം, സാമൂഹ്യ പാഠം എന്നീ വിഷയങ്ങളിലെ ഈ ഒഴി വാക്കലുകൾ. മഹാമാരിക്കുശേഷം വിദ്യാഭ്യാസ മേഖല പൂർവ സ്ഥിതിയിലേക്ക് മടങ്ങുകയും ഓൺലൈൻ ക്ലാസുകൾ പൂർണമായി ഇല്ലാതാ ക്കുകയും ചെയ്ത സാഹചര്യത്തിലാണ് വളരെ യേറെ എതിർപ്പു വരുത്തിവച്ച ഈ തീരുമാനം. പന്ത്രണ്ടാം ക്ലാസിലെ ചരിത്ര പുസ്തകത്തിലെ പാർട് രണ്ടിൽ നിന്നാണ് മുഗൾ ഭരണത്തെക്കുറി ച്ചുള്ള അധ്യായവും പാർട് മൂന്നിലെ ആധുനിക ഇന്ത്യാചരിത്രത്തിലെ രണ്ടധ്യായങ്ങളുമാണ് നീക്കംചെയ്തത്. ഈ പാഠപുസ്തകം തയ്യാറാക്കിയ ചരിത്രപണ്ഡിതരും അധ്യാപകരും എൻസിഇ ആർടി അംഗങ്ങളുമടക്കമുള്ള വിദഗ്ധ സംഘ വുമായി ചർച്ച ചെയ്യാതെയുള്ള ഏകപക്ഷീയ നടപടിയാണിത്. വിപുലവും ദീർഘവുമായ ചർച്ചാ പ്രക്രിയയിലൂടെയാണ് ഈ പാഠപുസ്ത കങ്ങൾക്ക് രൂപം നൽകിയത്.

ജമ്മു കശ്മീരിനെ ഇന്ത്യയോട് ചേർത്തത് ആ സംസ്ഥാനത്തിന് സ്വയംഭരണാധികാരം ഉറപ്പു നൽകിയാണെന്ന പരാമർശം എൻസിഇആർ ടിയുടെ പതിനൊന്നാം ക്ലാസിലെ പുതുക്കിയ പൊളിറ്റിക്കൽ സയൻസ് പാഠപുസ്തകത്തിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. പുതുക്കിയ പുസ്തകത്തി ന്റെ രചയിതാക്കൾ ഇന്ത്യയിലെ ആദ്യ വിദ്യാഭ്യാസ മന്ത്രി മൗലാന അബ്ദുൾ കലാം ആസാദിനെക്കു റിച്ചുള്ള പാഠഭാഗങ്ങളും വെട്ടി മാറ്റിയിട്ടുണ്ട്.



# ബദൽ നയങ്ങളുയർത്തി കേരളം മുന്നോട്ട്

രാജ്യത്തിന് മാതൃകയായ ബദൽനയങ്ങൾ ഉയർത്തിപ്പിടിച്ച് എൽഡിഎഫ് സർക്കാർ മൂന്നാംവർഷത്തിലേക്ക്. നവഉദാരവൽക്കരണ നയങ്ങൾ തള്ളി, ക്ഷേമവും വികസനവുമാണ് സർക്കാരിന്റെ മുഖ്യ ചുമതലയെന്ന് പ്രഖ്യാപിച്ചാണ് മുന്നേറ്റം. വർഗീയതയുടെ എരിതീയിലായ രാജ്യത്ത് മതനിരപേക്ഷ പ്രതീക്ഷകളുടെ പച്ചത്തുരുത്താകാനും കേരളത്തിനായി. കേന്ദ്രം വിൽപ്പനയ്ക്കുവച്ച പൊതുമേഖലാ സ്ഥാപനങ്ങളെയടക്കം ഏറ്റെടുത്ത് വിജയകരമായി പ്രവർത്തിപ്പിക്കാനായതും നേട്ടമായി.

23 പൊതുമേഖലാ സ്ഥാപനത്തെ ലാഭത്തിലെത്തിക്കാനായി. പൊതുവിദ്യാഭ്യാസ മുന്നേറ്റത്തിനായി തുടക്കമിട്ട അടിസ്ഥാന സൗകര്യമുയർത്തലും ഉയർന്ന അക്കാദമിക് നിലവാരമുറപ്പാക്കലും ലക്ഷ്യപ്രാപ്തിയിലെത്തി. വെല്ലുവിളികളെല്ലാം അതിജീവിക്കുന്ന ആരോഗ്യമേഖല രാജ്യത്ത് ഒന്നാമതാണ്. അടിസ്ഥാനസൗകര്യ വികസനത്തിലെ കുതിപ്പ് അത്ഭുതകരമാണ്. കേന്ദ്രത്തിന്റെയടക്കം എതിർപ്പുകളെയും വികസനവിരുദ്ധരുടെ കുപ്രചാരണങ്ങളെയും അതിജീവിച്ചാണ് മുന്നേറ്റം.

വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയിലേക്കുള്ള കുതിപ്പിന് ഉതകുന്ന നിരവധി പദ്ധതികൾ മുന്നേറുന്നു. പുതിയ സയൻസ് പാർക്കുകളും ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാധിഷ്ഠിത പദ്ധതികളും സ്ഥാപനങ്ങളും ഇതിന് ബലമേകുന്നു. രാജ്യത്തിന് മാതൃകയായി പദ്ധതികൾക്കും സ്ഥാപനങ്ങൾക്കും തുടക്കംകുറിക്കാനായി.

കിടപ്പാടമില്ലാത്ത 3.42 ലക്ഷം കുടുംബത്തിന് ലൈഫ് ഭവനപദ്ധതിവഴി അടച്ചുറപ്പുള്ള വീടും ജീവിതവുമുറപ്പാക്കി. സർക്കാരിന്റെ രണ്ടാംവാർഷികത്തിൽ നൂറുദിന കർമപരിപാടിയിൽ 20,073 വീടുകൂടി കൈമാറി. 41,439 വീട് നിർമാണത്തിന് തുടക്കമിട്ടു. ക്ഷേമ പെൻഷനുകൾ അർഹരുടെ കൈയിൽ കൃത്യമായി എത്തിക്കുന്ന രാജ്യത്തെ ഏക സംസ്ഥാനമായി. ലോകത്തെ മികച്ച സ്റ്റാർട്ടപ് ഇക്കോ സിസ്റ്റമുള്ള നാടുകളിലൊന്നായി കേരളത്തെ മാറ്റി. തെക്കൻഏഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ് ആൻഡ് ഇന്നൊവേഷൻ ഹബ്ബും ഇവിടെയാണ്. കഴിഞ്ഞവർഷംമാത്രം ഒരുലക്ഷത്തിൽപ്പരം സംരംഭങ്ങളും മൂന്നുലക്ഷത്തോളം പുതിയ തൊഴിലവസരവും 8000 കോടി രൂപയുടെ നിക്ഷേപവും ഉറപ്പാക്കി.

സാമ്പത്തികമേഖലയിലെ മുന്നേറ്റങ്ങളും പ്രശംസനീയമാണ്. മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിൽ (ജിഎസ്ഡിപി) ഉൽപ്പാദനമേഖലയുടെ സംഭാവന 14 ശതമാനമായി. ദേശീയ ശരാശരിക്കൊപ്പമെത്തിയ അത്ഭുതകരമായ മാറ്റം. ജിഎസ്ഡിപി 12.01 ശതമാനം ഉയർന്നു. പ്രതിശീർഷ വരുമാനം അഖിലേന്ത്യാ ശരാശരിയുടെ ഇരട്ടിയായി. രാജ്യത്തെ ഏറ്റവും ഉയർന്ന തൊഴിലുറപ്പ് വേതനവും ഉയർന്ന തൊഴിൽദിനങ്ങളും സൃഷ്ടിക്കുന്ന സംസ്ഥാനമായി.

ഉത്തരവാദിത്വ ടൂറിസം ആഗോള ശ്രദ്ധ നേടുന്നു. കേന്ദ്രം മറന്ന മത്സ്യ, തോട്ടം, കശുവണ്ടി തൊഴിലാളികൾക്ക് സംസ്ഥാനം താങ്ങായി. സമഗ്ര കാർഷിക പദ്ധതികൾ പുരോഗമിക്കുന്നു. നിതി ആയോഗിന്റെ അടിസ്ഥാന സ്ഥിതിവിവരക്കണക്കുകളിൽ എല്ലാ മേഖലയിലും കേരളം മുന്നിലാണ്.

# സിഐടിയു സന്ദേശത്തിന്റെ 50-ാം വാർഷികാചരണവും വരിക്കാരുടെ എണ്ണം ഉയർത്തലും




സിഐടിയു കേരള സംസ്ഥാന കമ്മിറ്റിയുടെ മുഖപത്രമായ "സിഐടിയു സന്ദേശം'' മാസിക 1973 ഏപ്രിൽ മാസമാണ് പുറത്തിറങ്ങിയത്. മഹാനായ ഏകെജിയുടെ ആശംസ കൊടുത്തു കൊണ്ടാണ് ആദ്യലക്കം പുറത്തിറക്കിയത്. അതിന്റെ മുഖചിത്രം ധീരരക്തസാക്ഷി സ.അഴീക്കോടൻ രാഘവന്റേതായിരുന്നു.

മുതലാളിത്തത്തിന്റെ നയത്തിനെതിരായ നിരന്തര പോരാട്ടത്തിന് വിജ്ഞാനവും കരുത്തും നൽകുന്നതിൽ "സിഐടിയു സന്ദേശം" മുൻപന്തിയിലുണ്ടായിരുന്നു. അധ്വാനിക്കുന്നവരുടെ അവകാശ സമരങ്ങളുടെ യഥാർത്ഥ ചിത്രം അവതരിപ്പിക്കുന്നതിലും ശാസ്ത്രീയ വീക്ഷണം പ്രചരിപ്പിക്കുന്നതിലും 'സന്ദേശം' മുന്നിട്ടു നിന്നു.

ഇന്ത്യൻ ഭരണവർഗ്ഗത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും കടന്നാക്രമണങ്ങൾക്കെതിരായ പോരാട്ടങ്ങൾക്ക് ശക്തി പകരാൻ കഴിയുന്ന വിധത്തിൽ എല്ലാ മേഖലയിലുമുള്ള തൊഴിലാളികൾക്ക് ആശയ വ്യക്തതയും വിപ്ലവബോധവും ഉണ്ടാക്കാനുള്ള ശ്രമം ഇക്കാലയളവിനുള്ളിൽ സന്ദേശം നടത്തിയിട്ടുണ്ട്. സിഐടിയു യൂണിയനുകളുടെ മാത്രമല്ല, തൊഴിലാളി വർഗ്ഗത്തിന്റെയാകെ ജിഹ്വയായി മാറിയിട്ടുണ്ട് 'സിഐടിയു സന്ദേശം'.

2022 ഡിസംബറിൽ ചേർന്ന സിഐടിയു സംസ്ഥാന സമ്മേളനം സിഐടിയു സന്ദേശത്തിന്റെ വരിക്കാരുടെ എണ്ണം 10 ലക്ഷമായി ഉയർത്താനും സന്ദേശം പുറത്തിറങ്ങിയതിന്റെ 50-ാം വാർഷികം ആഘോഷിക്കാനും തീരുമാനിച്ചു. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾക്ക് രൂപം നൽകി.

2023 മേയ് 2 ന് 50-ാം വാർഷികാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് ബിടിആർ മെമ്മോറിയൽ ഹാളിൽ നടന്നു. സ:എ. വിജയരാഘവൻ (അഖിലേന്ത്യാ കർഷകത്തൊഴിലാളി യൂണിയൻ പ്രസിഡന്റ്) ഉദ്ഘാടനം ചെയ്തു. സഖാക്കൾ എളമരം കരീം.എം.പി, ആനത്തലവട്ടം ആനന്ദൻ, പി.നന്ദകുമാർ, ദീപ.കെ.രാജൻ, കെ.എൻ.ഗോപിനാഥ്, കെ.എസ്.സുനിൽകുമാർ, കെ.പി.സഹദേവൻ, എഫ്.എസ്.ഇ.ടി. ഒ നേതാവ് അജിത്കുമാർ, സി.ജയൻബാബു എന്നിവർ പങ്കെടുത്തു. തിരുവനന്തപുരത്തെ ട്രേഡ് യൂണിയനുകൾ, സംസ്ഥാനയൂണിയൻ സഖാക്കൾ, സർവീസ് സംഘടനാനേതാക്കളും പ്രവർത്തകരും ഉൾപ്പെടെ വലിയ ജനാവലി പങ്കെടുത്തു. ദേശാഭിമാനിയിലെ ഇൻഫോഗ്രാഫിക് ഡിസൈനർ നിധിൻ, ഡിസൈൻ ചെയ്ത 50-ാം വർഷത്തിന്റെ ലോഗോ സ.ടി.പി.രാമകൃഷ്ണന് കൈമാറി സ. വിജയരാഘവൻ പ്രകാശനം ചെയ്തു.

## സിഐടിയു സന്ദേശം @ 50 അറിവുത്സവം

50ാം വാർഷികാഘോഷ പ്രചാരണവുമായി ബന്ധപ്പെട്ട് താഴെ തലം മുതൽ സംസ്ഥാനതലം വരെ നീളുന്ന മത്സരം സിഐടിയു സന്ദേശം @ 50 അറിവുത്സവം എന്ന പേരിൽ സംഘടിപ്പിക്കുന്നു.

എല്ലാ യൂണിയനുകളുടെയും ഏറ്റവും അടിത്തട്ടിലുള്ള യൂണിറ്റുകളിൽ നിന്നും മത്സരം നടത്തി ഏര്യ/ താലൂക്ക് തലത്തിൽ മത്സരവും തുടർന്ന് ജില്ലാതല മത്സരവും സംഘടിപ്പിക്കും. ജില്ലാതലത്തിൽ തെരഞ്ഞെടുക്കുന്നവരെ പങ്കെടുപ്പിച്ച് സംസ്ഥാനതല മത്സരം സംഘടിപ്പിക്കും. വിജയികൾക്ക് മെഡലുകൾ നൽകും. സമാപന സമ്മേളനത്തിൽ ഇത് വിതരണം ചെയ്യും.

വരിക്കാരുടെ എണ്ണം ഉയർത്താനുള്ള പ്രവർത്തനത്തിന് ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിന് രൂപം നൽകിയിട്ടുണ്ട്. സെപ്റ്റംബർ മാസമാണ് വരിക്കാരുടെ എണ്ണം ഉയർത്താനുള്ള പ്രവർത്തനത്തിന് രൂപം നൽകിയിരിക്കുന്നത്. ജൂൺ മാസത്തിൽ സംസ്ഥാനതല ശില്പശാലയും തുടർന്ന് ജില്ലാതല ശില്പശാലകളും നടത്തി തുടർന്ന് പരിപാടികൾ തീരുമാനിക്കും. സിഐടിയു സന്ദേശത്തിന്റെ 50-ാം വാർഷികത്തിന്റെ സമാപനം 2024 മാർച്ചിൽ കോഴിക്കോട് വെച്ച് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്.

# ലോകമെമ്പാടും മെയ് ദിനം ആഘോഷിച്ചു

ലോകമെമ്പാടുമുള്ള തൊഴിലാളികളും പ്രവർത്തകരും റാലികളോടെ മെയ് ദിനം ആഘോഷിച്ചു. വേതനവർദ്ധനവ്, ജോലി സമയം കുറയ്ക്കുക, മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ എന്നിവ ആവശ്യപ്പെടുന്ന മുദ്രാവാക്യങ്ങൾ ഉയർത്തിയാണ്.

മെയ് ദിനം, അല്ലെങ്കിൽ അന്താരാഷ്ട്ര തൊഴിലാളി ദിനം, പല രാജ്യങ്ങളിലും തൊഴിലാളികളുടെ അവകാശങ്ങൾ ആവശ്യപ്പെടാനുള്ള ദിനമായി ആചരിക്കുന്നു.

ഈ വർഷത്തെ പരിപാടികൾ മുൻ വർഷങ്ങളെ അപേക്ഷിച്ച് വലിയ ജനപങ്കാളിത്തം ഉണ്ടായിരുന്നു, കാരണം കോവിഡ്19 നിയന്ത്രണങ്ങൾ ഗണ്യമായി അഴിച്ചുവിടുകയും പല രാജ്യങ്ങളിലെയും തൊഴിലാളികൾ അവരുടെ ജീവിതം മെച്ചപ്പെടുത്താൻ സർക്കാരുകൾ കൂടുതൽ ഇടപെടണമെന്ന് വാദിക്കുകയും ചെയ്തു.

ദക്ഷിണ കൊറിയയിൽ, 2020 ന്റെ തുടക്കത്തിൽ പകർച്ചവ്യാധി ആരംഭിച്ചതിന് ശേഷമുള്ള ഏറ്റവും വലിയ മെയ് ദിന സമ്മേളനങ്ങളിൽ പതിനായിരക്കണക്കിന് ആളുകൾ വിവിധ റാലികളിൽ പങ്കെടുത്തു. തലസ്ഥാനമായ സിയോളിലെ രണ്ട് പ്രധാന റാലികൾ നടന്നു.

ടോക്കിയോയിൽ, ആയിരക്കണക്കിന് ലേബർ യൂണിയൻ അംഗങ്ങളും പ്രതിപക്ഷ നിയമസഭാംഗങ്ങളും അക്കാദമിക് വിദഗ്ധരും യോഗി പാർക്കിൽ ഒത്തുകൂടി, പാൻഡെമിക് ഹിറ്റ് മുതൽ അവരുടെ ജീവിതം ഇപ്പോഴും വീണ്ടെടുക്കുന്നതിനാൽ വർദ്ധിച്ചുവരുന്ന ചെലവുകളുടെ പ്രഭാവം നികത്താൻ വേതന വർദ്ധനവ് ആവശ്യപ്പെട്ടു.

ഇന്തോനേഷ്യയിൽ, തൊഴിലാളികളുടെയും പരിസ്ഥിതിയുടെയും ചെലവിൽ ബിസിനസുകൾക്ക് പ്രയോജനം ചെയ്യുമെന്ന് അവർ വാദിക്കുന്ന തൊഴിൽ സൃഷ്ടിക്കൽ നിയമം പിൻവലിക്കണമെന്ന് റാലിയിൽ പങ്കെടുത്തവർ സർക്കാരിനോട് ആവശ്യപ്പെട്ടു.

തയ്‌വാനിൽ, ദ്വീപിന്റെ തൊഴിൽ നയങ്ങളുടെ അപര്യാപ്തതയ്‌ക്കെതിരെ പ്രതിഷേധിക്കാൻ ആയിരക്കണക്കിന് തൊഴിലാളികൾ തെരുവിലിറങ്ങി.

ലെബനനിൽ, നൂറുകണക്കിന് കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളും ട്രേഡ് സിൻഡിക്കേറ്റ് അംഗങ്ങളും കുടിയേറ്റ ഗാർഹിക തൊഴിലാളികളുടെ ഗ്രൂപ്പുകളും ബെയ്റൂട്ട് നഗരത്തിന്റെ തെരുവുകളിലൂടെ മാർച്ച് നടത്തി.

ഫ്രാൻസിൽ, പെൻഷൻ പ്രായം 62 ൽ നിന്ന് 64 ആയി ഉയർത്താനുള്ള പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിന്റെ സമീപകാല നീക്കത്തിൽ പ്രതിഷേധിച്ച് യൂണിയനുകൾ വമ്പിച്ച പ്രകടനങ്ങൾ നടത്തി. പെൻഷൻ പരിഷ്കരണം കഠിനാധ്വാനികളായ തൊഴിലാളികളുടെ അവകാശങ്ങൾക്കും ഫ്രാൻസിന്റെ സാമൂഹിക സുരക്ഷക്കും ഭീഷണിയായാണ് തൊഴിലാളികൾ കാണുന്നത്.

പാകിസ്ഥാനിൽ ചില നഗരങ്ങളിൽ റാലികൾ നിരോധിച്ചു. രാജ്യത്തിന്റെ വടക്കുപടിഞ്ഞാറൻ ഭാഗത്തുള്ള പെഷവാറിൽ, തൊഴിലാളികളുടെ അവകാശങ്ങൾ ആവശ്യപ്പെട്ട് തൊഴിലാളി സംഘടനകളും ട്രേഡ് യൂണിയനുകളും ഇൻഡോർ പരിപാടികൾ നടത്തി.









# മെയ് 7

## സിഐടിയു സംസ്ഥാന വ്യാപകമായി ശുചീകരണ ദിനം ആചരിച്ചു

പൊതുസ്ഥലങ്ങൾ സംസ്ഥാന വ്യാപകമായി സിഐടിയു തൊഴിലാളികൾ ശുചീകരിക്കുകയും ചെടികൾ വച്ച് വൃത്തിയാക്കുകയും ചെയ്തു. ജില്ലാതലം മുതൽ പഞ്ചായത്ത്/ഡിവിഷൻ തലം വരെ സാദ്ധ്യമായ പൊതു ഇടങ്ങൾ മുൻകൂട്ടി നിശ്ചയിച്ചാണ് പരിപാടികൾ സംഘടിപ്പിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് പരിപാടികൾ നടന്നത്. സിഐടിയുവിന്റെ പതാക, ബാനർ, ടീഷർട്ട്, തൊപ്പി, ഭക്ഷണം ഇവയെല്ലാം ശുചീകരണ കേന്ദ്രങ്ങളിൽ ഉണ്ടായിരുന്നു. നിശ്ചയിച്ച സ്ഥലങ്ങൾ പൂർണമായി വൃത്തിയാക്കിയതിന് ശേഷമാണ് ശുചീകരണ പരിപാടി അവസാനിപ്പിച്ചത്..

സിഐടിയു സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ച ശുചീകരണ പ്രവർത്തനത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സ. എംബി രാജേഷ് നിർവ്വഹിച്ചു. തിരുവനന്തപുരം പാളയം മാർക്കറ്റിൽ സംഘടിപ്പിച്ച ഉദ്ഘാടനത്തിൽ സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം എംപി, ബഹു. തൊഴിൽ വകുപ്പ് മന്ത്രിയും സിഐടിയു സംസ്ഥാന സെക്രട്ടറിയുമായ സ. വി ശിവൻകുട്ടി, സംസ്ഥാന ഭാരവാഹികളായ സ. സി ജയൻ ബാബു, സ. സികെ ഹരികൃഷ്ണൻ, സ. കെഎസ് സുനിൽകുമാർ, സ. എസ് പുഷ്പലത, സ. ആർ രാമു എന്നിവർ നേതൃത്വം നൽകി.

സിഐടിയു സംസ്ഥാന സെക്രട്ടറിയേറ്റാണ് ശുചിത്വ കേരളം എന്ന ലക്ഷ്യം മുൻനിർത്തി പൊതുസ്ഥലങ്ങൾ ശുചീകരിക്കാൻ ആഹ്വാനം ചെയ്തത്. സിഐടിയു പ്രവർത്തകർക്ക് പുറമെ മന്ത്രിമാരും, എംഎൽഎമാരും, മറ്റു ജനപ്രതിനിധികളും പ്രവർത്തനത്തിൽ പങ്കാളികളായി.കൊല്ലത്ത് ശുചീകരിച്ച വീടുകളിൽ സ്റ്റിക്കർ ഒട്ടിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോട്ടയത്ത് മെയ് 7 ന്റെ ശുചീകരണത്തിന് ആവശ്യമായ ടീഷർട്ട് ജില്ലാകമ്മിറ്റി വാങ്ങിനൽകി.



തിരുവനന്തപുരം



കൊല്ലം



കോട്ടയം



ആലപ്പുഴ



ഇടുക്കി




എറണാകുളം



തൃശൂർ



മലപ്പുറം



കോഴിക്കോട്



വയനാട്




കണ്ണൂർ




കാസർഗോഡ്

## മെയ് ദിനം സംസ്ഥാന വ്യാപകമായി ആചരിച്ചു

മെയ് ദിന റാലി സംസ്ഥാനത്താകെ നടന്നു. തിരുവനന്തപുരം ഒഴിച്ച് എല്ലായിടത്തും സംയുക്തറാലികളാണ് സംഘടിപ്പിച്ചത്. സിഐടിയു സംസ്ഥാന കമ്മിറ്റി ആഫീസിൽ സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ പതാക ഉയർത്തി. പാലക്കാട്ടും, മലപ്പുറത്തും ഐഎൻടിയുസി, എസ്ടിയു, യൂണിയനുകളും ഒരുമിച്ചായിരുന്നു റാലികൾ സംഘടിപ്പിച്ചത്. പാമ്പാടിയിൽ പതിവുപോലെ ഗ്രാമമാകെ ഇളക്കിമറിച്ച് മെയ്ദിനറാലിയും, പരിപാടികളും നടന്നു. തിരുവനന്തപുരം നഗരം ഇതേവരെ ദർശിച്ചിട്ടില്ലാത്ത വിധം വാദ്യമേളങ്ങളും, കലാരൂപങ്ങളും, മഴയുടെ ആരവും ചേർന്നുള്ള റാലിയായിരുന്നു. ആയിക്കണക്കിന് തൊഴിൽ കേന്ദ്രങ്ങളിൽ അലങ്കരിച്ച് പ്രഭാതഭേരി മുഴക്കി പതാക ഉയർത്തി.



## വിമല രണദിവെ ദിനം

വിമല രണദിവെ ദിനവുമായി ബന്ധപ്പെട്ട് വർക്കിങ് വിമൻ കോഓർഡിനേഷൻ കമ്മിറ്റി കേരള സംസ്ഥാന കമ്മിറ്റി സ്ത്രീകളുടെ തൊഴിലവകാശങ്ങൾ എന്ന വിഷയത്തിൽ സംഘടിപ്പിച്ച സംസ്ഥാന തല സെമിനാർ സിഐടിയു ദേശീയ വൈസ് പ്രസിഡന്റ് സ. മേഴ്സിക്കുട്ടി അമ്മ ഉദ്ഘാടനം ചെയ്തു. എ.ഐ.ഡി.ഡബ്ല്യു.എ കേന്ദ്ര കമ്മിറ്റി അംഗം സ. അഡ്വ: ഗീനാകുമാരി വിഷയാവതരണം നടത്തി. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. സുനിത കുര്യൻ സ്വാഗതവും, സിഐടിയു ദേശീയ സെക്രട്ടറി സ. ദീപ



കെ രാജൻ അധ്യക്ഷയും, സിഐടിയു സംസ്ഥാന സെക്രട്ടറി സ. ധന്യ ആബിദ് നന്ദിയും പറഞ്ഞു.

## കേരള സംസ്ഥാന ഫിഷറീസ് കോഓർഡിനേഷൻ കമ്മിറ്റി നടത്തിയ രാജ്ഭവൻ മാർച്ച്

ആഴക്കടലിൽ ധാതുമണൽ ഖനനത്തിന് അനുമതി നൽകിയ കേന്ദ്രസർക്കാർ നയത്തിനെതിരെ കേരള സംസ്ഥാന ഫിഷറീസ് കോഓർഡിനേഷൻ കമ്മിറ്റി നടത്തിയ രാജ്ഭവൻ മാർച്ച് സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം എംപി ഉദ്ഘാടനം ചെയ്തു. സിഐടിയു ദേശീയ വൈസ് പ്രസിഡന്റ് സ. ജെ മേഴ്സിക്കുട്ടി അമ്മ, സംസ്ഥാന ഭാരവാഹികളായ സ. കൂട്ടായി ബഷീർ, സ. പിപി ചിത്തരഞ്ജൻ, സ. എസ് ശർമ്മ, ഐഎൻടിയുസി നേതാവ് ടി അശോകൻ, എസ്ടിയു നേതാവ് ഉമ്മർ ഒട്ടുമ്മൽ ഉൾപ്പെടെയുള്ള വിവിധ യൂണിയൻ നേതാക്കൾ



പങ്കെടുത്തു സംസാരിച്ചു.

## കേരള സ്റ്റേറ്റ് പ്രൈവറ്റ് ഹോസ്പിറ്റൽ എംപ്ലോയീസ് ഫെഡറേഷൻ സെക്രട്ടറിയേറ്റ് മാർച്ച്

ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കുറച്ച് നൽകുന്ന മാനേജ്മെന്റ് നടപടി ശിക്ഷാർഹമാക്കുക, പ്രൈവറ്റ് ഹോസ്പിറ്റൽ എംപ്ലോയീസ് ആക്ട് ഉടൻ പുറപ്പെടുവിക്കുക, 3 ഷിഫ്റ്റ് ഡ്യൂട്ടി എല്ലാ ആശുപ്രതികളിലും നടപ്പാക്കുക, കരാർ നിയമനങ്ങൾ അവസാനിപ്പിക്കുക, ലേബർ എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കുക തുടങ്ങിയ ആവശ്യങ്ങളെല്ലാം ഉന്നയിച്ചുകൊണ്ടാണ് കേരള സ്റ്റേറ്റ് പ്രൈവറ്റ് ഹോസ്പിറ്റൽ എംപ്ലോയീസ് ഫെഡറേഷൻ സെക്രട്ടറിയേറ്റ് മാർച്ചും ധർണയും നടത്തിയത്. സിഐടിയു സംസ്ഥാന സെക്രട്ടറി സ. പി പി ചിത്തരഞ്ജൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് സ. അഡ്വ. റജി സഖറിയ അദ്ധ്യക്ഷത വഹിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറിമാരായ സ. കെപി സഹദേവൻ,



സ. കെ എസ് സുനിൽകുമാർ, സംസ്ഥാന വൈസ് പ്രസിഡന്റ് സ. സി. ജയൻ ബാബു തുടങ്ങിയവർ പ്രസംഗിച്ചു. ഫെഡറേഷൻ ജനറൽ സെക്രട്ടറി സ. എ മാധവൻ സ്വാഗതവും, സെക്രട്ടറി സ. സ്റ്റാലിൻ ജോസഫ് നന്ദിയും പറഞ്ഞു.

വിവിധ ആവശ്യങ്ങളുയർത്തി ഐസിപിഎസ് എംപ്ലോയീസ് യൂണിയൻ നടത്തിയ സെക്രട്ടറിയേറ്റ് ധർണ സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു.



വിവിധ വിഷയങ്ങൾ ഉയർത്തി കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ നടത്തുന്ന ദ്വിദിന സെക്രട്ടറിയേറ്റ് സത്യാഗ്രഹം സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. കെ കെ ജയചന്ദ്രൻ ഉദ്ഘാടനം ചെയ്തു.



എഫ്സിഐ ലോറി തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുക, സിവിൽ സപ്ലൈസ് അധികാരികൾ നടപ്പിലാക്കിയ കരാർ വ്യവസ്ഥകൾ പിൻലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തി എറണാകുളം ഗാന്ധിനഗർ മാവേലി ഭവന് മുൻപിൽ ഗുഡ്സ് ട്രാൻസ്പോർട്ട് വർക്കേഴ്സ് സംയുക്ത സമിതിയുടെ നേതൃത്വത്തിൽ നടത്തിയ മാർച്ചും ധർണയും



സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെഎൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു.

## കേരള പാലിയേറ്റിവ് നേഴ്സസ് ഫെഡറേഷൻ ദ്വിദിന സെക്രട്ടറിയേറ്റ് ധർണ

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള പാലിയേറ്റിവ് നേഴ്സസ് ഫെഡറേഷൻ സംഘടിപ്പിക്കുന്ന ദ്വിദിന സെക്രട്ടറിയേറ്റ് ധർണ സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. ടി പി രാമകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

നേഴ്സ്മാരെ അകാരണമായി പിരിച്ചുവിടുന്നത് അവസാനിപ്പിക്കുക, ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തുക, മിനിമം വേതനം 25,000 രൂപയാകുക, ഇൻഷുറൻസ് അനുവദിക്കുക, രജിസ്റ്റർ വർക്കുകൾ ലഘൂകരിച്ചു കമ്പ്യൂട്ടറൈ സേഷൻ നടപ്പിലാക്കുക



തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് പ്രതിഷേധ ധർണ്ണ സംഘടിപ്പിക്കുന്നത്

## കേരളഎൻ.ജി.ഒ യൂണിയൻ വജ്രജൂബിലി സമ്മേളനം സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം



തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ 2023 മെയ് 27 മുതൽ 30 വരെ തീയതികളിൽ ചേരുന്ന കേരള എൻ.ജി.ഒ യൂണിയൻ വജ്രജൂബിലി സമ്മേളനത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തൈക്കാട് യൂണിയൻ സൗത്ത് ജില്ലാ കമ്മിറ്റി ഓഫീസിൽ പ്രവർത്തനമാരംഭിക്കുന്ന സ്വാഗതസംഘം ഓഫീസിന്റെ ഉദ്ഘാടനം അഡ്വ.വി.ജോയ് എം.എൽ.എ നിർവ്വഹിച്ചു. സ്വാഗതസംഘം ചെയർമാൻ അഡ്വ.വി.കെ.പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിച്ച യോഗത്തിന് ജനറൽ കൺവീനർ എം.എ.അജിത്കുമാർ സ്വാഗതവും പറഞ്ഞു.

'നവകേരളം ജനപക്ഷ സിവിൽ സർവ്വീസ്' എന്ന മുദ്രാവാക്യമുയർത്തി സംഘടിപ്പിക്കുന്ന വജ്ര ജൂബിലിയോടനുബന്ധിച്ച് കേരള എൻ.ജി.ഒ യൂണിയൻ വിപുലവും വൈവിധ്യമാർന്നതുമായ പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുന്നത്. വജ്രജൂബിലി സമ്മേളനത്തിന് അനുബന്ധമായി സുഹൃത് സമ്മേളനം, ട്രേഡ് യൂണിയൻ സമ്മേളനം, പ്രഭാഷണം, സെമിനാറുകൾ, ചരിത്ര പ്രദർശനം, സാംസ്കാരിക സദസ്സ്, പ്രകടനം, പൊതുസമ്മേളനം തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

മേയ് 30 ന് പ്രകടനവുംപുത്തരിക്കണ്ടം മൈതാനിയിൽ പൊതുസമ്മേളനവും നടക്കും. സമ്മേളനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും ജീവനക്കാർക്കുമായി സാഹിത്യ മത്സരങ്ങൾ, ചിത്രരചന, കായിക മത്സരങ്ങൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്.

കേരള സംസ്ഥാന ആഭരണ നിർമ്മാണ തൊഴിലാളി ഫെഡറേഷൻ സംഘടിപ്പിച്ച സെക്രട്ടറിയേറ്റ് മാർച്ച് സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. ടിപി രാമകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്യു.



# കേരള ആർടിസാൻസ് യൂണിയന്റെ ചീഫ് ഓഫീസ് മാർച്ച്

കേരള ആർട്ടിസാൻസ് യൂണിയൻ നേതൃത്വത്തിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ചീഫ് ഓഫീസിലേക്ക് മാർച്ചും ധർണയും നടത്തി.

സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യു. സിഐടിയു സംസ്ഥാന നേതാക്കളായ സഖാക്കൾ സി. ജയൻബാബു, എസ്. പുഷ്പലത എന്നിവർ സംസാരിച്ചു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് സ. പി. കെ. ഷാജൻ അധ്യക്ഷൻ ആയിരുന്നു. സംസ്ഥാന ജനറൽ സെക്രട്ടറി സഖാവ് നെടുവത്തൂർ സുന്ദരേശൻ സ്വാഗതവും, ജില്ലാ സെക്രട്ടറി സഖാവ് ചെറ്റച്ചൽ സഹദേവൻ നന്ദിയും പറഞ്ഞു.




സഖാക്കൾ ജി. രാജമ്മ, കെ. കെ. ഹരിക്കുട്ടൻ, വി. എസ്. അനൂപ്, സി. വി. ജോയി, എൻ. മുരളീധരൻ, ബി. ബാബു എന്നിവർ മാർച്ചിനും ധർണ്ണക്കും നേതൃത്വം നൽകി.

# ഇലക്ട്രിസിറ്റി കോൺട്രാക്ട് വർക്കേഴ്സ് അസോസിയേഷൻ അനിശ്ചിതകാല സത്യാഗ്രഹസമരം ഒത്തുതീർപ്പായി

കെഎസ്ഇബിയുടെ വിവിധ മേഖലകളിൽ കരാർദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുൾപ്പെടെ ഇരുപതിനായിരത്തിലധികം വരുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് 13 ആവശ്യങ്ങൾ ഉയർത്തി ഏപ്രിൽ 24 മുതൽ വൈദ്യുതി ബോർഡ് ആസ്ഥാന മന്ദിരത്തിനു മുൻപിൽ ഇല്ക്ട്രിസിറ്റി ബോർഡ് കോൺട്രാക്ട് വർക്കേഴ്സ് അസോസിയേഷൻ സിഐടിയു നേതൃത്വത്തിൽ അനിശ്ചിതകാല സത്യാഗ്രഹസമരം സംഘടിപ്പിച്ചത്.

തൊഴിലാളികളുടെ ജോലി സംരക്ഷിക്കുക, വെട്ടികുറച്ച വേതനം പുന:സ്ഥാപിക്കുക, വേതനവർദ്ധനവ് നടപ്പിലാക്കുക തുടങ്ങിയ പ്രധാന ആവശ്യങ്ങൾ ഉന്നയിച്ചു നടത്തിയ സമരം സിഐടിയു സംസ്ഥാനസെക്രട്ടറി സ:കെ.എൻ.ഗോപിനാഥ് ഉദ്ഘാടനം ചെയ്യു. വിവിധ ദിവസങ്ങളിലായി സിഐടിയു സംസ്ഥാന നേതാക്കളായ കെ.എസ്.സുനിൽകുമാർ, അഡ്വ.പി.സജി, സി.ജയൻബാബു, സി.കെ.ഹരികൃഷ്ണൻ, ആർ.രാമു, എസ്.പുഷ്പലത, സി.ബി.ചന്ദ്രബാബു, വി.ശശികുമാർ, നെടുവത്തൂർ സുന്ദരേശൻ, എസ്.ഹരിലാൽ എന്നിവർ സമരത്തെ അഭിവാദ്യം ചെയ്യു.



മെയ് 5 മുതൽ വിവിധ ഘട്ടത്തിൽ മാനേജുമെന്റും സംഘടനാനേതൃത്വവും നടത്തിയ ചർച്ചയെ തുടർന്ന് സംഘടന മുന്നോട്ടു വെച്ച ഭൂരിഭാഗം ആവശ്യങ്ങളിലും അനുകൂല നിലപാട് സ്വീകരിക്കുവാൻ ബോർഡ് മാനേജ്മെന്റ് തയ്യാറായി. സമരം ഒത്തുതീർപ്പാക്കുവാൻ സിഐടിയു സെന്ററിന്റെയും ജനറൽ സെക്രട്ടറി സ:എളമരം കരീം എം.പിയുടെയും ഇടപെടൽ സംഘടനയ്ക്ക് ആവേശം നൽകുന്നതായിരുന്നു.